# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

## ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,

**റ്റി. കെ. ഏബ്രഹാം**

## അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു” (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ ‘പുതിയനിയമ പഠനസഹായി’ എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ ‘പുതിയനിയമ പഠനസഹായി’യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# മത്തായി എഴുതിയ സുവിശേഷം

യേശുവിനെ യെഹൂദന്മാരുടെ രാജാവായി അവതരിപ്പിക്കുന്ന സുവിശേഷ മാണ് മത്തായിയുടെ സുവിശേഷം. റോമൻ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യെഹൂദന്മാർ അവരുടെ മശിഹയ്ക്കുവേണ്ടി, വീണ്ടെടുപ്പുകാരനുവേണ്ടി കാത്തിരുന്നു. പഴയനിയമപ്രവചനങ്ങളുടെ നിവൃത്തിയായി ക്രിസ്തു ജനിച്ചി രിക്കുന്നു എന്ന സത്യം പ്രസ്താവിച്ചുകൊണ്ടാണ് ഈ സുവിശേഷം ആരംഭിക്കുന്നത്. കൂടാതെ പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി മത്തായിയുടെ സുവിശേഷം നിലകൊ ള്ളുന്നു. യേശുവിന്റെ വംശാവലി, സ്നാനം, ഉപദേശങ്ങൾ, അത്ഭുതപ്രവൃത്തികൾ, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വിഷയങ്ങൾ ഈ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് അവൻ ജീവിക്കുന്ന രാജാവാകുന്നു എന്ന സത്യം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ രാജകീയ വംശപാരമ്പര്യം അവൻ ദാവീദിന്റെ സിംഹാസനത്തിനു യോഗ്യനായ നിത്യരാജാവാണെന്നു തെളിയിക്കുന്നു.

ക്രിസ്തുവിന്റെ അപ്പൊസ്തലനായ മത്തായിയാണ് ഗ്രന്ഥകാരൻ. യെഹൂദന്മാർക്ക് നിഷിദ്ധമായിരുന്ന ചുങ്കം പിരിക്കുന്നവൻ ആയിരുന്നു അവൻ. എന്നാൽ യേശു അവനെ തന്നെ അനുഗമിക്കുവാൻ ക്ഷണിച്ചു. അവൻ സകലവും വിട്ട് കർത്താവിനെ അനുഗമിച്ചു. അവൻ കർത്താവിനെ ഭവനത്തിൽ സ്വീകരിച്ചു. കർത്താവിനു വിരുന്നൊരുക്കി. തന്റെ സ്നേഹിതരെയും ബന്ധുക്കളെയും വിരുന്നിനു ക്ഷണിച്ചു. കർത്താവിന് അവരെ പരി ചയപ്പെടുത്തി. അവന്റെ കഴിവുകൾ കർത്താവിനെ പ്രസിദ്ധമാക്കുവാൻ ഉപയോഗിച്ചു. ഒരു വാക്കുപോലും തന്നെക്കുറിച്ച് പറയാതെ ക്രിസ്തുവിനെ പ്രസിദ്ധമാക്കുന്ന മഹനീയ ശുശ്രൂഷ അവസാനത്തോളം നിർവ്വഹിച്ച ക്രിസ്തുവിന്റെ ഉത്തമഭടനായിരുന്നു മത്തായി. സുവിശേഷം എവിടെയെല്ലാം ഘോഷിക്കുന്നുവോ അവിടെയെല്ലാം മത്തായി ഇന്നും കർത്താവിനെ സാക്ഷിച്ചുകൊണ്ടിരിക്കുന്നു.

### മത്തായി എഴുതിയ സുവിശേഷത്തിന്റെ രൂപരേഖ

1. യേശുക്രിസ്തുവിന്റെ വംശാവലി - അദ്ധ്യായം 1
2. ക്രിസ്തുവിന്റെ ശൈശവകാലം - 2
3. പരസ്യശുശ്രൂഷയ്ക്കുള്ള ഒരുക്കം - 3, 4
4. ദൈവരാജ്യത്തിന്റെ വ്യവസ്ഥകൾ, പ്രമാണങ്ങൾ - 5-7
5. ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളും ജനത്തിന്റെ പ്രതികരണവും- 8:1-9:35
6. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരെ യിസ്രായേലിൽ പ്രസംഗിക്കുവാൻ നിയോഗിക്കുന്നു - 9:36-10:42
7. യോഹന്നാന്റെ സംശയവും ക്രിസ്തുവിന്റെ സാക്ഷ്യവും - 11
8. ക്രിസ്തുവിനോടുള്ള മത്സരം 12-19
9. ക്രിസ്തുവിന്റെ യെരൂശലേംനഗര പ്രവേശനം - 20-25
10. ക്രിസ്തുവിന്റെ ന്യായവിസ്താരവും മരണവും - 26-27
11. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് - 28

**അദ്ധ്യായം 1**

### യേശുക്രിസ്തുവിന്റെ വംശാവലി (1:1-17)

യേശുവിന്റെ ജനനം ഒരു പ്രവചനനിവൃത്തിയായിരുന്നു (യെശ. 7:14). യേശുവിന്റെ വംശാവലി വിശദീകരിച്ചുകൊണ്ട് അവൻ ദാവീദിന്റെ സിംഹാസനത്തിനു യോഗ്യനാണെന്ന് ഇവിടെ തെളിയിച്ചിരിക്കുന്നു. ആദ്യത്തെ പതിനേഴു വാക്യങ്ങളിൽ 2000 വർഷത്തെ സംക്ഷിപ്ത ചരിത്രം കാണാം. അബ്രഹാം മുതൽ യോസേഫ് വരെയുള്ള വംശാവലി ക്രമമായി രേഖപ്പെടു ത്തിയ ശേഷം മറിയയിൽനിന്നും ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ യേശുവിനെ ജനിപ്പിച്ചു എന്നു പറയാതെ അവൻ ജനിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധേയമത്രെ. രണ്ടാം അദ്ധ്യായത്തിൽ വിദ്വാന്മാർ അന്വേഷിച്ചത് യെഹൂദന്മാരുടെ രാജാവായി പിറന്നവനെയാണ് (2:2). ക്രിസ്തു ജനിച്ചിട്ട് രാജാവായി തീർന്നവനല്ല, പ്രത്യുത രാജാവായി പിറന്നവനാണ്. ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരുന്നവർ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്യുന്നവരായിരുന്നു. അവരിൽ നാലു സ്ത്രീകളുടെ പേരുകൾ കാണാം. താമാർ, രാഹാബ്, രൂത്ത്, ഊരീയാവിന്റെ ഭാര്യ. അവർ പുറജാതിയിൽപ്പെട്ടവരും പാപപങ്കിലമായ ജീവിതം നയിച്ചവരുമായിരുന്നു. എന്നാൽ അവരുടെമേൽ ദൈവത്തിന്റെ ദയയുടെ പ്രകാശനം ഉണ്ടായി. തൽഫലമായി അവർ മാന്യരും ദൈവത്തിനു പ്രിയരും ആകുവാൻ ഇടയായി. ക്രിസ്തുവിനോട് ബന്ധപ്പെടുമ്പോൾ നാം ദൈവദൃഷ്ടിയിൽ വിലയേറിയവരാകും. പഴയനിയമ വംശാവലികൾ മരണത്തിൽ അവസാനിക്കുമ്പോൾ ക്രിസ്തുവിന്റെ വംശാവലി നിത്യജീവന്റെ സൗഭാഗ്യത്തിലേക്ക് നമ്മെ നടത്തുന്നു (ഉല്പ. 5:5, 1 കൊരി. 15:45).

### യേശുവിന്റെ ജനനം (1:18-25)

യോസേഫിനു വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയായ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. ഇതറിഞ്ഞ യോസേഫ് മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. എന്നാൽ ദൈവദൂതൻ തക്കസമയത്ത് യോസേഫിന് പ്രത്യക്ഷപ്പെടുകയും മറിയയിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആണെന്ന് അറിയിക്കുകയും ചെയ്തു. അവനു യേശു എന്നു പേർ ഇടണം എന്നും അരുളിച്ചെയ്തു. യോസേഫ് അതനുസരിച്ചു. യേശു എന്ന പേരിന്റെ അർത്ഥം രക്ഷിതാവ് എന്നാണ്. മത്തായി 1:22-ാം വാക്യം പഴയനിയമ ഉദ്ധരണിയാണ് (യെശ. 7:14). കർത്താവ് യെശയ്യാവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതാണ് ക്രിസ്തുവിന്റെ ജനനത്തിൽ നിവൃത്തിയായത്. മോശെ തുടങ്ങി സകല പ്രവാചകന്മാരും ആരെക്കുറിച്ച് തിരുവെഴു ത്തുകളിൽ രേഖപ്പെടുത്തിയോ ആ വ്യക്തിയാണ് ബേത്ത്ലഹേമിലെ പുൽ ത്തൊട്ടിയിൽ ജനിച്ച യേശു (ലൂക്കൊ. 24:27). അവൻ ദൈവം മനുഷ്യനായി അവതരിച്ച ഇമ്മാനുവേൽ ആകുന്നു. മറിയ ഗർഭിണിയായത് അത്ഭുത സംഭവമായിരുന്നു. എന്നാൽ അവൾ മകനെ പ്രസവിച്ചത് സാധാരണ സംഭവമാണ്. യേശുവിനെ പ്രസവിച്ച ശേഷം യോസേഫ് മറിയയെ വിവാഹം കഴിച്ചു. മറിയയെ അപമാനത്തിൽനിന്നും വിടുവിക്കുകയും യേശു പ്രവചന നിവൃത്തിയായി ജനിക്കുകയും ചെയ്ത സംഭവത്തിൽ ദൈവത്തിന്റെ കരുതലുകൾ ദൃശ്യമാണ്.

## അദ്ധ്യായം 2

### യേശുവിന്റെ ശൈശവകാലം

### വിദ്വാന്മാരുടെ സന്ദർശനം (2:1-12)

യെരൂശലേമിന് 9 കിലോമീറ്റർ തെക്കായി സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് ബേത്ത്ലഹേം. വളരെ ഫലഭൂയിഷ്ഠമായൊരു സ്ഥലമായിരുന്നു അത്. അതിനു ചുറ്റുമുള്ള മൈതാനപ്രദേശങ്ങളിൽ ആട്ടിൻകൂട്ടങ്ങളെ മേയിച്ചിരുന്നു. ഇതിനെ അപ്പത്തിന്റെ വീട് എന്ന് വിളിച്ചുപോന്നിരുന്നു. എഫ്രാത്ത്, ദാവീദിന്റെ പട്ടണം എന്നും ഇതിന് പേരുണ്ട്. യേശുവിന്റെ ബേത്ത്ലഹേമിലെ ജനനം ഒരു പ്രവചനനിവൃത്തിയായിരുന്നു (മീഖാ 5:2). യേശു ജനിച്ചു കുറച്ചു നാളുകൾക്ക് ശേഷം വിദ്വാന്മാർ കിഴക്കുനിന്നും വന്നു. അവർ യേശുവിനെ കാണുമ്പോൾ ഏകദേശം രണ്ടുവയസ്സ് പ്രായമുണ്ടായിരുന്നു. അപ്പോൾ വഴിയ മ്പലത്തിലല്ല പ്രത്യുത വീട്ടിൽ വസിക്കുന്ന ശിശുവിനെ അവർ കണ്ടു പൊന്നും കുന്തിരിക്കവും മൂരും കാഴ്ച വച്ച് വീണു നമസ്കരിച്ചു. ഈ വിദ്വാന്മാർ തത്ത്വജ്ഞാനികളായിരുന്നു. എന്നാൽ തിരുവെഴുത്തുകളിൽ അജ്ഞരാണ്. ഇന്നും തത്ത്വജ്ഞാനികൾ യേശുവിനെ അന്വേഷിക്കുന്നത് ഹെരോദാവിന്റെ കൊട്ടാരത്തിൽ ആണ്. ദൈവവചന കേൾവി അവരെ യേശുവിങ്കലേക്ക് നയിച്ചു. അവർ അവനെ കണ്ട് സന്തോഷിച്ചു. യെഹൂദന്മാരുടെ രാജാവായി ജനിച്ച ക്രിസ്തുവിനെ തിരിച്ചറിയുവാനോ, ആദരിക്കുവാനോ, ആരാധിക്കുവാനോ അന്നത്തെ യെഹൂദാരാജാവിനോ, മതനേതാക്കളായ ശാസ്ത്രിമാർക്കോ, പുരോഹിതന്മാർക്കോ കഴിഞ്ഞില്ല. വിദ്വാന്മാർ ക്രിസ്തുവിനെ ദൈവവും രാജാവുമായി അംഗീകരിച്ചു. അവൻ മാത്രം ആരാധ്യനാകുന്നു.

### മിസ്രയീമിലേക്കുള്ള ഓടിപ്പോക്ക് (2:13-23)

യെഹൂദന്മാരുടെ രാജാവായിരുന്ന ഹെരോദാവ് ക്രൂരനും അസാന്മാർ ഗ്ഗിയും ആയിരുന്നു. യേശുവിന്റെ ജനനം അവനിൽ ഭയവും അസൂയയും ഉളവാക്കി. യേശുവിനെ കൊല്ലുവാൻ അവൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. രണ്ടുവയസ്സിനു താഴെയുള്ള ആൺകുട്ടികളെ കൊല്ലുവാൻ ഹെരോദാവു കല്പന പുറപ്പെടുവിച്ചു. എന്നാൽ ദൈവം തന്റെ അഭിഷിക്തനെ സൂക്ഷിക്കുവാൻ മിസ്രയീം തിരഞ്ഞെടുത്തു. അതും ഒരു പ്രവചനനിവൃത്തിയായിരുന്നു (ഹോശേ. 11:1). ശിശുവിനെയുംകൊണ്ട് മാതാപിതാക്കൾ മിസ്രയീമിലേക്ക് ഓടിപ്പോയി. വിദ്വാന്മാർ കാഴ്ചവച്ച പൊന്ന് അതിന് ഉപകരിച്ചു എന്ന് കരുതാം. ദൈവം തന്റെ മക്കൾക്കുവേണ്ടി എന്നും കരുതുന്നവനും അത്ഭുതം പ്രവർത്തിക്കുന്നവനുമാണ്. അങ്ങനെ യേശു തന്റെ ബാല്യകാലം മിസ്രയീ മിൽ കഴിച്ചു. ഏതുകാലത്തും ദൈവത്തിന് എതിരായി മനുഷ്യർ മത്സരിക്കുന്നതായി കാണാം. എന്നാൽ ദൈവത്തിന്റെ പദ്ധതിക്ക് യാതൊരു ഭംഗവും സംഭവിക്കുന്നില്ല എന്ന സത്യം ഇവിടെ വ്യക്തമാകുന്നു. ഹെരോദാവിന്റെ മരണശേഷം ദൂതന്റെ കല്പനപ്രകാരം യോസേഫ് യേശുവിനെയുംകൊണ്ട് ഗലീലയിലെ നസറെത്തിൽ വന്നു പാർത്തു. യേശുവിനെ നസറായൻ എന്നു പേർ വിളിക്കുവാൻ ഇത് കാരണമായി. നസറായൻ എന്ന പേര് ക്രിസ്തുവിന്റെ ലളിതജീവിതപശ്ചാത്തലം ചൂണ്ടിക്കാണിക്കുന്നു.

## അദ്ധ്യായം 3

### യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയും

### യേശുവിന്റെ സ്നാനവും (3:1-17)

യേശു മുപ്പതാമത്തെ വയസ്സിൽ തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചു. ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ അതിനുള്ള ഒരുക്കമായിരുന്നു. മശിഹയെ സ്വീകരിക്കുവാൻ ജനത്തെ ഒരുക്കുന്ന

പ്രവൃത്തി എത്ര ശ്രേഷ്ഠമാകുന്നു. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ' എന്നവൻ പ്രസംഗിച്ചു. യോഹന്നാൻ ലളിതജീവിതം നയിച്ചിരുന്ന ഒരു പ്രവാചകനായിരുന്നു. അവൻ മുഖം നോക്കാതെ ജനത്തോട് മാനസാന്തരത്തെക്കുറിച്ച് സംസാരിച്ചു. മാനസാന്തരംകൊണ്ടുള്ള വിവക്ഷ പാപവഴികളെ ഉപേക്ഷിച്ച് മനംതിരിയുക എന്നത്രെ. ക്രിസ്തുവിൽ വിശ്വസി ക്കുവാൻ മാനസാന്തരം ആവശ്യമാണ്. യോഹന്നാൻ സ്നാപകന്റെ പ്രസംഗം ജനത്തിന് ഉണർവ്വുണ്ടാക്കി. ഉണർവ്വ് എന്നത് തങ്ങളുടെ പാപങ്ങളെ ഏറ്റുപറയുകയും ക്രിസ്തുവിനെ ജീവിതത്തിൽ വ്യക്തിപരമായി കൈക്കൊള്ളുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന സമൂലപരിവർത്തനമാണ്. യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയ്ക്കിടയിൽ ക്രിസ്തുവും സ്നാനപ്പെട്ടു. അവനു മാനസാന്തരത്തിന്റെ ആവശ്യമില്ല. അവന്റെ സ്നാനം സകല നീതിയും നിവർത്തിക്കുവാൻ ഉള്ളതായിരുന്നു. മനുഷ്യവർഗ്ഗത്തോട് താദാത്മ്യം പ്രാപിക്കുന്ന പ്രവൃത്തിയായിരുന്നു ക്രിസ്തുവിന്റെ സ്നാനം. അതുപോലെ തന്നെ തന്റെ ക്രൂശുമരണത്തെയും അത് ചൂണ്ടിക്കാണിക്കുന്നു. നാം നീതീകരിക്കപ്പെടുന്നത് ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുമ്പോൾ ആണല്ലോ. യോഹന്നാൻ ക്രിസ്തുവിനെ പാപം വഹിക്കുന്ന കുഞ്ഞാടായി ചൂണ്ടിക്കാണിച്ചതും ഈ സന്ദർഭത്തിലത്രെ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങൾ ഒരുമിച്ച് സമ്മേളിച്ചതും ഇവിടെ കാണാം. ക്രിസ്തുവിന്റെ 30-ാം വയസ്സുവരെയുള്ള ജീവിതത്തെക്കുറിച്ച് പിതാവിന്റെ സാക്ഷ്യവും തുടർന്നു പരസ്യശുശ്രൂഷയ്ക്കുള്ള പരിശുദ്ധാത്മാവിന്റെ ആഹ്വാനവും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

## അദ്ധ്യായം 4

### യേശുവിന്റെ പരീക്ഷ (4:1-11)

യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. ക്രിസ്തു സമ്പൂർണ്ണനാകുന്നു എന്നു തെളിയിക്കാനുള്ളതായിരുന്നു ഈ പരീക്ഷകൾ. ക്രിസ്തുവിന്റെ സ്നാനവേളയിൽ പിതാവ് ക്രിസ്തുവിന്റെ സമ്പൂർണ്ണത സാക്ഷിച്ചതാണ്. ഈ പരീക്ഷയിലുള്ള വിജയം  മനുഷ്യൻ ക്രിസ്തുവിന്റെ സമ്പൂർണ്ണത അംഗീകരിക്കുവാനുള്ളതായിരുന്നു. ഒന്നാമത്തെ ആദാം പരീക്ഷയിൽ പരാജയ പ്പെട്ടു. എന്നാൽ ഒടുക്കത്തെ ആദാമായ ക്രിസ്തു പ്രതികൂലസാഹചര്യത്തിൽ ആയിരുന്നിട്ടുപോലും സാത്താനെ പരാജയപ്പെടുത്തി (1 കൊരി. 15:45). മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് ഘടകങ്ങളുടെ സംയോജനമാണ് (1 കൊരി. 15:45). അപ്പം ദേഹത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ക്രിസ്തു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നവനാണ്. അതുകൊണ്ട് തന്റെ ശരീരത്തിന് ആവശ്യമുള്ളത് പിതാവ് നൽകും എന്നുള്ള സത്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ജീവന്റെ അപ്പമായ ക്രിസ്തുവിന് കല്ല് അപ്പമാക്കിക്കൊണ്ട് വിശപ്പ് തീർക്കുവാൻ ആവശ്യമില്ല എന്നു ക്രിസ്തു തെളിയിച്ചു.

ദൈവാലയത്തിന്റെ അഗ്രത്തിന്മേൽനിന്ന് താഴോട്ടു ചാടി താൻ ദൈവപുത്രനാണെന്ന് തെളിയിക്കുവാനുള്ള വെല്ലുവിളിയായിരുന്നു രണ്ടാമത്തെ പരീക്ഷ. സ്വന്തകഴിവ് പ്രദർശിപ്പിക്കുന്ന മനസ്സിന്റെ പ്രേരണയെ ആണ് ഈ പരീക്ഷ കാണിക്കുന്നത്. ദൈവഹിതത്തിനു വിപരീതമായി ദൈവത്തെ പരീക്ഷിക്കുന്നത് പാപമാകുന്നു എന്നുള്ള സത്യം ഇവിടെ വ്യക്തമാക്കിയിരി ക്കുന്നു.

മൂന്നാമത്തെ പരീക്ഷ, 'വീണ് എന്നെ നമസ്കരിക്ക' എന്നതായിരുന്നു. ആരാധിക്കുന്ന ഹൃദയത്തിന്റെ അവസ്ഥയെയാണ് പിശാച് ഇവിടെ സ്പർശിക്കുന്നത്. ക്രിസ്തുവിന്റെ മറുപടി 'സാത്താനേ, എന്നെ വിട്ടു പോ' എന്നതായിരുന്നു. സാത്താനെ ശാസിക്കുവാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ. ക്രിസ്തു ആദ്യം കഷ്ടം സഹിച്ച ശേഷം മഹത്വത്തിൽ പ്രവേശിക്കണം എന്നുള്ളത് ദൈവനിയോഗമായിരുന്നു. എന്നാൽ സാത്താൻ ഒരു കുറുക്കുവഴി പറയുന്നു. ദൈവഹിതത്തിന് വിപരീതമായി ചെയ്യുന്നതൊക്കെയും പാപമാകുന്നു. കൂടാതെ ദൈവം മാത്രം ആരാധ്യനായിരിക്കുമ്പോൾ സാത്താൻ ആരാധന ആവശ്യപ്പെടുന്നു. ഈ പരീക്ഷയെ ക്രിസ്തു തിരുവെഴുത്തുകൾ കൊണ്ടു നേരിട്ടു പരാജയപ്പെടുത്തി (ആവ. 6:13). ആരാധനയും ദൈവസേവയും ഒരുപോലെ പോകുന്ന കാര്യങ്ങളാണ്. ലോകത്തെ സ്നേഹിക്കുന്നവർ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നീ പരീക്ഷകൾ ക്ക് വിധേയരാകുന്നതാണ് (1 യോഹ. 2:16). നാം പരീക്ഷിക്കപ്പെടുന്നതു പാപമല്ല. എന്നാൽ അതിന് മനസ്സുവെക്കുമ്പോൾ നാം പരാജയപ്പെടുന്നു. ക്രിസ്തു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നവനാണ്. അവൻ പിശാചിന്റെ ഹിത ത്തിന് വഴങ്ങിയില്ല. അവനു നമ്മെ പരീക്ഷകളിൽ സഹായിക്കുവാൻ കഴിയും (എബ്രാ. 2:16-18).

### ക്രിസ്തുവിന്റെ പ്രാരംഭശുശ്രൂഷ (4:12-25)

ക്രിസ്തുവിന്റെ പരീക്ഷയ്ക്കും മത്തായി 4:12 നുമിടയ്ക്ക് സംഭവിച്ച കാര്യങ്ങൾ നാം യോഹന്നാന്റെ സുവിശേഷം 1:19 മുതൽ 3:36 വരെ കാണുന്നു. കർത്താവിന്റെ ഗലീലയിലെ പരസ്യശുശ്രൂഷ ഇവിടെ ആരംഭിക്കുന്നു. അതിനായി നസറെത്തിൽനിന്നും കഫർന്നഹൂമിലേക്ക് ക്രിസ്തു താമസം മാറ്റി. അത് ആത്മിക അന്ധതയിൽ കഴിഞ്ഞിരുന്നു. യെശയ്യാവ് 9:1,2 ലെ പ്രവചനനിവൃത്തി ഉണ്ടാകുവാൻ ക്രിസ്തുവിന്റെ കഫർന്നഹൂമിലെ വാസം കാരണമായി. ക്രിസ്തു ചെയ്ത പ്രഭാഷണങ്ങളും അത്ഭുതപ്രവൃ ത്തികളും ഇരുട്ടിൽ ഇരുന്ന ജനം വെളിച്ചം കാണുവാൻ മുഖാന്തരമായി. ഈ സന്ദർഭത്തിലാണ് ക്രിസ്തു പത്രൊസ്, അന്ത്രെയാസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്തത്. അവർ സകലവും ഉപേക്ഷിച്ചിട്ട് കർത്താവിനെ അനുഗമിച്ചു. ക്രിസ്തുശിഷ്യന്മാർ ആകുവാനുള്ള മാതൃക ഇവിടെ കാണാം. അവർ മുക്കുവർ ആയിരുന്നു. കഠിനപ്രയത്നം, ധൈര്യം, ക്ഷമ, സഹകരണമനോഭാവം, വിശ്വാസം എന്നീ ഗുണവിശേഷങ്ങൾ മുക്കുവരിൽ കാണാം. ദൈവരാജ്യ

ത്തിലേക്ക് ആത്മാക്കളെ നേടുവാൻ ഈ ഗുണവിശേഷങ്ങൾ ആവശ്യമാകുന്നു. അവർ കർത്താവിൽനിന്നും പഠിക്കുകയും അവന്റെ മാതൃക അനുകരിക്കുകയും ചെയ്തു. യേശു, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവാൻ ജനത്തെ ആഹ്വാനം ചെയ്തു. ദൈവരാജ്യവും സ്വർഗ്ഗരാജ്യവും ഒന്നാണ്. രാജ്യം കൊണ്ടുള്ള വിവക്ഷ ഭരണം, ആധിപത്യം എന്നിവയാണ്. ദൈവം നിയന്ത്രിക്കുന്ന ജീവിതം ഉള്ളവരാണ് ദൈവരാജ്യത്തിന്റെ പൗരന്മാർ. ഇന്നു ദൈവരാജ്യം ഒരു ആത്മിക അനുഭവമാണ് (റോമർ 14:17). ആസന്നഭാവിയിൽ ദൈവരാജ്യം ഒരു യാഥാർത്ഥ്യമായിത്തീരും.

## അദ്ധ്യായം 5

### ദൈവരാജ്യത്തിന്റെ പ്രായോഗിക പ്രമാണങ്ങൾ

മത്തായി 5, 6, 7 എന്നീ അദ്ധ്യായങ്ങളെ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ അനുയായികൾക്ക് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ് ഈ പ്രഭാഷണത്തിലെ പ്രതിപാദ്യം. ഇതൊരു പരസ്യപ്രഖ്യാപനമായിരുന്നു. ഒരു രാജാവിന്റെ നയപ്രഖ്യാപന പ്രസംഗമെന്നിതിനെ വിളിക്കാം. ക്രിസ്തു മതനേതാക്കന്മാരെ പോലെയല്ല, അധികാരമുള്ളവനായിട്ടത്രെ ഉപദേശിച്ചത്. അവന്റെ ഉപദേശത്തിൽ ജനം വിസ്മയിച്ചു. ഇന്നും ദൈവാത്മശക്തിയിൽ വചനം ഘോഷിക്കുമ്പോൾ ഈ സവിശേഷതകൾ ദർശിക്കാവുന്നതാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ നീതി മതഭക്തന്മാരായ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതായിരിക്കണം (5:20).

നിത്യസൗഭാഗ്യത്തിന്റെ വർണ്ണനയോടുകൂടെയാണ് ക്രിസ്തു പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത്. ആരാണ് ഭാഗ്യവാന്മാർ എന്ന് ക്രിസ്തു പ്രാരംഭമായി പ്രസ്താവിച്ചു. ഇവിടെ ഭാഗ്യവാന്മാർ എന്ന വാക്കുകൊണ്ടുള്ള ആശയം ദിവ്യസന്തോഷവും സംതൃപ്തിയും ഉള്ളവരെന്നാണ്. ആത്മീയ സന്തോഷം ഉള്ളവർ ആകുവാൻ നാം നമ്മുടെ ആത്മീയ നിജസ്ഥിതി സമ്മതിക്കുന്നവർ ആകണം. ദൈവസന്നിധിയിൽ താഴുന്നവർ ഉയർത്തപ്പെടും. പാപത്തോടുള്ള നമ്മുടെ മനോഭാവം നമ്മുടെ സന്തോഷത്തിനു കാരണമായി ഭവിക്കും. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവർ സമാധാനവും സന്തോഷവും ഉള്ളവരാകും. ദുഃഖം എന്ന വാക്കുകൊണ്ടുള്ള ആശയം പാപത്തെക്കുറിച്ചുള്ള അനുതാപം എന്നാണ്. സൗമ്യത ദൈവസന്നിധിയിൽ താഴുവാനുള്ള മനോഭാവത്തെ കാണിക്കുന്നു. സൗമ്യത ബലഹീനതയല്ല പ്രത്യുത ദൈവം പ്രവർ ത്തിക്കുവാൻ വിധേയപ്പെടുന്ന മനസ്സിന്റെ അവസ്ഥയാകുന്നു. നീതീകരിക്കപ്പെട്ടവരും നീതിപൂർവ്വം ജീവിക്കുന്നവരും ദിവ്യസന്തോഷം അനുഭവിക്കും. കരുണയും ഹൃദയശുദ്ധിയും സമാധാനവുമുള്ള ജീവിതമെത്ര ധന്യമാണ്. നീതി നിമിത്തം കഷ്ടം സഹിക്കേണ്ടിവരുമ്പോൾ സന്തോഷിക്കുവാൻ കഴിയണം. ന്യായപ്രമാണത്താൽ ആരും നീതീകരിക്കപ്പെടുന്നില്ല. എല്ലാ കല്പനകളുമനുസരിച്ച ഏകവ്യക്തി ക്രിസ്തു മാത്രമാണ്. അവന്റെ ജനനം, ജീവിതം, മരണം എന്നിവ ന്യായപ്രമാണത്തിന്റെ നിവൃത്തിയായിരുന്നു. ക്രിസ്തു ന്യായപ്രമാണം ആവശ്യപ്പെടുന്നതെല്ലാം നിവർത്തിച്ചു. അവനിൽ വിശ്വസിക്കുന്നവർക്ക് നീതീകരണമുണ്ട് (റോമർ 5:1). ക്രിസ്തുവിന്റെ ശക്തി നമ്മിൽ പ്രവർത്തിക്കുമ്പോൾ ദൈവരാജ്യത്തിലെ സൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ നമുക്ക് കഴിയും (റോമർ 14:17).

ക്രിസ്തുവിന്റെ പ്രഭാഷണം അധികാരത്തോടുകൂടെയായിരുന്നു. അന്നത്തെ മതനേതാക്കൾ തിരുവെഴുത്തുകളെ കോട്ടിക്കളഞ്ഞു. അവയെ കേവലം മാനുഷികസമ്പ്രദായങ്ങളായി മാറ്റിയിരുന്നു. ക്രിസ്തു അതിനെ ശാസിച്ചു. “ഞാനോ നിങ്ങളോട് പറയുന്നു” എന്നു ക്രിസ്തു ആവർത്തിച്ചു പ്രഖ്യാപിച്ചു. ക്രിസ്തു ദൈവം തന്നെയാണ് എന്നുള്ളതിന് അതൊരു തെളിവാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ ന്യായപ്രമാണത്തിലെ കല്പനകൾ പരിശുദ്ധാത്മശക്തിയാൽ അനുസരിക്കുന്നു. പുതിയനിയമത്തിൽ ശബ്ബത്ത് ഒഴികെയുള്ള കല്പനകൾ ആചരിക്കുവാൻ ഉൽബോധിപ്പിക്കുന്നുണ്ട്. ദൈവമക്കൾ പ്രശ്നങ്ങൾ പറഞ്ഞുതീർത്തു സമാധാനമായി ജീവിക്കണം. അപ്പോൾ മാത്രമേ അവരുടെ ആരാധനയും ശുശ്രൂഷയും ദൈവത്തിനു പ്രസാദമാകുകയുള്ളൂ. നമ്മുടെ ചിന്തകൾ ദൈവപ്രസാദമുള്ളതായിരിക്കണം. ദുഷ്ടചിന്തകൾ വ്യഭിചാരം, കൊലപാതകം എന്നീ പ്രവൃത്തികൾ ചെയ്യുവാൻ പ്രേരിപ്പിക്കും. നമ്മുടെ ഹൃദയം ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരിക്കണം (കൊലൊ. 3:5, റോമർ 13:14). ബൈബിൾ വിവാഹമോചനം അനുവദിക്കുന്നില്ല. നാം അപമാനിതരായാലും മറ്റുള്ളവരെ അപമാനിക്കരുത്. നമ്മുടെ വാക്ക് എപ്പോഴും സത്യമായിരിക്കണം. നാം ശത്രുക്കളെ സ്നേഹിക്കുന്നവർ ആയിരിക്കണം. നാം ദൈവമക്കൾ ആകുന്നു എന്നുള്ളതിന്റെ തെളിവാകുന്നു അത്. ആത്മികപക്വതയും ഫലകരമായ സാക്ഷ്യജീവിതവും മറ്റുള്ളവരോടുള്ള സ്നേഹം വ്യക്തമാക്കുന്നു. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന വിധം നാം വളരുന്ന അനുഭവമത്രെ സൽഗുണപൂർണ്ണരാകുക എന്നുള്ള കല്പനയിൽ ഉൾക്കൊണ്ടിരിക്കുന്നത്.

## അദ്ധ്യായം 6

നമ്മുടെ ജീവിതത്തിൽ പാലിക്കുവാൻ ആവശ്യമുള്ള അനവധി പ്രായോഗിക സത്യങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം. 6:1-18 വരെ ദൈവത്തോടു ബന്ധപ്പെട്ട നമ്മുടെ ഉത്തരവാദിത്വങ്ങൾ കാണാം. 6:19-34 വരെ വസ്തുമയമായ കാര്യങ്ങളോടുണ്ടാകേണ്ട നമ്മുടെ മനോഭാവം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ അദ്ധ്യായത്തിൽ കപടഭക്തിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു (6:2,5,16).

### ഭിക്ഷ കൊടുക്കേണ്ട വിധം (6:1-4)

പരീശന്മാർ ഭിക്ഷ കൊടുക്കുന്നതിൽ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു. മനുഷ്യരാലുള്ള മാനം ലഭിക്കേണ്ടതിനായിരുന്നു അതു ചെയ്തിരുന്നത്. ക്രിസ്തു അതിനെ ശാസിച്ചു. നാം പരോപകാരപ്രവൃത്തികൾ ചെയ്യുമ്പോൾ ദൈവ മഹത്വം നമ്മുടെ ലക്ഷ്യമായിരിക്കണം. സ്വാർത്ഥതാൽപര്യങ്ങൾ മുൻനിർത്തി ചെയ്യുന്ന പ്രവൃത്തികളിൽ ദൈവം പ്രസാദിക്കുന്നില്ല. രഹസ്യമായും പരസ്യമായും ഭിക്ഷ കൊടുത്താലും അതിന്റെ പിമ്പിലുള്ള മനോഭാവമാണ് പ്രാധാന്യം.

### എങ്ങനെ പ്രാർത്ഥിക്കണം (6:5-15)

പ്രാർത്ഥിക്കുവാനുള്ള പദവി ലഭിച്ചവരാണ് ദൈവമക്കൾ (റോമർ 8:15,16). നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ, പിതാവിനോട് അറിയിക്കുന്നതാണ് പ്രാർത്ഥന. രഹസ്യമായി പ്രാർത്ഥിക്കുന്ന പരിചയം നമുക്കുണ്ടായിരിക്കണം. പരസ്യമായി പ്രാർത്ഥിക്കുവാനുള്ള ആന്തരിക പ്രേരണ അപ്പോൾ നമുക്കുണ്ടാകുന്നതാണ്. ആത്മാർത്ഥതയും ആവശ്യബോധവും വിശ്വാസവും നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടായിരിക്കണം. അല്ലാതുള്ള പ്രാർത്ഥന വെറും ജല്പനം മാത്രമാണ്. അങ്ങനെയുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കയില്ല. ദൈവഹിതം നടക്കുവാൻ പ്രാർത്ഥിക്കുക. പ്രാർത്ഥനയ്ക്കുള്ള മാതൃക ക്രിസ്തു ശിഷ്യന്മാർക്കു നൽകി. ദൈവമക്കൾക്കുള്ള ബന്ധം ഈ പ്രാർത്ഥനയിൽ കാണാം. അവർ തമ്മിൽ ഭിന്നതയും പ്രയാസവും ഉള്ളപ്പോൾ പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല (1 പത്രൊ. 3:7). പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. ദൈവഹിതത്തിനു വിപരീതമായ യാതൊന്നും നാം അപേക്ഷിക്കുന്നവർ ആകരുത് (യാക്കോ. 4:1-3). നമ്മുടെ ശാരീരികവും ആത്മികവും വസ്തുമയവുമായ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കണം. ദൈവം ആരെയും ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല (യാക്കോ. 1:13). അങ്ങനെയുള്ള സാഹചര്യങ്ങളിൽ എത്താതെ സൂക്ഷിക്കുവാൻ നാം പ്രാർത്ഥിക്കണം.

### എങ്ങനെ കുറവുകൾ ക്ഷമിക്കണം (6:14,15)

ക്രിസ്തു നമ്മുടെ കുറവുകൾ ക്ഷമിച്ചിരിക്കയാൽ നാമും മറ്റുള്ളവരുടെ കുറവുകൾ ക്ഷമിക്കുന്നവരായിരിക്കണം (എഫെ. 4:32). മത്തായി 18-ാം അദ്ധ്യായത്തിൽ കർത്താവ് ഒരു ഉപമയിൽക്കൂടി ഈ സത്യം വ്യക്തമാക്കിയിട്ടുണ്ട്. അല്ലാതുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നില്ല.

### എങ്ങനെ ഉപവസിക്കണം (6:16-18)

ദൈവം യിസ്രായേലിനു നൽകിയിരുന്ന കല്പനയായിരുന്നു അവർ ആത്മതപനം ചെയ്യണമെന്നുള്ളത് (ലേവ്യ 23:27). എന്നാൽ ക്രിസ്തുവിന്റെ കാലത്ത് അത് ഒരു മതത്തിന്റെ ചടങ്ങായി മാറിയിരുന്നു. പരീശന്മാർ ആഴ്ചയിൽ രണ്ടുവട്ടം ഉപവസിച്ചിരുന്നു (ലൂക്കൊ. 18:12). അവരുടെ ഭക്തി പ്രദർശിപ്പിക്കുവാനും മനുഷ്യരാലുള്ള മാനം ലഭിക്കുവാനുമാണ് അവർ അത് ചെയ്തത്. ക്രിസ്തു അതിനെ ശാസിച്ചു. ഉപവസിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതിന്റെ ഉദ്ദേശം ദൈവസന്നിധിയിൽ കൂടുതൽ താഴുവാനും ഏകാ ഗ്രത ഉള്ളവരാകുവാനും ആയിരിക്കണം. അതു രഹസ്യമായി ചെയ്യേണ്ട കാര്യമാണ്. വേഷഭക്തി ദൈവം വെറുക്കുന്നു. ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുന്നു.

### ഭൗതികകാര്യങ്ങളോടുള്ള മനോഭാവം (6:19-34)

ക്രിസ്തീയ ജീവിതത്തിൽ ആത്മികകാര്യങ്ങളെയും ഭൗതികകാര്യങ്ങളെയും തമ്മിൽ വേർതിരിക്കുവാൻ കഴിയുന്നതല്ല. ഭൗതികകാര്യങ്ങളോടുള്ള ശരിയായ മനോഭാവം നമ്മുടെ ആത്മികസ്ഥിതി വെളിപ്പെടുത്തും (ലൂക്കൊ. 16:1-31). പരീശന്മാർ ദ്രവ്യാഗ്രഹികളായിരുന്നു. ഭൂമിയിൽ വസ്തുമയമായ നന്മകൾ ഉണ്ടാകുന്നതിനെ ബൈബിൾ വിലക്കുന്നില്ല. അതുണ്ടാകുന്ന വിധം ദൈവഹിതപ്രകാരം ആയിരിക്കണം. ധനവാന്മാർ സൽപ്രവൃത്തികളിൽ സമ്പന്നർ ആയിരിക്കണം (1 തിമൊ. 6:17,18). ദ്രവ്യാഗ്രഹം മനുഷ്യന്റെ ആളത്വത്തെ മുഴുവൻ ബാധിക്കുന്നതാണ്. ഏതു വിധേനയും ധനവാനാകാനുള്ള ആഗ്രഹം സകലവിധ ദോഷത്തിനും മൂലകാരണമാകുന്നു (1 തിമൊ. 6:10). നാം സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവരാകണം. നമ്മുടെ ചുറ്റുപാടുകളും കഴിവുകളും ദൈവനാമമഹത്വത്തിനായി ചെലവിടാൻ നമുക്ക് കഴിയണം. ദ്രവ്യാഗ്രഹം നമ്മെ നാളെയെക്കുറിച്ച് വിചാരപ്പെടുന്നവരും അസ്വസ്ഥരുമാക്കും. ആവശ്യമില്ലാതെ ഭാവിയെക്കുറിച്ച് ഭാരപ്പെട്ട് ഊണും ഉറക്കവുമില്ലാത്തവർ ആകുന്നത് പാപമാകുന്നു. ജാതികളുടെ സ്വഭാവമായിട്ടാണ് ഇതിനെ ക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇങ്ങനെ വിചാരപ്പെടുന്നവർക്ക് ക്രിസ്തീയ സാക്ഷ്യം പുലർത്തുവാൻ കഴിയുന്നതല്ല. ഇതു നമ്മുടെ ആത്മിക സന്തോഷം കെടുത്തും. ഭാവിയെക്കുറിച്ച് ആലോചിക്കുന്നതും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുന്നതും നല്ലതാണ് (1 തിമൊ. 5:8). മുൻപേ ദൈവഹിതം അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല.

## അദ്ധ്യായം 7

### നാം എങ്ങനെ വിധിക്കുന്നവരാകണം (7:1-5)

പരീശന്മാർ അന്യരെ തെറ്റായി വിധിക്കുന്നവർ ആയിരുന്നു. അവരുടെ വേഷഭക്തിയായിരുന്നു അതിന് കാരണം. മൂന്ന് തരത്തിലുള്ള വിധിയെക്കുറിച്ച് ക്രിസ്തു ചൂണ്ടിക്കാണിച്ചു. ഒന്നാമതായി നാം സ്വയം വിധിക്കുന്നവരാ

കണം. അതിനു ദൈവവചനപരിജ്ഞാനം ആവശ്യമാണ്. ദൈവവചനത്തെ സ്നേഹിക്കുന്നവർക്ക് മാത്രമേ ഭേദാഭേദങ്ങളെ വിവേചിക്കുവാൻ പ്രാപ്തിയുണ്ടാകുകയുള്ളൂ (ഫിലി. 1:9,10). അതു നമ്മുടെ ആത്മികപക്വതയുടെ അടയാളമാകുന്നു (എബ്രാ. 5:13,14). മറ്റുള്ളവരുടെ ഉദ്ദേശം ഊഹിച്ച് നാം വിധിക്കരുത്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ നല്ലവരാകുവാൻ നാം വിധിക്കരുത്. അവരുടെ നന്മയും അവരെ സഹായിക്കുവാനുള്ള ആഗ്രഹവും വിധിക്കുമ്പോൾ ഉണ്ടായിരിക്കണം. സ്വന്ത ന്യൂനത മറന്ന് നാം മറ്റുള്ളവരെ വിധിക്കരുത്. ദൈവവചനം ഒരു കണ്ണാടിയാകുന്നു. അതു നമ്മുടെ ജീവിതത്തെ പരിശോധിക്കുവാൻ നാം അനുവദിക്കണം. സഹോദരന്മാരെ കുറ്റം ചുമത്തുന്നവർ സാത്താന്റെ മാതൃക അനുകരിക്കുന്നവർ ആണ് (വെളി. 12:10).

## മുത്ത് പന്നിയുടെ മുമ്പിൽ ഇടരുത് (7:6)

ദൈവവചനം നിരസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരോടുണ്ടായിരിക്കേണ്ട നമ്മുടെ മനോഭാവം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. സുവിശേഷം ഒരു നിക്ഷേപമാകുന്നു. അതു വിശുദ്ധവും വിലയേറിയതുമാണ്. സുവിശേഷം നിരസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവർ ശിക്ഷിക്കപ്പെടും. ക്രിസ്തുവിന്റെയും പൗലൊസിന്റെയും മാതൃക നാം അനുകരിക്കുന്നവർ ആയിരിക്കണം (ലൂക്കൊ. 23:9; പ്രവൃ. 13:44-49).

## പ്രാർത്ഥനയിൽ സ്ഥിരത ഉള്ളവരാകുവിൻ (7:7-11)

പ്രാർത്ഥന ക്രിസ്തീയ ജീവിതത്തിൽ ഒഴിച്ചുകൂടാത്തതാകുന്നു. നമ്മുടെ ജീവിതത്തിനും ശുശ്രൂഷകൾക്കും ദൈവിക നടത്തിപ്പും ശക്തിയും ആവശ്യ മാണ്. അതു ലഭിക്കുവാൻ നാം നിരന്തരം ദൈവമുഖം കാണുന്നവർ ആകണം. മറ്റുള്ളവരെ വിധിക്കുന്നതിലും സുവിശേഷം അറിയിക്കുന്നതിലും നാം തെറ്റിപ്പോകാവുന്നതാണ്. അങ്ങനെ സംഭവിക്കാതിരിക്കുവാൻ പ്രാർത്ഥന നമ്മെ സഹായിക്കും.

## സുവർണ്ണ നിയമം (7:12)

മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് അവർക്കു ചെയ്യുവിൻ. ഈ പ്രസ്താവന പല തെറ്റിദ്ധാരണകൾക്കും കാരണമായിട്ടുണ്ട്. രക്ഷിക്കപ്പെട്ടവർക്കു മറ്റുള്ളവരോട് ഉണ്ടായിരിക്കേണ്ട മനോഭാവം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. നമ്മെ ഉപദ്രവിക്കുന്നവരോട് നന്മചെയ്യുവാൻ നാം വിലകൊടുക്കേണ്ടിവരും. ദൈവസ്നേഹം അങ്ങനെ നമ്മിൽ കൂടെ വെളി പ്പെടുന്നു.

## രണ്ടിൽ ഏതു നാം തിരഞ്ഞെടുക്കുന്നു (7:13-29)

ഈ ഭാഗത്ത് അന്യോന്യം എതിരായിരിക്കുന്ന പല കാര്യങ്ങൾ ചൂണ്ടി ക്കാണിച്ചിരിക്കുന്നു. രണ്ടു വാതിലുകൾ, രണ്ടു വഴികൾ, രണ്ടു കൂട്ടം യാത്ര ക്കാർ, രണ്ടു ലക്ഷ്യങ്ങൾ, രണ്ടുതരം വൃക്ഷങ്ങൾ, രണ്ടുതരം ഫലങ്ങൾ, രണ്ടു പണിക്കാർ, രണ്ട് അടിസ്ഥാനങ്ങൾ, രണ്ടു വീടുകൾ, രണ്ടുതരം അവസാനങ്ങൾ. ഇവയെല്ലാം തരംതിരിക്കപ്പെടുന്നത് ക്രിസ്തുവിന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവനും ചെയ്യാത്തവനും എന്ന നിലയിലാണ്. ദൈവവചനം കേൾക്കുന്നവർ ധാരാളമുണ്ട്. എന്നാൽ അനുസരിക്കുന്നവർ ചുരുക്കം. യഥാർ ത്ഥ വിശ്വാസത്തിന്റെ തെളിവ് അനുസരണമാകുന്നു. കർത്താവേ, കർത്താ വേ എന്നു പറയുന്നതിനല്ല പ്രാധാന്യം. വീടു പണിയുന്നതിന്റെ വലിപ്പമല്ല, അതിന്റെ അടിസ്ഥാനമാണ് പ്രാധാന്യം. വൃക്ഷം തഴച്ചുവളരുന്നതിലല്ല, അതിൽ ഉണ്ടാകുന്ന ഫലങ്ങൾ എന്താണെന്നതിനാണ് പ്രാധാന്യം. ക്രിസ്തു വാകുന്ന വാതിലിൽക്കൂടി കടന്ന് ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിർബന്ധിതരായി നാം ചെയ്യുന്ന പ്രവൃത്തികൾ ക്രിസ്തു അറിയുന്നു. ക്രിസ്തീയ ജീവിതം ക്രിസ്തുവിൽ മാത്രം അടിസ്ഥാനപ്പെട്ടതാണ്. ക്രിസ്തുവിന്റെ നാമത്തിൽ കള്ളപ്രവാചകന്മാർ വളരെ വീര്യപ്രവൃത്തികൾ ചെയ്യും. ക്രിസ്തു അവരെ അറിയുന്നില്ല. അതു കേവലം ബാഹ്യവും അധർമ്മം നിറഞ്ഞതും ആകുന്നു. എന്നാൽ ക്രിസ്തുവാകുന്ന പാറയിൽ വേരൂന്നി അടിസ്ഥാനപ്പെട്ട ജീവിതങ്ങൾ ഒരിക്കലും തകർന്നുപോകുകയില്ല. അവർ യാതൊന്നിനും ഭയപ്പെടേണ്ടതില്ല. ജനം ക്രിസ്തുവിന്റെ ഉപദേശത്തിൽ വിസ്മയിച്ചു. ശാസ്ത്രിമാർ അവരുടെ റബ്ബിമാരുടെ ഉപദേശം ഘോഷിക്കുന്നവർ ആയി രുന്നു. എന്നാൽ ക്രിസ്തു ദൈവപുത്രനും തന്നിൽ തന്നെ അധികാരമുള്ളവനുമായി ജനത്തെ ഉപദേശിച്ചു.

## അദ്ധ്യായം 8, 9

ഈ അദ്ധ്യായങ്ങൾ ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വിവരിക്കുന്നു. മത്തായി ഒന്നു മുതൽ നാലു വരെയുള്ള അദ്ധ്യായങ്ങളിൽ യെഹൂദന്മാരുടെ രാജാവിനെ കാണാം. 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങൾ ദൈവരാജ്യത്തിന്റെ പ്രമാണങ്ങളാണ്. എട്ടും ഒൻപതും അദ്ധ്യായങ്ങൾ രാജാവിന്റെ അധികാരം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത പത്ത് അത്ഭുതപ്രവൃത്തികൾ അവന്റെ ഉപദേശങ്ങൾ സത്യമാണെന്ന് തെളിയിക്കുന്നു. അവൻ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു (ലൂക്കൊ. 24:19). മനുഷ്യരിൽ കാണുവാൻ പ്രയാസമുള്ള ഒരു കാര്യമാണിത്.

## ക്രിസ്തു അത്ഭുതം പ്രവർത്തിച്ചതിന്റെ ഉദ്ദേശം

മനുഷ്യരുടെ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കുവാൻ മനസ്സുള്ളവനാണ് ക്രിസ്തു. രണ്ടാമതായി അവൻ മശിഹയാകുന്നു എന്നുള്ളതിന്റെ തെളിവാകുന്നു ഇത്. അതു പഴയനിയമ പ്രവചനത്തിന്റെ നിവൃത്തിയായിരുന്നു

(യെശ. 53:4, മത്താ. 8:17). സാത്താൻ അത്ഭുതങ്ങൾ ചെയ്യുമെങ്കിലും അവന്റെ സ്വഭാവം പാപം നിറഞ്ഞതാണ് (2 തെസ്സ. 2:9). താൻ മശിഹയാണെന്നുള്ളതിന്റെ തെളിവായി ഇതു യോഹന്നാൻ സ്നാപകനു ചൂണ്ടിക്കാണിച്ചിരിക്കുന്നു (11:1-5). ക്രിസ്തുവിന്റെ അത്ഭുതങ്ങൾ അവനിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാനുള്ള അടയാളങ്ങൾ ആയിരുന്നു (യോഹ. 20:30,31). ജനത്തെ ആകർഷിക്കുവാൻ ക്രിസ്തു അത്ഭുതങ്ങൾ ചെയ്തിട്ടില്ല (8:4,18). അടയാളങ്ങളും അത്ഭുതങ്ങളും കണ്ടു മാത്രം വിശ്വസിക്കുന്നതിനെ ക്രിസ്തു ശാസിച്ചു (യോഹ. 4:46-54). അത്ഭുതങ്ങൾ ആത്മിക സത്യങ്ങൾ വെളിവാക്കുന്നു.

## ക്രിസ്തു കുഷ്ഠരോഗിയെ സൗഖ്യമാക്കി

കുഷ്ഠം പാപത്തെ ചൂണ്ടിക്കാണിക്കുന്നു. അതു മരണകാരണവും അശുദ്ധി നിറഞ്ഞതുമാണ് (യെശ. 1:5,6). അതു പകരുന്നതും സമൂഹത്തിൽ നിന്നും അന്യപ്പെടുത്തുന്നതുമായ രോഗമായിരുന്നു. ക്രിസ്തു കുഷ്ഠ രോഗിയെ തൊട്ടു. അവന്റെ ശക്തി കുഷ്ഠരോഗിയിൽ പകർന്നു. കുഷ്ഠരോഗി ക്രിസ്തുവിന്റെ ശക്തിയിൽ വിശ്വാസമുള്ളവനായിരുന്നു. “നിനക്കു മനസ്സു ണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും” എന്നവൻ പറഞ്ഞു. സകല മനുഷ്യരും രക്ഷ പ്രാപിക്കുവാൻ അവൻ ആഗ്രഹിക്കുന്നു (1 തിമൊ. 2:4). ശതാധിപന്റെ ബാല്യക്കാരന്റെ പക്ഷവാതം സൗഖ്യമാക്കിയതും രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കിയതും ജാതികളുടെ രക്ഷയ്ക്കായി ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മതിയായതാണെന്നു തെളിയിക്കുന്നു. മനുഷ്യശരീരത്തിലെ ഏതു രോഗവും മാറ്റുവാൻ ക്രിസ്തു ശക്തനാണ്. ശതാധിപൻ ക്രിസ്തുവിൽ വിശ്വാസമുള്ളവൻ ആയിരുന്നു. ക്രിസ്തു അവന്റെ വിശ്വാസം കണ്ട് അതിശയിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുക പ്രയാസമുള്ള കാര്യമാണ്. യെഹൂദന്മാർ വളരെ അത്ഭുതങ്ങൾ കണ്ടശേഷവും അവനിൽ വിശ്വസിച്ചില്ല. അത് കർത്താവിൽ അത്ഭുതം ഉളവാക്കി (മർക്കൊ. 6:6). ദൈവവചനം വിശ്വസിക്കുവാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാകുന്നു. ക്രിസ്തു ദൂരെയിരുന്നുകൊണ്ട് ശതാധിപന്റെ ബാല്യക്കാരനെ സൗഖ്യമാക്കി എന്നുള്ളത് ശ്രദ്ധേയമത്രെ.

## പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കുന്നു (8:14-17)

സ്ത്രീകൾക്ക് സമൂഹത്തിൽ വലിയ സ്ഥാനം ഇല്ലാത്ത ഒരു കാലത്താണ് കർത്താവ് ജീവിച്ചിരുന്നത്. അന്നത്തെ മതനേതാക്കൾ അവരുടെ ആവശ്യങ്ങൾ പരിഗണിക്കുവാൻ മടിച്ചിരുന്നു. രോഗദുഃഖങ്ങൾ പാപത്തിന്റെ ഫലമായി ഉണ്ടാകുന്നു എന്നവർ തെറ്റിദ്ധരിച്ചിരുന്നു. കർത്താവ് അവളെ തൊട്ടുസൗഖ്യമാക്കി. ക്രിസ്തു തനിക്കുള്ളവരുടെ ആവശ്യങ്ങൾ അറിയുന്നു. ആ ഭവനത്തിൽ നടന്ന അത്ഭുതം കർത്താവിനെ ശുശ്രൂഷിക്കുവാൻ ആ ഭവനത്തെ നിർബന്ധിച്ചു. രക്ഷിക്കപ്പെട്ടവരുടെ ഭവനങ്ങൾ കർത്താവിനെ ശുശ്രൂഷിക്കുന്ന ഭവനങ്ങളായിത്തീരണം. അവിടെ നടന്ന സംഭവം പട്ടണം മുഴുവൻ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുവാൻ കാരണമായി (മർക്കൊ. 1:32-34). സകലവിധ ദീനക്കാരും ക്രിസ്തുവിന്റെ അടുക്കൽ വന്നു. അവൻ അവരെ സൗഖ്യമാക്കി. ക്രിസ്തുവിങ്കലേക്ക് ജനം വരുവാനും രക്ഷിക്കപ്പെടുവാനും നമ്മുടെ ഭവനങ്ങളും ജീവിതവും മുഖാന്തരമാകട്ടെ.

## ശിഷ്യത്വത്തിന് വിലകൊടുക്കണം (8:18-22)

ക്രിസ്തുവിനെ അനുഗമിക്കുവാൻ പലരും ആഗ്രഹിച്ചു. ഭൗതിക നന്മകൾ ആഗ്രഹിക്കുന്നവർ ക്രിസ്തുശിഷ്യന്മാരാകുവാൻ യോഗ്യരല്ല. “കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ട്, മനുഷ്യപുത്രനോ തല ചായ്ക്കുവാൻ ഇടമില്ല” എന്ന് കർത്താവ് അരുളിച്ചെയ്തു. ശിഷ്യൻ ക്രിസ്തുവിന് മുൻഗണന നൽകണം. മാതാപിതാക്കളോട് ബഹുമാനം ഇല്ലാത്തവർ ആകണം എന്നു ക്രിസ്തു ഉപദേശിച്ചില്ല. പ്രത്യുത ക്രിസ്തുവിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുന്നവർക്ക് മാത്രമേ അവന്റെ ഉത്തമശിഷ്യന്മാരാകുവാൻ കഴിയൂ എന്ന് സാരം.

## ക്രിസ്തു കൊടുങ്കാറ്റിനെ ശമിപ്പിച്ചു (8:23-27)

പ്രകൃതിശക്തികളെ നിയന്ത്രിക്കുവാൻ ക്രിസ്തുവിന് കഴിയും എന്ന് ഈ സംഭവം തെളിയിച്ചു. അവൻ സകലത്തിന്റെയും സ്രഷ്ടാവും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ നിയന്ത്രിക്കുന്നവനും ആണ് (എബ്രാ. 1:2,3). ഗലീലക്കടൽ ഒരു വലിയ തടാകമാകുന്നു. അവിടെ പെട്ടെന്ന് ശക്തിയായ കാറ്റ് അടിക്കുന്ന പതിവുണ്ട്. കർത്താവ് ശിഷ്യന്മാരോടുകൂടെ പടകിൽ ഉണ്ടായിരുന്നു. അവൻ പടകിൽ ഉറങ്ങുകയാണ്. ദൈവഹിതം ചെയ്യുവാൻ വന്ന ക്രിസ്തു സകലത്തെയും നിയന്ത്രിക്കുന്ന ദൈവകരങ്ങളിൽ വിശ്രമിക്കുന്നു. അവനെ ഭയപ്പെടുത്തുവാൻ യാതൊന്നിനും സാദ്ധ്യമല്ല. ചിലപ്പോൾ നമ്മുടെ ജീവിതപടകിലും തിരമാലകൾ അടിച്ചുവെന്ന് വരാം. നമ്മുടെ പടക് മുങ്ങുമെന്നും, കർത്താവിനു നമ്മെക്കുറിച്ച് വിചാരമില്ലെന്നും നാം പറഞ്ഞു പോകാവുന്നതാണ്. എന്നാൽ നമ്മുടെ വിശ്വാസം വർദ്ധിക്കുവാൻ കർത്താവ് ഇതൊക്കെയും അനുവദിക്കുന്നു എന്നു നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

## ക്രിസ്തു ഭൂതഗ്രസ്തരെ സൗഖ്യമാക്കുന്നു (8:28-34)

സാത്താന്റെ മേൽ ക്രിസ്തു അധികാരമുള്ളവനാണ്. ദൈവത്തിനെതിരായ മൽസരത്തിൽ സാത്താനോട് കൂറുപുലർത്തി വീണുപോയ ദൂതന്മാരാണ് ഭൂതങ്ങൾ. അവർക്കു യേശു ദൈവപുത്രൻ ആണെന്നറിയാം (8:29). ഭൂതഗ്രസ്തർ സാത്താന്റെ അടിമത്തത്തിൽ കഴിയുന്നു. അവർ സുബോധം നഷ്ടപ്പെട്ടവരും സ്വയനിയന്ത്രണം ഇല്ലാത്തവരുമാണ്. ക്രിസ്തു അവരെ സമീപിച്ചു. അതിന് അവൻ തിരമാലകൾ അലറിമറിയുന്ന ഗലീല കടൽ

തരണംചെയ്യുവാൻ വരെ മനസ്സുള്ളവനായിരുന്നു. ദൈവകൃപയുടെ പ്രദർ ശനം ഇവിടെ കാണാം. സൗഖ്യം ലഭിച്ച വൻ കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ക്രിസ്തു അവനെ ഭവനത്തിലേക്ക് തിരിച്ചയച്ചു. അവൻ സമാധാനമുള്ളവനായി. ക്രിസ്തു അവനിൽ ഉളവാക്കിയ പരിവർ ത്തനം അവന്റെ ഭവനവും പട്ടണവും അനുഗ്രഹിക്കപ്പെടുവാനിടയാക്കി. ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ സംഭവിക്കേണ്ടത് അതാണ്.

### ക്രിസ്തു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു (9:1-8)

ഇവിടെ ക്രിസ്തു രോഗത്തിന്റെ മേൽ അധികാരമുള്ളവനാണെന്ന് തെളിയിച്ചു. പക്ഷവാതരോഗം ഒരു വ്യക്തി യുടെ നിസ്സഹായത ചൂണ്ടിക്കാണിക്കുന്നു. എന്നാൽ അവന്റെ സ്നേഹിതന്മാർ ക്രിസ്തുവിന്റെ അടുക്കൽ അവനെ കൊണ്ടുവന്നു. അവരുടെ വിശ്വാസം ക്രിസ്തുവിനെ ആകർഷിച്ചു. പാപരോഗത്താൽ നിസ്സഹായരായി കഴിയുന്ന ബന്ധുമിത്രാദികളെ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുവാൻ രക്ഷിക്കപ്പെട്ടവർക്ക് ഉത്തരവാദിത്വം ഉണ്ട്. യെഹൂദന്മാർ വിശ്വസിച്ചിരുന്നത് ഒരാൾ രോഗിയും ദരിദ്രനും ആകുന്നത് പാപം ചെയ്യുന്നതിന്റെ ഫലമായിട്ടാണ് എന്നായിരുന്നു. കർത്താവ് അവരുടെ ഹൃദയവിചാരം അറിഞ്ഞ് പക്ഷവാതക്കാരനോട് ഏർപ്പെട്ടു. നമ്മുടെ സാഹചര്യങ്ങൾ അറിഞ്ഞ് ഏർപ്പെടുന്നവനാണ് ക്രിസ്തു. ആദ്യം അവനു പാപമോചനം നൽകി. അതിനുള്ള അധികാരം ക്രിസ്തുവിനുണ്ടെന്ന് തെളിയിക്കുവാൻ രണ്ടാമതായി അവനെ സൗഖ്യമാക്കി. ക്രിസ്തുവിനു മാത്രമേ പാപമോചനം കൊടുക്കുവാൻ അധികാരമുള്ളൂ. രോഗം പാപത്തിന്റെ ഫലമാണെന്ന് ചിന്തിക്കുന്നത് ശരിയല്ല. ക്രിസ്തു ഈ സത്യം യോഹന്നാൻ ഒൻപതാമദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പിറവിയിലെ കുരുടനായിരുന്നവനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. കർത്താവിന്റെ ശക്തിയും മഹത്വവും അവനിൽക്കൂടെ പ്രദർശിപ്പിക്കുവാൻ അങ്ങനെ അവൻ പിറന്നു എന്നത്രെ കാണുന്നത്. ആജീവനാന്തം രോഗികളായിരുന്ന ഭക്തന്മാർ ഉണ്ടായിട്ടുണ്ട്. പൗലൊസപ്പൊസ്തലനും തിമൊഥെയൊസും രോഗികളായിരുന്നു. അവരുടെ പാപമോ, വിശ്വാസക്കുറവോ, അതിനു കാരണമായിരുന്നില്ല. ക്രിസ്തു രോഗസൗഖ്യം നൽകുവാൻ ഇന്നും ശക്തിയുള്ളവനാണ്. എന്നാൽ ചില ഭക്തന്മാർക്കു രോഗങ്ങൾ നൽകിയെന്നും വരാം. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഈ കാര്യങ്ങൾ വിവേചിച്ചു മനസ്സിലാക്കേണ്ടതാണ്.

### മത്തായിയെ വിളിക്കുന്നു (9:9-17)

മത്തായി ഒരു ചുങ്കക്കാരനായിരുന്നു. റോമാസാമ്രാജ്യത്തിന്റെ ഉദ്യോഗ സ്ഥന്മാരാണ് ചുങ്കം പിരിക്കുന്നവർ. എത്ര പിരിക്കണം എന്നു കൃത്യമായ നിയമങ്ങളൊന്നുമുണ്ടായിരുന്നില്ല. വളരെ ആദായമുള്ള തൊഴിലായിരുന്നു ഇത്. ചുങ്കക്കാരെ പാപികൾ എന്നു യെഹൂദന്മാർ എണ്ണിയിരുന്നു. അവരെ സമൂഹം വെറുത്തിരുന്നു. റോമാസാമ്രാജ്യത്തിനുവേണ്ടി ചുങ്കം പിരിക്കുന്നതും പുറജാതികളുമായി നിരന്തരം സമ്പർക്കം പുലർത്തിയതും ഇതിനു കാരണമായിരുന്നു. അങ്ങനെയുള്ള മത്തായിയെ ക്രിസ്തു തന്നെ അനുഗമിക്കുവാൻ ക്ഷണിച്ചു. അവൻ സകലവും വിട്ട് കർത്താവിനെ അനുഗമിച്ചു. തനിക്കുണ്ടായിരുന്ന നഷ്ടത്തെക്കുറിച്ച് മത്തായി ബോധവാനായിരുന്നു. തിരിഞ്ഞുനോക്കാൻ കഴിയാത്ത ഒരു പുറപ്പാടായിരുന്നു അത്. മത്തായി മറ്റൊരു ജോലിയല്ല ഒരു വ്യക്തിയെയാണ് സ്വീകരിച്ചത്. മത്തായി തന്റെ കഴിവുകൾ ക്രിസ്തുവിനായി പ്രയോജനപ്പെടുത്തി. സ്വന്തവീട്ടിൽ വലിയ ഒരു വിരുന്നൊരുക്കി. സ്നേഹിതരെയും മിത്രങ്ങളെയും ക്ഷണിച്ചു. ക്രിസ്തുവിനെ അവർക്കു പരിചയപ്പെടുത്തി. തന്റെ പേന ക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തുവാൻ വിനിയോഗിച്ചു. ക്രിസ്തുവിന്റെ മഹത്വം അവന്റെ ജീവിതലക്ഷ്യം ആയിരുന്നു. ആ നല്ല മാതൃക നമുക്ക് അനുകരിക്കാം.

അന്നത്തെ മതമേധാവികൾ ക്രിസ്തുവിന്റെ പ്രവൃത്തിയെ ചോദ്യം ചെയ്തു. ക്രിസ്തു തന്റെ ശുശ്രൂഷയുടെ സ്വഭാവം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവൻ നല്ല വൈദ്യനാണ്. പാപത്തിനു പരിഹാരം വരുത്തുവാൻ അവന് മാത്രമേ കഴിയൂ. അവൻ യാഗത്തിലല്ല, കരുണയിൽ പ്രസാദിക്കുന്നു. സ്വയം നീതീകരിക്കുന്നവരെയല്ല, പ്രത്യുത പാപികളെ സ്വീകരിക്കുന്ന രക്ഷിതാവാണ് ക്രിസ്തു. അവൻ വിശ്വസിക്കുന്നവർക്ക് ആത്മസന്തോഷം നൽകുന്ന ആത്മമണവാളനാണ്. ക്രിസ്തു നൽകുന്ന ജീവിതം സന്തോഷത്തിന്റെ ജീവിതമാണ്. അവൻ നീതിവസ്ത്രം ഉടുപ്പിക്കുന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും വിടുതൽ നൽകുന്നവനാണ് അവൻ. അവന്റെ തുരുത്തിയിൽ സുവിശേഷത്തിന്റെ പുതുവീഞ്ഞ് നിറഞ്ഞി രിക്കുന്നു.

### പ്രമാണിയുടെ മകളെ ഉയിർത്തെഴുന്നേൽപ്പിച്ചു (9:18-26)

ഇവിടെ മരിച്ചവർക്ക് ജീവൻ കൊടുക്കുവാൻ ക്രിസ്തു ശക്തൻ എന്നു തെളിയുന്നു. യായീറൊസ് ഒരു യെഹൂദപള്ളിയിലെ നേതാവായിരുന്നു. അവൻ തന്റെ മകളെ സ്നേഹിച്ചതിന്റെ ഫലമായി ക്രിസ്തുവിനെ സമീപിച്ചു. നാം സ്നേഹിക്കുന്നവർക്കു ക്രിസ്തുവിനെ പരിചയപ്പെടുത്തുവാൻ കഴിയണം. അതിനു നമ്മുടെ സഭയും സമൂഹവും തടസ്സമായി നിൽക്കരുത്. ക്രിസ്തു ബാലയെ ഉയിർത്തെഴുന്നേല്പിച്ചു.

### രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കുന്നു (9:20-22)

അവൾ അശുദ്ധയും ബലഹീനയും ആയിരുന്നു. അവൾ 12 വർഷങ്ങളായി ഈ രഹസ്യരോഗമുള്ളവളാണ്. ആർക്കുമവളെ സൗഖ്യമാക്കുവാൻ കഴിഞ്ഞിരുന്നില്ല. കർത്താവിന്റെ വസ്ത്രം ഒന്നു തൊട്ടാൽ സൗഖ്യം ലഭിക്കുമെന്നവൾ വിശ്വസിച്ചു. ഭയഭക്തിയോടെ അവൾ ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. അവൾക്കു സൗഖ്യമായി. കർത്താവ് അവളെ അന്വേഷിച്ചു. അവൾ സൗഖ്യം ലഭിച്ചത് പ്രസ്താവിച്ചു (മർക്കൊ. 5:33). വിശ്വാസത്തോടുകൂടി ക്രിസ്തുവിനെ തൊടുക. അവന്റെ വചനം വിശ്വസിക്കുക. അവന്റെ രക്ഷയെ പരസ്യമായി സാക്ഷി

ക്കുക.

### കുരുടന്മാർക്ക് കാഴ്ച ലഭിക്കുന്നു (9:27–38)

ക്രിസ്തു രണ്ടു കുരുടന്മാരെ സൗഖ്യമാക്കി എന്നു കാണാം. ഇവർ കർത്താവിനെ "ദാവീദു പുത്രാ" എന്ന് സംബോധന ചെയ്യുന്നു. അവർ കർത്താവിന്റെ മഹത്വവും ശക്തിയും സമ്മതിച്ച് ഏറ്റുപറഞ്ഞു. അവരുടെ വിശ്വാസത്തെ ക്രിസ്തു അറിഞ്ഞ് അവരെ സൗഖ്യമാക്കി. അവർ ക്രിസ്തുവിന്റെ സാക്ഷികൾ ആയിത്തീർന്നു.

### ഊമനായ ഭൂതബാധിതനു സൗഖ്യം നൽകി

ഭൂതബാധയും രോഗവും തമ്മിൽ വ്യത്യാസമുണ്ട് (10:8). എന്നാൽ ഭൂതത്തിനു ശാരീരിക ക്ലേശങ്ങൾ വരുത്തുവാൻ ശക്തിയുണ്ട്. ഇവിടെ ഊമനായ ഒരു വ്യക്തിയെയാണ് കാണുന്നത്. ക്രിസ്തു ഭൂതത്തെ അവനിൽനിന്നും പുറത്താക്കി. അവൻ സംസാരിച്ചു. അതു കണ്ട് ജനം അതിശയിച്ചു. പരീശന്മാർ ക്രിസ്തു ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കി എന്നാരോപിച്ചു. ക്രിസ്തു പരീശന്മാരെ ശാസിക്കുന്നതായി കാണാം (12:22–37).

ക്രിസ്തു ജനത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിയവരും കുഴഞ്ഞവരുമായിക്കണ്ടു. അവരെ കണ്ട് കർത്താവിന് മനസ്സലിഞ്ഞു. അവരുടെ ഇടയിൽ പ്രവർത്തിക്കേണ്ട ആവശ്യം ഹൃദയത്തെ ഭരിച്ചു. തുടർന്ന് ശിഷ്യന്മാർക്ക് നൽകിയ കൽപ്പന ശ്രദ്ധേയമത്രെ: "കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്കുക." അവർ പ്രാർത്ഥിച്ചു. അപ്പോൾ കർത്താവ് കണ്ടതുപോലെ ജനത്തെ കുഴഞ്ഞവരും ചിന്നിയവരുമായി അവർക്കു കാണുവാൻ കഴിഞ്ഞു. അവർ ക്രിസ്തുവിന്റെ ഉത്തമസാക്ഷികളായി. പാപികൾ രക്ഷിക്കപ്പെടുവാൻ അവരോടു സുവിശേഷം അറിയിക്കേണ്ടതുണ്ട്. അവരോട് സ്നേഹവും മനസ്സലിവും ഉള്ളവരായി ക്രിസ്തുവിനെ സാക്ഷിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 10

### ക്രിസ്തു ശിഷ്യന്മാരെ അയയ്ക്കുന്നു (10:1–42)

ജനത്തെ കണ്ടിട്ടു കർത്താവിന്റെ മനസ്സലിഞ്ഞു. വേലക്കാരെ അയ യ്ക്കേണ്ടതിനായി പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരോട് ആജ്ഞാപിച്ചു. കർത്താവിന്റെ വേലയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നവർ അതു നിവർത്തിക്കുവാൻ മനസ്സുള്ളവരായിരിക്കണം. രക്ഷ ദൈവത്തിന്റെ ദാനമാണ്. എന്നാൽ അത് ജനത്തെ അറിയിക്കുവാനുള്ള നിയോഗം രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. ക്രിസ്തുവിനു ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ പലരും താൽക്കാലിക നേട്ടങ്ങൾക്ക് വേണ്ടി അവനെ അനുഗമിച്ചവരാണ്. എന്നാൽ ക്രിസ്തുവിനു വേണ്ടി ത്യാഗം സഹിക്കുവാൻ മനസ്സുള്ളവരെ അവൻ അറിയുന്നു. തന്റെ ശിഷ്യന്മാരിൽനിന്നും 12 പേരെ കർത്താവ് അപ്പൊസ്തലന്മാരായി തിരഞ്ഞെടുത്തു. അവർ കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ടവരും, അവന്റെ മരണപുനരുത്ഥാനത്തിനു സാക്ഷികളും, കർത്താവിനാൽ നിയോഗം ലഭിച്ചവരും, അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ അധികാരം ലഭിച്ചവരും ആയിരുന്നു. അവർ ദൈവസഭയുടെ അടിസ്ഥാന കല്ലുകളാണ്. ഇന്ന് അപ്പൊസ്തലന്മാരില്ല. കർത്താവ് അപ്പൊസ്തലന്മാരെ യിസ്രായേല്യരോട് സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശം പ്രസംഗിക്കുവാനയച്ചു. ജാതികളോട് സുവിശേഷം അറിയിക്കേണ്ട കാലമായിരുന്നില്ല അത്. അവർക്ക് അത്ഭുതങ്ങൾ ചെയ്യുവാൻ അധികാരം ലഭിച്ചിരുന്നു. അവരുടെ ആവശ്യങ്ങൾ ദൈവം കരുതിക്കൊള്ളും എന്നുള്ള ഉറപ്പ് അവർക്കുണ്ടായിരുന്നു. അവരുടെ പ്രസംഗം സ്വീകരിക്കാത്തവൻ ന്യായവിധി ദിവസം ശിക്ഷിക്കപ്പെടും. അവരെ സ്വീകരിക്കാത്തവരെ വിട്ടുപോകുവാൻ അവരോട് കല്പിച്ചിരുന്നു. ഇന്നു നമുക്ക് ലഭിച്ചിട്ടുള്ള നിയോഗം വ്യത്യാസമുള്ളതാണ്. സകല ജാതികളോടും സുവിശേഷം അറിയിക്കുവാൻ നമുക്ക് കടപ്പാടുണ്ട്. അത് രാജ്യത്തിന്റെ സുവിശേഷമല്ല പ്രത്യുത കൃപയുടെ സുവിശേഷമാകുന്നു (മത്താ. 28:19,20). ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റു എന്നുള്ളതത്രെ സുവിശേഷം. സുവിശേഷഘോഷണം എതിർപ്പുകൾ ഉളവാക്കും. അതിനെ എങ്ങനെ നേരിടണം എന്നു കർത്താവ് ശിഷ്യന്മാർക്ക് കല്പന കൊടുത്തിരുന്നു. ഈ ഉപദ്രവങ്ങൾ മത-രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽനിന്നും വരാവുന്നതാണ്. സുവിശേഷം നിമിത്തം നാം പകയ്ക്കപ്പെട്ടു എന്നു വരാം. അപ്പോൾ ശിഷ്യൻ ഗുരുവിന് മീതെയല്ല എന്നോർത്തുകൊള്ളുക. ക്രിസ്തുവിന് മുൾക്കിരീടം നൽകിയ ലോകം നമുക്ക് സ്വർണ്ണകിരീടം തരികയില്ല. ദൈവത്തെ സ്നേഹിച്ചും ഭയഭക്തിപൂണ്ടും കർത്താവിനെ സേവിക്കുക. അവൻ നിങ്ങളെ കരുതുന്ന ദൈവമാകുന്നു. മനുഷ്യരുടെ മുമ്പിൽ ക്രിസ്തുവിനെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ക്രിസ്തുവും ഏറ്റുപറയും. ക്രിസ്തുവിനെ സേവിക്കുമ്പോൾ അവനു പ്രഥമസ്ഥാനം ജീവിതത്തിൽ നൽകണം. ജഡരക്തങ്ങൾ അതിനു തടസ്സമായി തീരാനിടയാകരുത്. കർത്താവിന്റെ ദാസന്മാരെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്നവർക്ക് പ്രതിഫലം വാഗ്ദത്തം ചെയ്തിരിക്കുന്നു. ക്രിസ്തുവിനെ സാക്ഷിക്കുന്നത് നമ്മുടെ പദവിയാകുന്നു. അതു മുഖാന്തരം പാപികൾ രക്ഷിക്കപ്പെടും. കർത്താവ് അതു നമ്മിൽനിന്നും ആഗ്രഹിക്കുന്നു. ക്രൂശിലെ സ്നേഹം അതിനായി നമ്മെ നിർബന്ധിക്കട്ടെ. നമ്മുടെ ജീവിതവും വാക്കു കളും ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. ദൈവവചന ത്തോടും ദൈവജനത്തോടുമുള്ള നമ്മുടെ ബന്ധം അതിന് സഹായിക്കും.

### അദ്ധ്യായം 11

## യോഹന്നാൻ സ്നാപകന്റെ സംശയവും ക്രിസ്തുവിന്റെ സാക്ഷ്യവും

യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ മുന്നോടിയായിരുന്നു. ക്രിസ്തുവിന് വഴിയൊരുക്കുവാൻ വന്നവനായിരുന്നു അവൻ. ജനത്തോട് മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്തു. പാപത്തെ ചൂണ്ടിക്കാണിക്കുവാൻ മടി കാണിക്കാത്ത പ്രവാചകൻ ആയിരുന്നു യോഹന്നാൻ. ഹെരോദാ അന്തിപ്പാസും അവന്റെ സഹോദരന്റെ ഭാര്യയായ ഹെരോദ്യയുമായുള്ള അവിഹിതബന്ധം ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി യോഹന്നാൻ തടവിലാക്കപ്പെട്ടു. തൽഫലമായി സംശയത്തിന്റെ വിത്ത് അവന്റെ ഹൃദയത്തിൽ മുളച്ചു. അവൻ തന്റെ ശിഷ്യന്മാരെ ക്രിസ്തുവിന്റെ അടുക്കൽ അയച്ച് “വരുവാനുള്ളവൻ നീയോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ” എന്ന് ചോദിച്ചു. ക്രിസ്തുവിന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും കേട്ടിട്ടും ഒരു വ്യക്തമായ തീരുമാനം ചെയ്യുവാൻ യോഹന്നാനു സാധിച്ചില്ല. ദൈവമക്കളിലും ഇങ്ങനെയുള്ള അനുഭവം ഉണ്ടാകാം. എന്നാൽ കർത്താവ് തന്റെ വചനത്താൽ നമ്മെ ഉറപ്പിക്കുവാൻ മനസ്സുള്ളവനാണ്. കർത്താവ് ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ യോഹന്നാനെ അറിയിക്കുവാൻ ശിഷ്യന്മാർക്ക് നിയോഗം നൽകി. തുടർന്ന് ക്രിസ്തുവിങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ എന്ന് അരുളിച്ചെയ്തു. ദൈവമക്കളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം കർത്താവ് അറിയുന്നു. അവന്റെ അറിവും സമ്മതവും കൂടാതെ യാതൊന്നും നടക്കയില്ല. നമ്മുടെ നന്മയ്ക്കായി സകലവും കൂടി വ്യാപരിപ്പിക്കുന്ന കർത്താവാണ് അവൻ. കർത്താവിന്റെ മഹത്വവും നമ്മുടെ അനുഗ്രഹവുമായിരിക്കും അതിന്റെ അന്ത്യം. അങ്ങനെ വിശ്വസിക്കുന്നവർ സമാധാനവും സന്തോഷവും ഉള്ളവരാകും. ഫലകരമായ സാക്ഷ്യജീവിതത്തിനു ക്രിസ്തുവിൽ ഇടറിപ്പോകാത്ത വിശ്വാസം ആവശ്യമാകുന്നു.

ഒരു സന്യാസിയെപ്പോലെ ജീവിച്ച യോഹന്നാൻ സ്നാപകനെ ക്രിസ്തു പ്രശംസിച്ചു. അവൻ ക്രിസ്തുവിന് വഴി ഒരുക്കുവാൻ അയയ്ക്കപ്പെട്ടവനായിരുന്നു. ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നത് എത്ര ഭാഗ്യമുള്ള പദവിയാണ്. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല. ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുവാൻ സാധിച്ചു എന്നുള്ളതാണ് യോഹന്നാന് ഈ പദവി നൽകിയത്. യോഹന്നാൻ ഏലീയാവിന്റെ ആത്മാവ് ഉള്ളവനായിരുന്നു. അവന്റെ വചനം ജനം അനുസരിച്ചിരുന്നെങ്കിൽ ഏലീയാവിനെക്കുറിച്ചുള്ള പ്രവചനം യോഹന്നാനിൽ നിവൃത്തിയാകുമായിരുന്നു (മലാഖി 4:5,6). അന്നത്തെ തലമുറ ദൈവവചനം തിരസ്കരിച്ചു. അവയ്ക്കു കൊടുക്കേണ്ട ഘനവും ഗൗരവവും കൊടുക്കാതെ കേവലം ചന്തസ്ഥലത്തെ കളിക്കാരെക്കാൾ അധഃപതിച്ച ആത്മീയ അനുഭവത്തിലേക്ക് അന്നത്തെ തലമുറ ഇറങ്ങിപ്പോയി. ക്രിസ്തു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും കണ്ടശേഷവും ഗലീലാപട്ടണങ്ങൾ മാനസാന്തരപ്പെട്ടില്ല. അവരിൽ ഉണ്ടായ പ്രതികരണം അവരെ ശാസിക്കുവാൻ കാരണമായി. “നിങ്ങൾക്ക് ഹാ, കഷ്ടം” എന്ന ന്യായവിധിയുടെ വാക്കുകൾ യേശു ഉച്ചരിച്ചു. എന്നാൽ കർത്താവ് പിതാവിന്റെ ഹിതം മനസ്സിലാക്കി സന്തോഷിച്ചു. ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. തുടർന്ന് ക്രിസ്തു വ്യക്തിപരമായ ഒരു ആഹ്വാനം കൊടുത്തു: “എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.”

മതങ്ങൾ സൽപ്രവൃത്തികൾ ചെയ്യാൻ ആഹ്വാനം നൽകുന്നു. പാപിയായ മനുഷ്യൻ അതിന് അശക്തനാണ്. ക്രിസ്തു വരുവാൻ ആഹ്വാനം നൽകുന്നു. സൽപ്രവൃത്തികൾ ചെയ്യുവാൻ പരിശ്രമിച്ചു പരാജയപ്പെട്ടവർക്ക് എന്നും ആശ്വാസം നൽകുവാൻ ക്രിസ്തു മനസ്സുള്ള രക്ഷകനാകുന്നു. മനസ്സിനും മനസ്സാക്ഷിക്കും ആശ്വാസം ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ലഭിക്കുന്നു. അവർക്ക് ദൈവത്തോട് സമാധാനം ഉണ്ടാകുന്നു. എന്നാൽ അവന്റെ നുകം ഏറ്റുകൊണ്ട് അവന്റെ വചനം പഠിക്കുമ്പോൾ അഥവാ അനുസരിക്കുമ്പോൾ നാം ദൈവസമാധാനം ഉള്ളവരാകും. നാം ക്രിസ്തുവിന്റെ ശിഷ്യരാകുവാൻ അവനിൽനിന്ന് പഠിക്കുന്നവർ ആകണം. അങ്ങനെ ക്രിസ്തുവിനെ ലോകത്തിനു പ്രതിഫലിപ്പിക്കുന്നവർ ആകുവാൻ നമുക്കിടയാകട്ടെ.

### അദ്ധ്യായം 12

ക്രിസ്തുവിനെ വിമർശിക്കുന്ന മതനേതാക്കൾ കുറ്റംകണ്ടുപിടിക്കുവാൻ ശ്രമിക്കുന്നു. മതനേതാക്കളായ പരീശന്മാരുടെ യുക്തിവാദത്തിനു ക്രിസ്തു നൽകുന്ന മറുപടി ഈ അദ്ധ്യായത്തിൽ കാണാം (12:2,10,14,24,38).

## ക്രിസ്തു ശബ്ബത്തിനു കർത്താവാണ് (12:1-21)

ശബ്ബത്ത് വിശ്രമത്തെ കാണിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ആത്മാവിൽ സമാധാനവും സംതൃപ്തിയും ലഭ്യമാണ്. പത്തു കല്പനയിൽ ശബ്ബത്താചരണം ഉൾപ്പെട്ടിരുന്നു. സാധാരണ ജോലികളിൽനിന്നും വേർപെട്ട് ദൈവത്തിന്റെ നന്മകളെയും കൃപകളെയും ധ്യാനിക്കുവാൻ ഈ ദിവസം വേർതിരിക്കപ്പെട്ടിരുന്നു. പത്തു കല്പനകൾ യെഹൂദന്മാരുടെ ധാർമ്മികനിലവാരം നിയന്ത്രിച്ചിരുന്നു. പുതിയനിയമത്തിൽ ശബ്ബത്താചരണം ഒഴിച്ചുള്ള കല്പനകൾ ആവർത്തിക്കുന്നുണ്ട്. നീതിന്യായകോടതികളിൽ സദാചാരസംഹിത എന്ന പേരിൽ പത്തു കല്പന പലപ്പോഴും ഉദ്ധരിക്കാറുണ്ട്. ക്രിസ്തുവിൽ വിശ്വസിച്ചവർ ശബ്ബത്താചരണം നടത്തുന്നില്ല. അവർ ക്രിസ്തുവിൽ നിത്യമായ വിശ്രമം ലഭിച്ചവരാണ്. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും വിശ്രമം ലഭിച്ചവരും ആത്മാ

വിന്റെ നിയന്ത്രണവും ശക്തിയും പ്രാപിച്ചവരും ശബ്ബത്ത് ആചരിക്കുന്നില്ല. ഈ സത്യം പൗലൊസപ്പൊസ്തലൻ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട് (കൊലൊ. 2:15,16).

മതനേതാക്കളുടെ യുക്തിവാദത്തിനു ക്രിസ്തു മൂന്ന് ഉത്തരങ്ങൾ നൽ കുന്നതായിക്കാണാം. ഒന്ന്, ദാവീദും കൂടെയുള്ളവരും കാഴ്ചയപ്പം തിന്നു. അതവർക്ക് അനുവദിച്ചിരുന്നില്ല. എങ്കിലും അവരെ കുറ്റപ്പെടുത്തിയില്ല. ഇവിടെ ഇതാ ദാവീദിന്റെ പുത്രനായ മശിഹാ അവന്റെ സൃഷ്ടിയായ വയ ലിൽനിന്നും കതിർ പറിച്ചത് ന്യായമല്ലയോ? രണ്ടാമതായി, പുരോഹിതന്മാർ ശബ്ബത്തിൽ യാഗം അർപ്പിക്കുന്നത് കുറ്റകരമല്ല (സംഖ്യാ. 28:9,10). മതനേതാക്കൾ മാനുഷ ഉപദേശങ്ങൾക്ക് ന്യായപ്രമാണത്തേക്കാൾ പ്രാധാന്യം കൊടുത്തിരുന്നു. ഇന്നും ദൈവവചനത്തേക്കാൾ കൂടുതലായി പാരമ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതായിക്കാണാം. തൽഫലമായി അനേകർ വഴിതെറ്റിപ്പോകുന്നു. ക്രിസ്തു വരണ്ട കയ്യുള്ള മനുഷ്യനെ സൗഖ്യമാക്കി. ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ എന്നു മതനേതാക്കളോട് ക്രിസ്തു ചോദിച്ചു. അവർ കുഴിയിൽ വീണുപോയ ആടിനെ പിടിച്ചുകയറ്റുവാൻ ശബ്ബത്തിൽ മടിച്ചിരുന്നില്ല. അങ്ങനെയാണെങ്കിൽ ഒരു രോഗിയായ മനുഷ്യനെ സൗഖ്യമാക്കുന്നത് എത്ര ന്യായമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ കർത്താവ് മതത്തിന്റെ ആചാരങ്ങളിലല്ല, പ്രത്യുത കരുണയിൽ പ്രസാദിക്കുന്ന കർത്താവാകുന്നു. അവൻ ശബ്ബത്തിനു കർത്താവാണ്. ഇവിടെ ക്രിസ്തു ദൈവമാണെന്നുള്ള സത്യം വ്യക്തമാണ്.

## ക്രിസ്തുവിന് എതിരായി ഗൂഢാലോചന നടത്തുന്നവർ

ക്രിസ്തു ചെയ്ത നന്മ കണ്ട ശേഷവും അവന് എതിരായി ചിന്തിക്കുകയും അവനെ നശിപ്പിക്കുവാൻ ശബ്ബത്തിൽ ഗൂഢാലോചന നടത്തുകയും ചെയ്യുന്നവരായിരുന്നു അന്നത്തെ മതനേതാക്കൾ. അവരോട് ക്രിസ്തു തന്റെ വ്യക്തിത്വത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തി. ക്രിസ്തു അവരുടെ ഹൃദയരഹസ്യങ്ങളെ അറിയുന്നവനാണ്. കുരുടനായ ഭൂതഗ്രസ്തനെ സൗഖ്യമാക്കുകയാൽ പുരുഷാരം വിസ്മയിച്ചു. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് എന്നും ജനത്തെ അത്ഭുതപ്പെടുത്തുന്നു. മതനേതാക്കൾ, ക്രിസ്തു ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാണ് സൗഖ്യമാക്കുന്നത് എന്നു പരിഹാസമായിപ്പറഞ്ഞു. ക്രിസ്തു പരിശുദ്ധാത്മശക്തി കൊണ്ടാണ് സൗഖ്യമാക്കിയത്. പരീശന്മാർ അങ്ങനെ പരിശുദ്ധാത്മാവിനെ പരിഹസിച്ച് ക്രിസ്തുവിനെ നിഷേധിച്ചു. അവരുടെ യുക്തിരാഹിത്യം ക്രിസ്തു ചൂണ്ടിക്കാണിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ദൈവരാജ്യം വന്നെത്തിയിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. ക്രിസ്തു പിശാചിന്റെ പ്രവൃത്തികളെ തകർക്കുവാൻ ശക്തിയുള്ളവനാണ്. മതനേതാക്കളുടെ ദുഷ്ടഹൃദയം നിറഞ്ഞുകവിയുന്നത് ക്രിസ്തുവിനെ എങ്ങനെ എങ്കിലും നശിപ്പിക്കണം എന്നുള്ളതായിരുന്നു. അവർ അങ്ങനെ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തു. ഇന്നു ക്ഷമിക്കപ്പെടാത്ത പാപം ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാത്തതാകുന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുകയാണ്. പരിശുദ്ധാത്മശക്തി ലഭിച്ചവർ ക്രിസ്തുവിന്റെ സാക്ഷികളാകുന്നു (യോഹ. 15:26; 16:7-11, പ്രവൃ. 1:8). പരിശുദ്ധാത്മാവിനെതിരെ നിസ്സാരവാക്കുകൾ പോലും പറയരുത്.

## അടയാളം അന്വേഷിക്കുന്നവർ (12:38-42)

യെഹൂദന്മാർ അടയാളം അന്വേഷിക്കുന്നവരായിരുന്നു. അത് അവിശ്വാസത്തിന്റെ തെളിവാകുന്നു. അവർ എത്ര കണ്ടിട്ടും ക്രിസ്തുവിനെ അവരുടെ മശിഹയായി സ്വീകരിക്കുവാൻ മനസ്സുള്ളവർ അല്ല. എങ്കിലും ക്രിസ്തു അവർക്ക് മൂന്ന് അടയാളങ്ങൾ നൽകി. ക്രിസ്തു യോനയിലും വലിയവൻ. യോനാ ഒരു യെഹൂദനും നീനവെയിൽ ജാതികളോട് പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ടവനുമാണ്. അവൻ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്ന് പകലുമിരുന്നത് നീനവെയിലുള്ളവർക്ക് ഒരു അടയാളമായിരുന്നു. അതുപോലെ ക്രിസ്തുവിന്റെ മരണപുനരുത്ഥാനം അവന്റെ ദൈവത്വത്തിന്റെ തെളിവാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനം അവന്റെ നിസ്തുല്യത വിളിച്ചറിയിക്കുന്നു. ക്രിസ്തുവിന്റെ സാക്ഷികൾ അവന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികളാകണം (പ്രവൃ. 2-7). ക്രിസ്തു യോനയേക്കാൾ വലിയവനാണ്. യോനാ ഒരു സാധാരണ മനുഷ്യനായിരുന്നു. ക്രിസ്തു ദൈവപുത്രനാണ്. യോനാ ആദ്യം ദൈവകല്പന അനുസരിച്ചില്ല. ക്രിസ്തു മരണത്തോളം അനുസരണമുള്ളവനായിരുന്നു. യോനാ കടലാനയുടെ വയറ്റിൽനിന്നും പുറത്തുകൊണ്ടുവരപ്പെട്ടു. ക്രിസ്തു സ്വന്തശക്തിയാൽ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേറ്റവനാണ്. യോനാ നീനവെയിൽ ഉള്ളവരോട് പ്രസംഗിച്ചു. ക്രിസ്തുവോ സ്വന്തജീവൻ ലോകത്തിനു നൽകി. യോനാ ന്യായവിധിയെക്കുറിച്ച് പ്രസംഗിച്ചു. ക്രിസ്തു രക്ഷയുടെയും കൃപയുടെയും സന്ദേശവാഹകനായിരുന്നു. യോനാ നീനവെയിലുള്ളവരെ സ്നേഹിച്ചില്ല. ക്രിസ്തു സകലരെയും സ്നേഹിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും നിത്യജീവനുമുണ്ട്.

## ക്രിസ്തു ശലോമോനിലും വലിയവൻ

ശലോമോന്റെ ജ്ഞാനം ലോകപ്രസിദ്ധമാണ്. അവന്റെ ജ്ഞാനം കേൾക്കുവാൻ ശെബാരാജ്ഞി യെരൂശലേമിൽ വന്നു. അതുകേട്ട് അവൾ അത്ഭുതപ്പെട്ടു. ക്രിസ്തുവിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു (കൊലൊ. 2:3). അവനിൽ നിന്ന് ലഭിക്കുന്ന ജ്ഞാനം നമ്മെ രക്ഷയ്ക്ക് പരിജ്ഞാനി ആക്കുന്നതാണ്. അവന്റെ വചനം ധ്യാനിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തിയും സന്തോഷവും നിസ്തുല്യമാണ്. ഇവിടെ ഇതാ ശലോമോനിലും വലിയവൻ. നീനവെക്കാർ യെഹൂദമതനേതാക്കളെ ന്യായം വിധിക്കും. എന്തുകൊണ്ടെന്നാൽ അവർ മാനസാന്തരപ്പെട്ടില്ല. അവർ ക്രിസ്തുവിനെ അവരുടെ മശിഹയായി സ്വീകരിച്ചില്ല.

ശെബാരാജ്ഞി വളരെ ദൂരം സഞ്ചരിച്ചു ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ വന്നു. യെഹൂദമതനേതാക്കൾ ക്രിസ്തുവിന്റെ പ്രവൃത്തിയും പ്രഭാഷണങ്ങളും പല പ്രാവശ്യം കേട്ട ശേഷവും അവനിൽ വിശ്വസിച്ചില്ല. ശെബാ രാജ്ഞി അവർക്കെതിരെ സാക്ഷ്യം പറയും.

### മാനസാന്തരം മാത്രം പോര (12:43-45)

യെഹൂദജാതിയെ ഒരു ഭവനത്തോട് തുലനംചെയ്തിരിക്കുന്നു. അത് അടിച്ചുവാരി അലങ്കരിച്ചു. യെഹൂദ ജാതി വിഗ്രഹാരാധനയിൽനിന്നും മനംതിരിഞ്ഞു വരികയും മാനസാന്തരത്തിന്റെ അനുഭവമുള്ളവരാകുകയും ചെയ്തു. എന്നാൽ അവരുടെ മശിഹയെ സ്വീകരിക്കുവാൻ മനസ്സുവെച്ചില്ല. ഹൃദയം ശൂന്യമായി കിടക്കുന്നതിന്റെ ഫലമായി മുമ്പിലത്തേതിലും ദുഷ്ടതയേറിയ അവസ്ഥയിലേക്ക് അവർ എത്തിച്ചേരും. ക്രിസ്തുവിനെ നിഷേധിച്ച വർ അന്തിക്രിസ്തുവിനെ സ്വീകരിക്കുന്ന ദുഃഖകരമായ അവസ്ഥയിൽ എത്തും. മതത്തിന്റെ ആചാരങ്ങൾ മാത്രം പോര. ക്രിസ്തു സ്വന്തരക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ വരുമ്പോൾ ഒരുവൻ പുതിയ സൃഷ്ടിയായി മാറ്റപ്പെടും. അതിനു മാനസാന്തരവും ക്രിസ്തുവിലുള്ള വിശ്വാസവും ആവശ്യമാണ്.

### ആത്മീയ ബന്ധത്തിന്റെ പ്രാധാന്യം (12:46-50)

ക്രിസ്തുവിന്റെ അമ്മയും സഹോദരന്മാരും അവനെ കാണുവാൻ വന്നു. അതറിഞ്ഞ കർത്താവ് ശിഷ്യന്മാ രോട് 'എന്റെ അമ്മയും സഹോദരന്മാരും ആർ' എന്നു ചോദിച്ചു. ക്രിസ്തുവിന്റെ കുടുംബം അവനെ തെറ്റിദ്ധരി ച്ചിരുന്നു (യോഹ. 7:1-5). അവനു ബുദ്ധിഭ്രമം സംഭവിച്ചു എന്നവർ കരുതി (മർക്കൊ. 3:21). അവരെ ക്രിസ്തു ബഹുമാനിക്കാതിരുന്നില്ല. എങ്കിലും ആത്മീയബന്ധത്തിന്റെ ഔന്നത്യം ക്രിസ്തു ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ദൈവേഷ്ടം ചെയ്യുന്ന ഏവർക്കും ദൈവമക്കളാകുവാൻ കഴിയും. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ അഥവാ ക്രിസ്തുവിൽ വിശ്വസിക്കുന്നതത്രെ. അതിനു നമുക്കിടയാകട്ടെ (യോഹ. 6:28,29).

## അദ്ധ്യായം 13

### ക്രിസ്തുവിന്റെ ഉപമകൾ

ആദ്യത്തെ നാലുപമകൾ പുരുഷാരത്തോടും തുടർന്നുള്ള ഉപമകൾ ശിഷ്യന്മാരോടും പറഞ്ഞിട്ടുള്ളതാണ്. എന്തുകൊണ്ടാണ് കർത്താവ് ഉപമകളായി പുരുഷാരത്തോട് സംസാരിച്ചത്? അവർ കണ്ടതും കേട്ടതുമായ കാര്യ ങ്ങൾ ഗ്രഹിച്ചില്ല. അതുകൊണ്ട് ജനത്തോട് ഉപമകൾ ആയി കാര്യങ്ങൾ പറഞ്ഞു. യെഹൂദമതനേതാക്കൾ ക്രിസ്തു വിനെ നിഷേധിച്ചു. അവരോട് ദൈവികരഹസ്യങ്ങൾ ഉപമകളിൽക്കൂടി വെളിപ്പെടുത്തി. ശിഷ്യന്മാർക്ക് ക്രിസ്തു ഉപമകളെ വ്യാഖ്യാനിച്ചുകൊടുത്തു. അവർ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ അറിയുവാൻ വരം ലഭിച്ചവരാണ് (13:11). രക്ഷിക്കപ്പെടാത്തവർക്ക് അതു സാധിക്കുന്നതല്ല. ദൈവമക്കൾ ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുമ്പോൾ ദൈവാ ത്മനിശ്വസ്തമായ തിരുവെഴുത്തുകൾ ഗ്രഹിക്കുവാൻ സാധിക്കും.

### വിതയ്ക്കുന്നവന്റെ ഉപമ (13:1-23)

ഈ ഉപമയിൽ വിത്ത് ദൈവവചനമാണ്. നല്ല നിലത്ത് വീണ വിത്ത് ഫലം പുറപ്പെടുവിക്കുന്നു. വഴിയരി കെയും പാറസ്ഥലത്തും മുള്ളിനിടയിലും വീണ വിത്ത് ക്രിസ്തുവിന്റെ വചനത്തോടുള്ള മനുഷ്യന്റെ പ്രതിക രണം വ്യക്തമാക്കുന്നു. പാറപോലെയുള്ള ഹൃദയത്തിൽ സുവിശേഷം പ്രവർത്തി ക്കുന്നില്ല. വഴിയരികെ വീണ വിത്തിന്റെ അവസ്ഥ അതാകുന്നു. ചിലരിൽ ദൈവവചനം ഉപരിപ്ലവമായ പ്രതികരണം മാത്രമേ ഉളവാക്കുന്നുള്ളൂ. മുള്ളിനിടയിൽ വീണ വിത്ത് ലോകത്തിന്റെ ചിന്തകളാലും ആകർഷണത്താലും ദൈവവചനത്തിനു പ്രവർത്തിക്കു വാൻ കഴിയാത്ത ഹൃദയത്തെ കാണി ക്കുന്നു. ദൈവവചനത്തോടുള്ള ശരിയായ പ്രതികരണം രക്ഷിക്കപ്പെട്ടതിന്റെ തെളിവാകുന്നു. അവർ വിശുദ്ധ ജീവിതം നയിക്കുന്നവരും സൽപ്രവൃത്തികളിൽ വർദ്ധിച്ചുവരുന്നവരും ആയിരി ക്കും. ദൈവത്തെ ആരാധിക്കുവാനും സുവിശേഷം മറ്റുള്ളവരുമായി പങ്കിടാനും സഹോദരവർഗ്ഗത്തെ സഹായി ക്കുവാനും അവർ ഉത്സാഹം ഉള്ളവരായിരിക്കും. ക്ഷണത്തിൽ ഉണങ്ങിപ്പോകുന്ന വിത്ത് രക്ഷിക്കപ്പെടാത്ത നാമ ധേയക്രിസ്ത്യാനിയെ കാണിക്കുന്നു. ദൈവവചനം നാം കേൾക്കുന്നവരായിരിക്കണം. അത് എന്ത് നമ്മോട് സംസാ രിക്കുന്നുവെന്ന് ശ്രദ്ധിക്കണം. അതുപോലെതന്നെ എങ്ങനെ നാം കേൾ ക്കുന്നു എന്നുള്ളതും പ്രാധാന്യമുള്ള താണ് (ലൂക്കൊ. 8:18).

### കളയുടെ ഉപമ (13:24-30)

ഇന്നു ദൈവരാജ്യത്തിൽ രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും ഉൾപ്പെട്ടിരിക്കുന്നു എന്ന സത്യം ഈ ഉപമ വ്യക്തമാക്കുന്നു. കളയും കോതമ്പും ഒത്തുവളരുന്നു. വിത്ത് വിതയ്ക്കുന്നവൻ കർത്താവാണ്. വയൽ ലോക വും. നല്ല വിത്ത് രക്ഷിക്കപ്പെട്ടവർ. കള നാമധേയ ക്രിസ്ത്യാനികൾ. കൊയ്യുന്നവർ ദൂതന്മാർ. ദൈവരാജ്യം ഇന്ന് ഒരു ആത്മിക അനുഭവമാണ്. ക്രിസ്തുവിന്റെ സഭ ദൈവരാജ്യത്തെ ഇന്നും കാണിക്കുന്നു. നാമധേയ ക്രിസ്ത്യാ നികൾ ദൈവാത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നില്ല (ഗലാ. 5:19-23). അവർ പ്രവർത്തനനിരതരായിരിക്കാം. എന്നാൽ നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അവർ അനുഭവിക്കുന്നില്ല (റോമർ 14:17). ഇന്നു പ്രാദേശിക സഭയിൽ രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും ഉണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ കൊയ്ത്തു

നടക്കും. അന്നു ദൂതന്മാർ കളയും കോതമ്പും വേർതിരിക്കും. അപ്പോൾ രക്ഷിക്കപ്പെടാത്തവർ നരകത്തിൽ തള്ളപ്പെടും. രക്ഷിക്കപ്പെട്ടവർ ദൈവരാജ്യത്തിനു യോഗ്യരാകും.

### കടുകുമണിയുടെ ഉപമ (13:31,32)

സഭയുടെ ആരംഭം വളരെ ചെറിയ നിലയിലായിരുന്നു. എന്നാൽ ഇന്ന് അത് ഒരു വലിയ പ്രസ്ഥാനമായി തീർന്നിരിക്കുന്നു. കടുകുചെടി ചെറുതാണ്. അത് വളർന്ന് വലുതായിരിക്കുന്നു. ആകാശത്തിലെ പറവകൾ അതിൽ വസിക്കുന്നു. ഇന്ന് സഭ പല ദുരുപദേശങ്ങളുടെയും വാസസ്ഥലമാണ്. വളർച്ച ആത്മികതയെ കാണിക്കുന്നില്ല. ഇന്നു സഭ ആത്മികമായി ക്ഷീണിച്ചിരി ക്കുന്നു എന്ന സത്യം ഈ ഉപമ കാണിക്കുന്നു.

### പുളിച്ച മാവിന്റെ ഉപമ (13:33)

ഇന്ന് ദൈവസഭ പല ദുരുപദേശങ്ങൾക്കുമെതിരെ സംസാരിക്കുന്നില്ല. തൽഫലമായി സഭ മലിനപ്പെട്ടിരിക്കുന്നു. ദുരുപദേശങ്ങൾ പ്രചരിക്കുവാൻ സഭ അനുവദിക്കുന്നതിന്റെ ഫലമായി അനേകർ തെറ്റിപ്പോകുന്നു. വേദപുസ്തകത്തിൽ പുളിച്ച മാവ് ഉപദേശപരവും ധാർമ്മികവുമായ അശുദ്ധിയെ ചൂണ്ടിക്കാണിക്കുന്നു (ഗലാ. 5:9).

### നിധിയുടെ ഉപമ (13:44)

ദൈവം രക്ഷിക്കപ്പെട്ടവരുടെ സമൂഹമായ സഭയ്ക്ക് നൽകുന്ന വിലയുടെ മാഹാത്മ്യം ഈ ഉപമയിൽ കാണാം. നമ്മെ വീണ്ടെടുക്കുവാൻ ക്രിസ്തു വലിയ വില കൊടുക്കേണ്ടി വന്നു. സ്വന്തജീവൻ നൽകി നമ്മെ വിലയ്ക്കു വാങ്ങി. ഇന്നു നാം ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊ. 3:3).

### മുത്തിന്റെ ഉപമ (13:45,46)

ഇവിടെ വ്യാപാരി ക്രിസ്തുവാണ്. മുത്ത് വീണ്ടെടുക്കപ്പെട്ടവരും. ക്രിസ്തു കൊടുത്ത വില അവന്റെ ജീവനായിരുന്നു. നമ്മെ അത്രമാത്രം സ്നേഹിച്ചു. മുത്തിനു തുല്യം, വിലയേറിയവരാക്കുവാൻ പ്രസാദിച്ച ഈ കർത്താവിനെ എങ്ങനെ നമുക്ക് സ്നേഹിക്കാതിരിക്കുവാൻ കഴിയും?

### വലയുടെ ഉപമ (13:47-50)

ലോകമാകുന്ന സമുദ്രത്തിൽ സുവിശേഷമാകുന്ന വല വീശുന്നവരാണ് നാം. നല്ലതും ചീത്തയുമായ മൽസ്യങ്ങൾ വലയിൽ ഉണ്ടായിരിക്കും. സുവിശേഷത്തോടുള്ള മനുഷ്യന്റെ പ്രതികരണം ഇതു കാണിക്കുന്നു. നല്ല മൽസ്യം രക്ഷിക്കപ്പെട്ടവരാണ്. അവർ ദൈവരാജ്യത്തിന്റെ സൗഭാഗ്യം അനുഭവിക്കും. രക്ഷിക്കപ്പെടാത്തവർ നരകയോഗ്യരാകും.

ക്രിസ്തു ശിഷ്യന്മാരോട് ഉപമകളിൽക്കൂടി ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ വിശദീകരിച്ചു. അതു വ്യാഖ്യാനിക്കേണ്ട വിധവും വ്യക്തമാക്കി. അവർ അത് ഗ്രഹിച്ചു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ദൈവവചനരഹസ്യങ്ങൾ വിശദീകരിച്ചുകൊടുക്കുവാൻ കഴിവുള്ളവരായിരിക്കണം.

### നസറെത്തിലെ ജനങ്ങളുടെ പ്രതികരണം (13:53-58)

ക്രിസ്തു സ്വന്തപട്ടണമായ നസറെത്തിലുള്ള പള്ളിയിൽ ഉപദേശിച്ചു. അവർ അവന്റെ അത്ഭുതപ്രവൃത്തികൾ കണ്ടു. എന്നാൽ അവർ അവനിൽ വിശ്വസിച്ചില്ല. അവങ്കൽ അവർ ഇടറിപ്പോയി. ജനത്തിൽ വിസ്മയം ഉളവാക്കുവാൻ അവന്റെ പ്രവൃത്തികൾ പര്യാപ്തമായിരുന്നു. പക്ഷെ സ്വന്തഭവനത്തിൽ അവന് ബഹുമാനം ലഭിച്ചില്ല. തൽഫലമായി അവരുടെ ഇടയിൽ തുടർന്ന് പ്രവർത്തിച്ചില്ല. ഏതുകാലത്തും ആത്മികവിഷയങ്ങളെ നിരസിക്കുന്നവർക്ക് ദൈവിക അനുഗ്രഹങ്ങൾ ലഭിക്കയില്ല. ക്രിസ്തുവിന്റെ ഉപദേശത്തിങ്കൽ ഇടറിപ്പോകുന്നത് എത്ര ഭയങ്കരമാണ്.

## അദ്ധ്യായം 14

### യോഹന്നാൻ സ്നാപകൻ കൊല്ലപ്പെടുന്നു (14:1-12)

ഹെരോദാവ് അന്തിപ്പാസും ഹെരോദ്യയും തമ്മിലുള്ള അവിഹിത ബന്ധം അവൻ ചൂണ്ടിക്കാണിച്ചു. തൽഫലമായി തന്ത്രപരമായ നിലയിൽ കൊല്ലപ്പെട്ടു. ഹെരോദാവിന്റെ മനഃസാക്ഷി അവനെ കുറ്റംവിധിച്ചുകൊണ്ടിരുന്നു. ആ സന്ദർഭത്തിലാണ് ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് ഹെരോദാവ് കേട്ടത്. യോഹന്നാൻ സ്നാപകൻ ഉയിർത്തെഴുന്നേറ്റ് വന്നതായിരിക്കാം ക്രിസ്തു എന്നവൻ തെറ്റിദ്ധരിച്ചു. ആത്മീയ വിഷയങ്ങളിൽ താൽപര്യമില്ലാത്തവർക്ക് എന്നുമിത് സംഭവിക്കാം. പാപത്തെ ചൂണ്ടിക്കാണിക്കുമ്പോൾ ഇന്നും എതിർപ്പുകൾ ഉണ്ടാകാവുന്നതാണ്. എന്നാൽ പാപം സമ്മതിച്ച് ഉപേക്ഷിക്കുന്നവർക്ക് കരുണ ലഭിക്കും. ഹെരോദാവിന് അതിന് കഴിഞ്ഞില്ല. തൽഫലമായി അവന്റെ കുടുംബത്തിൽ എന്നും രക്തച്ചൊരിച്ചിൽ ഉണ്ടായിരുന്നു. യോഹന്നാൻ സ്നാപകൻ ഒരു മെഴുകുതിരിപോലെ ദൈവത്തിനായി എരിഞ്ഞടങ്ങി. അവന്റെ ശുശ്രൂഷ തികച്ചു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം.

### അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു (14:13-21)

ഈ അത്ഭുതപ്രവൃത്തി നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. യോഹന്നാൻ സ്നാപകന്റെ മരണവാർത്ത കേട്ട ക്രിസ്തു ആ സ്ഥലം വിട്ട് നിർജ്ജനമായ ഒരു സ്ഥലത്തേക്ക് പോയി. എന്നാൽ ജനം കാൽ ന ടയായി അവന്റെ അടുക്കൽ ചെന്നു. എതിർപ്പുകളുടെ മദ്ധ്യത്തിലും ക്രിസ്തു പിൻമാറാതെ അവന്റെ ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു. അവൻ ജനത്തെ കണ്ട് മനസ്സലിഞ്ഞു. അവരെ ഉപദേശിച്ചു. രോഗികളെ സൗഖ്യമാക്കി. വിശന്നുവലയുന്ന ജനത്തെ പോഷിപ്പിച്ചു. ജനം സംതൃപ്തരായി. ക്രിസ്തു ജീവിതത്തിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ യഥാർത്ഥമായ തൃപ്തി അനുഭവിക്കുവാൻ സാധിക്കൂ. അതിനു നാം ആവശ്യബോധത്തോടു കൂടെ അവനെ സമീപിക്കണം. ബാലന്റെ അഞ്ചപ്പവും രണ്ടു മീനും മുഖാ ന്തരം ജനത്തെ തൃപ്തിപ്പെടുത്തുവാൻ ക്രിസ്തു ശക്തി യുള്ളവനാണ്. ക്രിസ്തുവിൽ തൃപ്തി കണ്ടവർ അവനെ തുടർന്നും അനുഗമിക്കും (യോഹ. 6:26). ശേഷിച്ച അപ്പ ക്കഷണം പന്ത്രണ്ട് കുട്ട നിറച്ചെടുത്തു. ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹത്തെ ഇത് കാണിക്കുന്നു. തന്റെ ദാസന്മാർക്ക് അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവ് നൽകുന്ന വിശ്വസ്തനായ യജ മാനനാണ് ക്രിസ്തു (ലൂക്കൊ. 6:38).

### ക്രിസ്തു കടലിന്മേൽ നടക്കുന്നു

ക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും പിതാവിനു പ്രസാദം ഉളവാ ക്കത്തക്കതായിരുന്നു. ഏകനായി പ്രാർത്ഥി ക്കുവാൻ അവൻ സമയം കണ്ടെത്തിയിരുന്നു. ദൈവമക്കളനുകരിക്കുവാൻ യോഗ്യമായ പ്രവൃത്തിയായിരുന്നു ഇത്. ശിഷ്യന്മാർ പടകു കയറി അക്കരയ്ക്കു പോകുവാൻ കർത്താവ് അവരെ നിർബന്ധിച്ചു. കടലിൽ അവർക്കു പ്രതി കൂലങ്ങൾ നേരിട്ടു. അവർ മരണഭയത്തിലായി. എന്നാൽ ക്രിസ്തു അവർക്ക് നാലാം യാമത്തിൽ പ്രത്യക്ഷപ്പെട്ടു. കടലിൻ മീതെ നടന്ന് അവരുടെ അടുക്കൽ ചെന്നു. അവനെ ഒരു ഭൂതമെന്ന് തെറ്റിദ്ധരിച്ചു. അവരോട് “ഞാനാ കുന്നു” എന്നുള്ള പ്രസ്താവന ക്രിസ്തുവിന്റെ ദൈവത്വം തെളിയിക്കുന്നു. പത്രൊസ് കടലിൻ മീതെ നടന്ന കർത്താ വിനെ സമീപിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ക്രിസ്തു അതിനു സമ്മതിച്ചു. എന്നാൽ പത്രൊസ് കാറ്റുകണ്ട് പേടിച്ചു മുങ്ങുവാൻ തുടങ്ങി. അവന്റെ ദൃഷ്ടി ക്രിസ്തുവിൽനിന്നും മാറിപ്പോയി. നാം പത്രൊസിന് തുല്യരാണ്. പ്രതികൂലങ്ങൾ ഉണ്ടാകുമ്പോൾ നാം വിശ്വാസത്തിൽ ക്ഷീണിക്കുന്നു. അങ്ങനെയുള്ള സന്ദർഭത്തിലും കൈനീട്ടി നമ്മെ രക്ഷിക്കുവാൻ മനസ്സുള്ള രക്ഷിതാവാണ് കർത്താവ്. അവനു കാറ്റിനെ അമർത്തുവാൻ കഴിയും. ഈ സംഭവം കണ്ട ശിഷ്യന്മാർ ക്രിസ്തു ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞ് അവനെ നമസ്കരിച്ചു. ക്രിസ്തു നമ്മുടെ ജീവിത ത്തിൽ ചെയ്യുന്ന അത്ഭുത കാര്യങ്ങൾ അവന്റെ ഔന്നത്യം അംഗീകരിച്ച് അവനെ ആരാധിക്കുവാൻ നമ്മെ സഹാ യിക്കട്ടെ. ക്രിസ്തുവിനെക്കുറിച്ചുള്ള വാർത്ത ജനത്തെ അവങ്ക ലേക്ക് ആകർഷിച്ചു. അവനോട് ബന്ധപ്പെട്ടവർ ഒക്കെയും അനുഗ്രഹിക്കപ്പെട്ടു (9:20-22).

## അദ്ധ്യായം 15

### ദൈവവചനവും പാരമ്പര്യവും

യെരൂശലേമിൽനിന്നും മതനേതാക്കന്മാർ ക്രിസ്തുവിൽ കുറ്റംകണ്ടുപിടിക്കുവാൻ അവന്റെ അടുക്കൽ വന്നു. ശിഷ്യന്മാർ പിതാക്കന്മാരുടെ പാര മ്പര്യം ലംഘിച്ചു എന്ന് കുറ്റപ്പെടുത്തി. അവർ മോശെയാൽ രചിക്കപ്പെട്ട ദൈവ കല്പനകൾ കൂടാതെ വായ്മൊഴിയായി നൽകപ്പെട്ട കല്പനകളുമുണ്ട് എന്ന് വിശ്വസിച്ചിരുന്നു. അത് പാരമ്പര്യ മായി അവർക്ക് ലഭിച്ചിരുന്നു. അതിൽ ഒന്നായിരുന്നു ഭക്ഷിക്കുന്നതിനു മുമ്പ് കൈകഴുകണം എന്നുള്ളത്. ക്രിസ്തു അവരുടെ പാരമ്പര്യത്തിൽ അടങ്ങിയിരിക്കുന്ന കപടഭക്തി ചൂണ്ടിക്കാണിച്ചു. മാതാപിതാക്കളെ ബഹുമാനിക്കണം എന്നുള്ള കല്പന അവർക്കുണ്ടായി രുന്നു (പുറ. 20:12). എന്നാൽ അവരുടെ സ്വത്ത് ദൈവാലയത്തിനു നേർന്നിരി ക്കുന്നു എന്നു മറചാരി മാതാപിതാക്കളെ സഹായിക്കുന്നതിൽനിന്നും ഒഴിഞ്ഞിരുന്നു. അപ്പോൾ തന്നെ അവർ സ്വത്തിന്റെ ഗുണം അനുഭവിച്ചിരുന്നു. മക്കൾ അമ്മയപ്പന്മാരെ ബഹുമാനിക്കുകയും പ്രായമുള്ള അമ്മയപ്പന്മാരെ സഹായിക്കുകയും ചെയ്യണമെന്ന് ക്രിസ്തു വ്യാഖ്യാനിച്ചുകൊണ്ട് അവരുടെ കപടഭക്തി ചൂണ്ടിക്കാണിച്ചു. ഭക്ഷണം ആരെയും അശുദ്ധരാക്കുന്നില്ല. ക്രിസ്തു ഹൃദയവിശുദ്ധിയുടെ പ്രാധാന്യം വ്യക്തമാക്കി. മതഭക്തരായ യെഹൂദ ന്മാരുടെ കപടഭക്തി വ്യക്തമാക്കിക്കൊണ്ട് അവർ കുരുടന്മാരായ വഴികാട്ടികൾ മാത്രമാണെന്ന് ക്രിസ്തു പറഞ്ഞു (15:14-20). ദൈവവചനത്തേക്കാളുപരിയായി പാരമ്പര്യങ്ങൾക്കു പ്രാധാന്യം നൽകുന്ന മതങ്ങളും സഭകളും ഇന്നു മുണ്ട്. അവർ കുരുടന്മാരായ വഴികാട്ടികളത്രെ. അവരെ ഒഴിഞ്ഞിരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

### കനാന്യസ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു (15:21-28)

പാലസ്തീൻ നാടിനു വെളിയിൽ ക്രിസ്തു പ്രവർത്തിച്ച ഏകസംഭവം ഇതാണ്. ഇവൾ ജാതിയിൽ പെട്ടവളാ യിരുന്നു. കനാന്യസ്ത്രീ ക്രിസ്തുവിനെ ആവശ്യബോധത്തോടെ സമീപിച്ചു. അവനെ “ദാവീദുപുത്രാ” എന്ന് വിളിച്ചുകൊണ്ട് അവളുടെ ആവശ്യം അറിയിച്ചു. ക്രിസ്തുവിന്റെ നിസ്തുല്യത അംഗീകരിച്ചുകൊണ്ട് പ്രാർത്ഥിക്കു മ്പോൾ ഉത്തരം ലഭിക്കുന്നു. അവളോടുള്ള സംഭാഷണത്തിൽക്കൂടെ അവളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി ക്രിസ്തു വ്യക്തമാക്കി. അതു ശിഷ്യന്മാർക്ക് ഒരു പാഠമാകുവാൻ കാരണമായി. കനാന്യസ്ത്രീയുടെ വിശ്വാസത്തെ ക്രിസ്തു പ്രശംസിച്ചു.

## യേശു നാലായിരത്തെ പോഷിപ്പിച്ചു

അവർ മൂന്നു ദിവസം യേശുവിനോട് കൂടെ ആയിരുന്നു. അവന്റെ ഉപദേശം അവർ കേട്ടു. അവരുടെ ആത്മികവും ശാരീരികവുമായ ആവശ്യങ്ങൾ അറിയുന്ന ക്രിസ്തുവിനെ ഇവിടെ കാണാം. അതിനു പരിഹാരമുണ്ടാക്കുവാൻ അവൻ ശക്തനുമാണ്. ജാതികളെയും യെഹൂദന്മാരെയും അനുഗ്രഹിക്കുവാൻ ക്രിസ്തു മതിയായവൻ എന്നിവിടെ തെളിയുന്നു. സഹസ്രാബ്ദവാഴ്ചയിൽ നടക്കുവാൻ പോകുന്നതിന്റെ മങ്ങിയ ചിത്രം ഇവിടെ കാണാം.

# അദ്ധ്യായം 16

## അടയാളം അന്വേഷിക്കുന്നത് ക്രിസ്തു ശാസിക്കുന്നു

അവിശ്വാസികളായ യെഹൂദമതഭക്തർ ക്രിസ്തുവിനോട് മറ്റൊരു അടയാളമാവശ്യപ്പെട്ടു. അവർ ക്രിസ്തുവിനെ പരീക്ഷിക്കുകയായിരുന്നു. അവർ പല അടയാളങ്ങളും കണ്ടവരാണ്. അടയാളം കണ്ടതുകൊണ്ട് ആരും രക്ഷിക്കപ്പെടുകയില്ല. ദൈവവചനങ്ങൾ സത്യമാണെന്നു തെളിയിക്കുവാൻ അടയാളങ്ങൾ ആവശ്യമായിരുന്നു. യെഹൂദന്മാർ അടയാളം അന്വേഷിക്കുന്നവരാണ്. അടയാളം അന്വേഷിക്കുന്നവരെ ക്രിസ്തു ശാസിച്ചു. ദൈവവചനം വിശ്വസിച്ചു രക്ഷിക്കപ്പെടണം എന്നുള്ളതത്രെ ദൈവിക ആലോചന. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. വിശ്വസിക്കുന്നവർ ദൈവത്തിന്റെ മഹത്വം കാണും. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെ യോനയുടെ അടയാളം കാണിക്കുന്നു. രക്ഷിക്കപ്പെട്ടവർക്ക് ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആശ്വാസവും പ്രത്യാശയും നൽകുന്നു. രക്ഷിക്കപ്പെടാത്തവർക്ക് അവൻ ന്യായവിധിയുടെ കർത്താവാണ്. ക്രിസ്തു ദൈവമാണെന്നുള്ളതിന്റെ തെളിവാകുന്നു അവന്റെ ഉയിർത്തെഴുന്നേൽപ്പ്. ഇന്നുതന്നെ ഈ ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുക.

## മതഭക്തരുടെ പുളിച്ച മാവ് (16:5-12)

ശിഷ്യന്മാരോടുള്ള ബന്ധത്തിലാണ് ഇവിടെ ക്രിസ്തുവിനെ കാണുന്നത്. ശിഷ്യന്മാർ ഭക്ഷണത്തെക്കുറിച്ച് വിചാരപ്പെടുന്നവരായിരുന്നു. കർത്താവിൽ ആശ്രയിച്ചു ജീവിക്കുവാൻ അവർ മറന്നുപോയി. അവരോട് താൻ പോഷിപ്പിച്ച ജനസമൂഹത്തെക്കുറിച്ച് ക്രിസ്തു പറഞ്ഞു. കൂടാതെ മതഭക്തരുടെ പുളിച്ച മാവ് സൂക്ഷിച്ചുകൊള്ളുവാൻ മുന്നറിയിപ്പു നല്കി. പുളിച്ച മാവ് ദുരുപദേശത്തെ കാണിക്കുന്നു.

## പത്രൊസിന്റെ ഏറ്റുപറച്ചിൽ (16:13-20)

ഫിലിപ്പിന്റെ കൈസര്യ വിഗ്രഹാരാധനയുടെ കേന്ദ്രമായിരുന്നു. അവിടെ നിന്നാണ് യോർദ്ദാൻ നദി ആരംഭിക്കുന്നത്. ശിഷ്യന്മാർ ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ട് അവന്റെ ഔന്നത്യം മനസ്സിലാക്കിയിരുന്നു. ജനത്തിന്റെ അഭിപ്രായം ക്രിസ്തു അന്വേഷിച്ചു. ക്രിസ്തുവിനു മനുഷ്യനു നൽകാവുന്ന ഏറ്റവും വലിയ ബഹുമാനം ജനം കൊടുത്തു. ഇന്നും ജനങ്ങൾ ക്രിസ്തുവിനെ വലിയ പ്രവാചകനായും, ഗുരുവായും, മനുഷ്യസ്നേഹിയായും മറ്റും കാണുന്നുണ്ട്. എന്നാൽ ദൈവം പ്രസാദിക്കുന്നില്ല. ക്രിസ്തു ശിഷ്യന്മാരോട് ചോദിച്ചു, “നിങ്ങളോ എന്നെ ആർ എന്ന് പറയുന്നു”വെന്ന്. മറുപടിയായി ശിഷ്യന്മാരെ പ്രതിനിധീകരിച്ചുകൊണ്ട് പത്രൊസ് പ്രസ്താവിച്ചത് ശ്രദ്ധേയമത്രെ: “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു.” അവന്റെ ദൈവത്വം ശിഷ്യന്മാർ അംഗീകരിച്ചു. തുടർന്ന് പത്രൊസിനോട് “ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല” എന്ന് പറഞ്ഞു. ദൈവപുത്രനിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നതാണ് ജീവിതത്തിലെ മഹാഭാഗ്യം. സഭ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ സമൂഹമാണ്. അതൊരു സംഘടനയല്ല. പ്രത്യുത രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ നാമത്തിൽ കൂടിവന്ന് ദൈവവചനം പഠിച്ചും ആരാധിച്ചും പ്രാർത്ഥിച്ചും കൂട്ടായ്മ ആചരിച്ചും ലോകത്തോട് സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്ന അനുഭവം ആകുന്നു. രക്ഷിക്കപ്പെടുന്നവർ സഭയോട് ചേരുന്നു. സഭ പണിയപ്പെട്ടിരിക്കുന്നത് അപ്പൊസ്തലിക ഉപദേശങ്ങൾ എന്ന അടിസ്ഥാനത്തിലാകുന്നു. ക്രിസ്തുവാണ് അതിന്റെ മൂലക്കല്ല്. ഇവിടെ ഈ പാറമേൽ എന്ന വാക്കിന്റെ അർത്ഥം ഒരു ചെറിയ പാറക്കല്ല് എന്നാണ്. പത്രൊസ് അപ്പൊസ്തലന്മാരെ പ്രതിനിധീകരിച്ചാണല്ലോ സംസാരിച്ചത് (എഫെ. 2:20, വെളി. 21:14). ഇന്നു സഭ പാതാളഗോപുരങ്ങളെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. സാത്താന്റെ അടിമത്തത്തിൽ കഴിയുന്നവർ സുവിശേഷം കേട്ട് രക്ഷിക്കപ്പെടുമ്പോൾ ആ ഗോപുരങ്ങൾ പരാജയപ്പെടുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഇന്നു സുവിശേഷമറിയിക്കുന്നതാകുന്നു. ആ താക്കോൽ പത്രൊസ് പെന്തക്കൊസ്ത് നാളിൽ ഉപയോഗിച്ചു. മൂവായിരത്തോളം അന്നു രക്ഷിക്കപ്പെട്ടു. ഇന്ന് ആ താക്കോൽ നമ്മെ ഏൽപ്പിച്ചിരിക്കുകയാണ്. നമുക്കും സുവിശേഷത്തിന്റെ സാക്ഷികളാകാം. തുടർന്നു ക്രിസ്തു തന്റെ മരണത്തെയും ഉയിർ ത്തെഴുന്നേൽപ്പിനെയും കുറിച്ച് ശിഷ്യന്മാർക്ക് മുന്നറിയിപ്പ് കൊടുത്തു. അങ്ങനെ സംഭവിക്കരുത് എന്നു പറഞ്ഞ പത്രൊസിനെ ക്രിസ്തു ശാസിച്ചു. ഭൗതികതാൽപര്യങ്ങൾക്ക് പ്രാധാന്യം നൽകാതെ ക്രിസ്തുവിനെ അനുഗമിക്കുന്നതിനാണ് താൻ പ്രാധാന്യം നൽകിയത്. സാത്താന്റെ തന്ത്രങ്ങളെ ഒഴിഞ്ഞിരിക്കുവാൻ നമുക്കിടയാകട്ടെ.

## ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ (16:24-28)

ശിഷ്യത്വം വിലയുള്ളതാകുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് അവന്റെ ശിഷ്യന്മാർ. അവർ സ്വന്ത

താൽപര്യങ്ങൾക്കുപരിയായി ദൈവഹിതം ചെയ്യുവാൻ മനസ്സുള്ളവരായിരിക്കണം. യേശുക്രിസ്തുവിനെ ഉയർത്തി ക്കാണിക്കുവാൻ അവർ താൽപര്യമുള്ളവരാകണം. അവർക്ക് ക്രിസ്തുവായിരിക്കണം ജീവിത ലക്ഷ്യം. ക്രിസ്തു പ്രതിഫലം നൽകുവാൻ വേഗം വരുന്നു. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി കാണുന്ന ചിലരെക്കുറിച്ച് ഇവിടെ സൂചനയുണ്ട്. മറുരൂപമലയിൽ ക്രിസ്തു രൂപാന്തരപ്പെട്ടപ്പോൾ അതു നിവർ ത്തിയായി.

## അദ്ധ്യായം 17

### യേശുവിന്റെ രൂപാന്തരം (17:1-8)

ഇവിടെ മനുഷ്യൻ തേജസ്കരിക്കപ്പെട്ടാൽ എങ്ങനെ ആയിരിക്കും എന്ന് മരണത്തിനു മുൻപ് ക്രിസ്തു ശിഷ്യ ന്മാർക്ക് കാണിച്ചുകൊടുത്തു. ക്രിസ്തുവിന്റെ തേജസ്സ് അവർ കണ്ടു എന്നു സാക്ഷിച്ചിട്ടുണ്ട് (യോഹ. 1:14, 2 പത്രൊ. 1:16). ക്രിസ്തുവിൽ ദൈവപ്രഭ അവർ കണ്ടു. പഴയനിയമത്തിൽ ദൈവകല്പനയും അതു ലംഘിക്കുന്നവർക്കു ശിക്ഷാവിധിയും കല്പിച്ചിരുന്നു. ക്രിസ്തുവിൽ ദൈവം വെളിപ്പെട്ടത് സത്യവും കൃപയും നിറഞ്ഞവനായി ട്ടാണ്. വെളിപ്പാട് പുസ്തകത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു മഹത്വസമ്പൂർണ്ണനായി വെളിപ്പെട്ടു. മോശെയും ഏലീയാവും ന്യായപ്രമാണത്തെ യും പ്രവാചകന്മാരെയും കാണിക്കുന്നു. ക്രിസ്തു അവരെക്കാൾ ശ്രേഷ്ഠനാകുന്നുവെന്ന് പിതാ വായ ദൈവം സാക്ഷിച്ചു. ക്രിസ്തുവിന്റെ ഉപദേശം പഴയനിയമത്തിന്റെ നിവൃത്തിയും അവയെക്കാൾ ശ്രേഷ്ഠവുമാകുന്നു. മറുരൂപമലയിലെ സംഭവം ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുമ്പോൾ എങ്ങ നെയുള്ളതായി രിക്കും എന്നതിന്റെ മുൻകുറിയായിരുന്നു. അവിടെ ആയിരിക്കുന്നത് നന്ന് എന്ന് പത്രൊസ് പറഞ്ഞത് നമ്മുടെയും ആഗ്രഹം ആയിരിക്കട്ടെ. ക്രിസ്തുരാജ്യം സ്ഥാപിക്കുന്നതിനു മുമ്പ് ഏലീയാവു വന്ന് സകലവും യഥാസ്ഥാനത്താ ക്കണമെന്നുള്ള സത്യം ശിഷ്യന്മാർക്ക് ക്രിസ്തു വിശദീകരിച്ചു കൊടുത്തു. യോഹന്നാൻ സ്നാപകനിൽ അത് നിവൃത്തിയായി (11:14) എന്നു ശിഷ്യന്മാർ മനസ്സിലാക്കി. മറുരൂപമലയിലെ ഉയർന്ന ആത്മീയ അനുഭ വത്തിനു ശേഷം ചന്ദ്രരോഗിയെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല. ശിഷ്യന്മാരുടെ അല്പവിശ്വാസത്തെ ക്രിസ്തു ശാസിച്ചു. കടുകുമണിക്ക് തുല്യം വിശ്വാസികളിൽ ആരംഭിക്കുന്ന ചെറിയ വിശ്വാസം വളർന്നു വരണം. അപ്പോൾ വിശ്വാസ ജീവിതത്തിൽ ഉണ്ടാകുന്ന മലയ്ക്കു സമമായ പ്രശ്നങ്ങളെ നേരിടുവാൻ സാധിക്കും. ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവരുമ്പോൾ മാത്രമേ എന്തിനും പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിങ്കലേക്ക് മറ്റുള്ളവരെ ആകർഷിക്കുവാൻ നമുക്ക് ഇടയാകട്ടെ. ക്രിസ്തു തന്റെ മരണത്തെക്കുറിച്ച് ശിഷ്യന്മാർക്ക് മുന്നറി യിപ്പ് നൽകി. അവർ വ്യാകുലചിത്തരായിത്തീർന്നു. ഇരുപത് വയസ്സുകഴിഞ്ഞ യെഹൂദന്മാർ ദേവാലയത്തിന്റെ ചെലവിലേക്ക് കരമായി അരശേക്കെൽ ദ്രവ്യം കൊടുക്കണമായിരുന്നു. ക്രിസ്തു ദൈവാലയത്തിനും കർത്താവാ കുന്നു. രാജഗോത്രത്തിൽ ജനിച്ചവർക്കു കരംകൊടുക്കേണ്ടിയിരുന്നില്ല. ക്രിസ്തു ദൈവകല്പന പ്രസ്താവിച്ചപ്പോൾ തന്നെ ആർക്കും ഇടർച്ചയാകാതിരിക്കുവാൻ ശ്രമിച്ചിരുന്നു. അവന്റെ കല്പന അനുസരിച്ച പത്രൊസ് മൽസ്യ ത്തിന്റെ വായിൽ നിന്നും ലഭിച്ച പണം തനിക്കും കർത്താവിനും കരമായി കൊടുത്തു.

## അദ്ധ്യായം 18

ക്രിസ്തു താഴ്മയുടെ പ്രതീകമാകുന്നു. ശിഷ്യന്മാരുടെ ചോദ്യത്തിന് ഒരു ശിശുവിനെപ്പോലെ താഴ്മയും നിർമ്മലതയും വിശ്വാസവും ഉള്ളവർ ദൈവരാജ്യം അവകാശമാക്കും എന്നു പറഞ്ഞു. അഹങ്കാരം ദൈവം വെറു ക്കുന്നു. വലിയവരാകുവാൻ വിശ്വാസികൾ ആഗ്രഹിക്കരുത്. ക്രിസ്തുവിന്റെ മഹത്വം ആയിരിക്കണം നമ്മുടെ ലക്ഷ്യം. നാം ആർക്കും ഇടർച്ച ഉണ്ടാക്കുന്നവരാകരുത്. ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്ന സത്യം, കാണാതെ പോയ ആടിന്റെ ഉപമയിൽക്കൂടി ക്രിസ്തു വെളിപ്പെടു ത്തിയിരിക്കുന്നു. സഹോദരന്മാരോട് ക്ഷമിക്കു ന്നതിന്റെ മാനദണ്ഡം ക്രിസ്തു ശിഷ്യന്മാർക്ക് വിശദീകരിച്ചുകൊടുത്തു. ദൈവമക്കൾ പരിധിയില്ലാത്ത ക്ഷമ ഉള്ള വരായിരിക്കണം. ഈ അദ്ധ്യായത്തിൽ സഭയുടെ ശിക്ഷണ നടപടി വിശദീകരിച്ചിട്ട് ആദ്യം വ്യക്തിപരമായി ബന്ധ പ്പെടുക. അതു സഫല മാകാതെ വന്നാൽ രണ്ടു സാക്ഷികളോടെ സമീപിക്കുക. അതും പരാജയപ്പെട്ടാൽ സഭ യായി ആ വ്യക്തിയെ മാറ്റിനിർത്തുക. രണ്ടോ മൂന്നോ ദൈവമക്കൾ കൂടുന്നിടത്ത് ദൈവസാന്നിദ്ധ്യം ഉണ്ടായിരി ക്കും. ദൈവമക്കൾ കരുണ ലഭിച്ചവരാണ്. അവർ മറ്റുള്ളവരോട് കരുണ ഉള്ളവരായിരിക്കണം. അനുതപിച്ച് മടങ്ങി വരുന്ന വിശ്വാസിയെ സ്നേഹപുരസ്സരം സ്വീകരിക്കണം. നാം അന്യോന്യം ഹൃദയപൂർവ്വം ക്ഷമിക്കുന്നവർ ആയി രിക്കണം. കരുണ കാണിക്കാത്ത ദാസന്റെ ഉപമയിൽ ഈ സത്യം വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിന്റെ മഹത്വം കണ്ടിട്ടുള്ളവർ അവന്റെ സ്വഭാവത്തിന്റെ കൂട്ടാളികളായിരിക്കണം. അതിനു ദൈവവചനപഠനം ആവശ്യമാണ്. ഈ അദ്ധ്യായത്തോടുകൂടെ ക്രിസ്തുവിന്റെ ഗലീലയിലെ ശുശ്രൂഷ അവസാനിച്ചു.

## അദ്ധ്യായം 19

ക്രിസ്തുവിന്റെ യെരൂശലേമിലേക്കുള്ള യാത്രയിൽ സംഭവിച്ച ചില കാര്യങ്ങൾ ആണ് ഈ അദ്ധ്യായത്തിൽ ഉള്ളത്. മതഭക്തരായ പരീശന്മാർ ക്രിസ്തുവിനെ പരീക്ഷിക്കേണ്ടതിനു വിവാഹമോചനത്തെക്കുറിച്ച് ചോദിച്ചു. വിവാഹജീവിതത്തെക്കുറിച്ച് ദൈവത്തിന്റെ കാഴ്ചപ്പാടും മനുഷ്യന്റെ കാഴ്ചപ്പാടും തമ്മിലുള്ള അന്തരം ഇവിടെ

വ്യക്തമാക്കിയിരിക്കുന്നു. ദൈവം ആദി യിൽ വിവാഹം മാന്യമായി നിയോഗിച്ചു നൽകി. ഭാര്യാഭർത്താക്കന്മാർ വേർ പിരിയാതെ കഴിയണം എന്നുള്ളതായിരുന്നു ദൈവകല്പന. എന്നാൽ മനു ഷ്യൻ നിസ്സാരകാരണങ്ങൾ പറഞ്ഞു വിവാഹമോചനം നടത്തുവാൻ തുടങ്ങി. ആയതിനാൽ ഭാര്യയുടെ ഭദ്രതയെ കരുതി വിവാഹമോചനം അനുവദിച്ചു. പരസംഗം ഒഴികെയുള്ള മറ്റു കാരണങ്ങളാൽ വിവാഹമോചനം അനുവദിച്ചിരുന്നില്ല. ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി അവിവാഹിതരായി കഴിയുന്നവർ ഉണ്ട്. ദൈവഹിതപ്രകാരമുള്ള വിവാഹം അനുഗ്രഹം പ്രദാനം ചെയ്യും.

കുഞ്ഞുങ്ങളെപ്പോലെ ആത്മാർത്ഥതയും അനുസരണമനോഭാവവുമുള്ളവർക്ക് മാത്രമേ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകാൻ കഴിയൂ. ധനത്തിന്റെ സ്വാധീനത ദൈവരാജ്യം അവകാശപ്പെടുത്തുവാൻ തടസ്സമായിരിക്കുമെന്നുള്ള സത്യം സമ്പത്തുള്ള യൗവനക്കാരന്റെ അനുഭവം തെളിയിക്കുന്നു. ധനം നശ്വരമാണ്, എന്നാൽ ക്രിസ്തുവിനോടുള്ള ബന്ധം നിത്യമാകുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ഭൗതികസ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരാകരുത്. കർത്താവ് അവർക്ക് പ്രതിഫലം നൽകുവാൻ വേഗം വരുന്നു. അന്ന് അവർ അവനോടു കൂടെ വാഴും. ക്രിസ്തു നിമിത്തം ഇന്ന് കഷ്ടം സഹിക്കുന്നവർക്ക് നൂറുമടങ്ങ് പ്രതിഫലം ലഭിക്കും. രക്ഷിക്കപ്പെടുവാൻ മനുഷ്യന്റെ പരിശ്രമങ്ങൾ പര്യാപ്തമല്ല. എന്നാൽ ദൈവം ധനവാൻ മാരെയും ദരിദ്രരെയും രക്ഷിക്കുവാൻ ശക്തനാകുന്നു.

## അദ്ധ്യായം 20

മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമയിൽ ക്രിസ്തീയസേവനത്തിന്റെ മാതൃക കാണാം. ഞങ്ങൾക്ക് എന്തു കിട്ടുമെന്ന ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള ഉത്തരമാണിത്. ദൈവമക്കൾ കൂലിക്കുവേണ്ടി ക്രിസ്തുവിനെ സേവിക്കുന്നവരല്ല. ക്രിസ്തുവിനോടുള്ള സ്നേഹം അവനെ സേവിക്കുവാൻ നിർബന്ധിക്കണം. സ്വർഗ്ഗത്തിൽ ഉച്ചനീചത്വങ്ങളൊന്നും ഇല്ല. സ്ഥിതിസമത്വവാദത്തിന്റെ വിത്തു പാകിയത് ക്രിസ്തുവാണ്. സ്വന്തതാൽപര്യ ങ്ങൾക്കുവേണ്ടി ക്രിസ്തുവിനെ അനുഗമിക്കുന്നവർ നിരാശരാകും. ക്രിസ്തുവിനുവേണ്ടി വിശ്വസ്തസേവനം ചെയ്യുന്നവർക്ക് പ്രതിഫലം ലഭിക്കും. മാനുഷിക ഒഴിവുകഴിവുകൾ നമ്മെ അതിനു തടസ്സം ചെയ്യരുത്. ദൈവം പരമാധികാരം ഉള്ളവനാണ്. അവന്റെ സ്നേഹം നമ്മെ അവനെ സേവിക്കുവാൻ നിർബന്ധിക്കണം. നാം കൃപയാൽ രക്ഷിക്കപ്പെട്ടവരും ക്രിസ്തുവിനെ സേവിക്കുന്നവരും ആണ്. നാം അപ്രയോജന ദാസന്മാർ മാത്രമാകുന്നു. സ്വന്തകഴിവുകളിൽ പ്രശംസിക്കുന്നവർ ലജ്ജിതരാകും. എന്നാൽ അന്ന് അനേക പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും. എന്തുകൊണ്ടെന്നാൽ ക്രിസ്തു ഹൃദയങ്ങളെ അറിഞ്ഞു പ്രതിഫലം നൽകുന്ന വിശ്വസ്ത യജമാനൻ ആകുന്നു.

യെരൂശലേമിലേക്കുള്ള ഈ യാത്രാമദ്ധ്യേ ക്രിസ്തു തന്റെ മരണത്തെക്കുറിച്ച് ശിഷ്യന്മാരോട് പറഞ്ഞു. ഇവിടെ ക്രിസ്തു എങ്ങനെ മരിക്കും എന്നും പുനരുത്ഥാനം ചെയ്യുമെന്നും വ്യക്തമായി അരുളിച്ചെയ്തു. എന്നാൽ ശിഷ്യന്മാർക്ക് അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. 20:20-ാം വാക്യം മുതൽ സെബെദിപുത്രന്മാരായ യോഹന്നാന്റെയും യാക്കോബിന്റെയും അമ്മയുടെ ആഗ്രഹം കാണാം. അവർ ക്രിസ്തു രാജ്യം സ്ഥാപിക്കുമ്പോൾ അവന്റെ ഇടത്തും വലത്തുമിരിപ്പാൻ അനുവാദം ചോദിച്ചു. ക്രിസ്തുവിന്റെ ആഗമനോദ്ദേശം അവർ മനസ്സിലാക്കിയിരുന്നില്ല. അവരുടെ ദൃഷ്ടി ഭൂമിയോട് ബന്ധപ്പെട്ടതായിരുന്നു. സ്വർഗ്ഗീയ കാഴ്ചപ്പാട് അന്നവർക്കുണ്ടായിരുന്നില്ല. സ്വാർത്ഥ താൽപര്യങ്ങൾക്ക് അന്നവർ അടിമകളായിരുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ഈ അപകടങ്ങൾ ഒഴിവാക്കണം. ക്രിസ്തീയ ജീവിതം സേവനത്തിന്റെ ജീവിതമാകുന്നു. നാം അധികാരമോഹികളാവരുത്. നാം അന്യോന്യം സേവിക്കുവാൻ കടപ്പെട്ടവരാണ്. ക്രിസ്തുവാകുന്നു നമ്മുടെ മാതൃക (20:28). യെരീഹോവിലുള്ള രണ്ടു കുരുടന്മാർക്ക് കർത്താവ് കാഴ്ച നൽകുന്നതായി തുടർന്ന് കാണാം. അവർ ക്രിസ്തുവിനെ മശിഹയായി അഥവാ അവരുടെ വീണ്ടെടുപ്പുകാരനായി വിശ്വസിച്ചിരുന്നു. അതു പ്രസ്താവിക്കുവാൻ അവർക്കു മടിയില്ലായിരുന്നു. ക്രിസ്തു അവരുടെ ആവ ശ്യ മറിഞ്ഞ് അവർക്കുവേണ്ടി പ്രവർത്തിച്ചു. അവർ സൗഖ്യമുള്ളവരായി കർത്താവിനെ അനുഗമിച്ചു. ക്രിസ്തു സേവനത്തിന്റെ ഉത്തമമാതൃക ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. സമ്പത്തുള്ള യുവാവും, ആരാകുന്നു വലിയവൻ എന്ന് വാദിക്കുന്ന ശിഷ്യന്മാരും, പിറുപിറുപ്പുകാരായ വേലക്കാരും പരാജയപ്പെട്ട സ്ഥാനത്ത് സൗഖ്യം പ്രാപിച്ച കുരുടന്മാർ സമർപ്പണബോധത്തോട് ക്രിസ്തുവിനെ അനുഗമിക്കുന്ന മാതൃക നമ്മെയും ആകർഷിക്കുമാറാകട്ടെ.

## അദ്ധ്യായം 21

യേശുവിന്റെ യെരൂശലേംനഗരപ്രവേശനമാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്. ക്രിസ്തു ഗലീലയിൽനിന്നും യാത്ര ചെയ്തു ബേത്ത്ഫഗയിൽ എത്തി. ബേത്ത്ഫഗ ബേഥാന്യയ്ക്ക് സമീപത്തുള്ള ഒരു കൊച്ചുഗ്രാമമായിരുന്നു. അവിടെനിന്നും കഴുതക്കുട്ടിയുടെമേൽ കയറിവരുന്ന രാജാവിനെ നാം കാണുന്നു. ഇത് തിരുവെഴുത്തുകളുടെ നിവൃത്തിയായിരുന്നു (സെഖ. 9:9). ആ കഴുതയെക്കുറിച്ച് ക്രിസ്തു പറഞ്ഞത് കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ടെന്നാണ്. കേവലം ഒരു കഴുത. ആർക്കും വേണ്ടാത്ത ഒരു ജീവി. പക്ഷെ കർത്താവിന് അത് ഉപയോഗമുള്ളതാണ്. എന്തൊരത്ഭുതം, ആ കഴുതപ്പുറത്ത് ഇരിക്കുന്ന രാജാവിനു ലഭിക്കുന്നത് എല്ലാം കഴുതയ്ക്കും ലഭിക്കും. ക്രിസ്തുവിനെ വഹിക്കുന്നത് എത്ര വലിയ പദവിയാകുന്നു. നഗരത്തിൽ പ്രവേശിച്ച ക്രിസ്തുവിനെ ജനം രാജാവായി അംഗീകരിച്ചു. “കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ” എന്നു പുരുഷാരം ആർപ്പുവിളിച്ചു. ക്രിസ്തുവിന് ഹോശന്നാ പാടി. ഹോശന്നാ എന്നതിന്റെ അർത്ഥം ഇപ്പോൾ രക്ഷിക്കണമേ എന്നാകുന്നു.

ഇന്നു ക്രിസ്തുവിന് ഹോശന്നാ പാടുന്നവർ ഇതു ഗ്രഹിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അന്നത്തെ മതനേതാക്കൾ ഇതു കേട്ടെങ്കിലും ക്രിസ്തുവിനെ രാജാവായി വിശ്വസിച്ചില്ല.

കർത്താവ് ദൈവാലയത്തെ ശുദ്ധീകരിച്ചു. ഇന്ന് അതു യെഹൂദന്മാരുടെ ആലയമായിത്തീർന്നിരിക്കുന്നു. "എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്" എന്ന് ക്രിസ്തു മൂന്ന് വർഷങ്ങൾക്കു മുമ്പ് പറഞ്ഞതാണ്. അതു പ്രാർത്ഥനാലയം ആയിരിക്കേണ്ടതാണ്. യെഹൂദമതനേതാക്കൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. ഇന്നും മതത്തിന്റെ പേരിൽ ആരാധനാലയങ്ങളെ വാണിഭശാലയാക്കി മാറ്റുന്ന പ്രവണത കാണാവുന്നതാണ്. ക്രിസ്തു ദൈവാലയത്തിൽ രോഗികളെ സൗഖ്യമാക്കി. ബാലന്മാർ ദൈവപുത്രന് ഹോശന്നാ പാടി, ദൈവാലയത്തിൽ സ്തുതി സ്തോത്രങ്ങൾ ഉയർന്നു. ക്രിസ്തു ഫലമില്ലാത്ത അത്തിവൃക്ഷത്തെ ശപിച്ചു. അതു ക്ഷണത്തിൽ ഉണങ്ങിപ്പോയി. നാം കർത്താവിന് ഫലം കായ്ക്കേണ്ടവരാണ്. ബാഹ്യമായ ഭക്തിയിൽ ദൈവം പ്രസാദിക്കുന്നില്ല. ഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങൾ യജമാനൻ വെട്ടിമാറ്റി എന്നുവരാം. കർത്താവിനു വളരെ ഫലം കായ്ക്കുന്നവർ ആകുവാൻ നമുക്ക് ഇടയാകട്ടെ.

23-ാം വാക്യം മുതൽ കർത്താവ് ദൈവാലയത്തിൽ വച്ച് പറഞ്ഞ മൂന്ന് ഉപമകൾ കാണാം. കർത്താവിന്റെ അധികാരത്തെ ചോദ്യം ചെയ്തവർക്കുള്ള ഉത്തരമാണ് ഈ ഉപമയിൽ കാണുന്നത്. യോഹന്നാൻ സ്നാപകന്റെ അധികാരത്തെ അംഗീകരിക്കാത്തവർ ക്രിസ്തുവിന്റെ അധികാരത്തെയും അംഗീകരിക്കുകയില്ല. അവർ ദൈവത്തോടു മൽസരിക്കുന്നവരാണ്. പിതാവിന്റെ ഇഷ്ടം ചെയ്യാമെന്ന് പറഞ്ഞിട്ട് ചെയ്യാതിരുന്ന പുത്രൻ യെഹൂദമതത്തോട് സാമ്യം; അനുതപിച്ചു പിതാവിന്റെ ഇഷ്ടം ചെയ്യുന്ന പുത്രൻ ചുങ്കക്കാർക്ക് തുല്യനാണ്. നമ്മുടെ ജീവിതം അനുതാപമുള്ളതും ദൈവേഷ്ടം ചെയ്യുന്നതുമായിരിക്കട്ടെ. മകനെ കൊല്ലുന്ന കുടിയാന്മാർ യെഹൂദജാതിയെ കാണിക്കുന്നു. അവർ ധാരാളം ദൈവകൃപ അനുഭവിച്ചവർ ആണ്. എന്നാൽ ഇപ്പോൾ ദൈവപുത്രനെ കൊല്ലുവാൻ ആലോചിക്കുന്നു. ക്രിസ്തുവിനെ നിരസിക്കുന്നവർ ശിക്ഷിക്കപ്പെടും. യെഹൂദമതഭക്തർ തെറ്റിപ്പോയത് അവർ തിരുവെഴുത്തുകൾ ഗ്രഹിക്കാത്തത് മൂലമാണ്. അവർക്കു പള്ളിയും ആചാരങ്ങളും മറ്റും ഉണ്ടായിരുന്നു. എന്നാൽ ദൈവവചനം ഗ്രഹിക്കുവാൻ പരാജയപ്പെട്ടു. നമുക്ക് അങ്ങനെ സംഭവിക്കാതിരിക്കുവാൻ ദൈവം സഹായിക്കട്ടെ.

## അദ്ധ്യായം 22

കർത്താവ് തന്റെ മരണത്തിനു തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ യെരൂശലേമിലെ ദൈവാലയത്തിൽ ചെയ്ത ചില കാര്യങ്ങൾ ആണ് 21, 22, 23 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 22-ാം അദ്ധ്യായത്തിൽ മുഖ്യമായും നാലു കാര്യങ്ങൾ കാണാം. രാജകുമാരന്റെ വിവാഹവിരുന്ന്, കരം കൊടുക്കുന്നതിനെക്കുറിച്ചുള്ള ക്രിസ്തുവിന്റെ അഭിപ്രായം, പുനരുത്ഥാനത്തെക്കുറിച്ചുള്ള വിവരണം, മുഖ്യ കൽപ്പന.

കല്യാണസദ്യ ഒരുപമയാണ്. ക്രിസ്തുവിന്റെ കല്യാണസദ്യയ്ക്ക് എല്ലാവരെയും ക്ഷണിക്കുന്ന അത്യുന്നതനായ രാജാവ് ദൈവമാണ്. ആരും നശിച്ചുപോകുവാൻ ദൈവമാഗ്രഹിക്കുന്നില്ല. എന്നാൽ പലരും ഒഴികഴിവുകൾ പറഞ്ഞു നിരസിക്കുന്നു. അപ്പോൾ ദുഷ്ടന്മാരെയും നല്ലവരെയും ദാസന്മാർ സദ്യയ്ക്കു കൂട്ടിക്കൊണ്ടുവന്നു. അവർ ക്ഷണം സ്വീകരിച്ചു. അവർ ആനന്ദിച്ചു. അതിന്റെ മദ്ധ്യത്തിൽ കല്യാണവസ്ത്രം ഇല്ലാത്ത ഒരുവനുണ്ട്. അവനെ ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളഞ്ഞു. നാം എത്രത്തോളം രക്ഷിക്കപ്പെടുവാനുള്ള ക്ഷണം സ്വീകരിക്കുന്നവരാണ്? രക്ഷ ക്രിസ്തുവിൽക്കൂടി മാത്രമേയുള്ളൂ. അവനിൽ വിശ്വസിക്കുന്നവർക്ക് നീതിയുടെ വസ്ത്രം ധരിക്കുവാൻ പദവി ലഭിക്കുന്നു. നമ്മുടെ സൽപ്രവൃത്തികൾ കറപുരണ്ട തുണി മാത്രമാണ്. നാം രാജാവിന്റെ ദാസന്മാരെ അപമാനിക്കുന്നവരാണോ? ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. അവനിൽ വിശ്വസിച്ച് ആത്മസന്തോഷം പ്രാപിക്കുവാൻ താങ്കൾക്ക് മനസ്സുണ്ടോ?

കരംകൊടുക്കുന്നതിനെക്കുറിച്ച് ചോദിച്ചതു പരീശന്മാരാണ്. അവർ മതഭക്തരാണ്. വാക്കിൽ കുടുക്കുവാനാണ് അവർ ക്രിസ്തുവിനെ സമീപിച്ചത്. ക്രിസ്തു അവരുടെ ദുഷ്ടത അറിഞ്ഞു. അവരെ "കപടഭക്തിക്കാരേ" എന്നു കർത്താവ് സംബോധന ചെയ്യുന്നു. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കണ"മെന്ന് ക്രിസ്തു പറഞ്ഞു. ദൈവത്താലാണ് എല്ലാ അധികാരങ്ങളും. നാം അധികാരങ്ങൾക്കു കീഴടങ്ങണം. മുമ്പേ ദൈവരാജ്യവും നീതിയും അന്വേഷിക്കാൻ നാം കടപ്പെട്ടവരാകുന്നു.

സദൂക്യർ അന്നത്തെ യുക്തിവാദികളായിരുന്നു. കർത്താവിനെ വാക്കിൽ കുടുക്കുവാൻ അവർ പുനരുത്ഥാനത്തെക്കുറിച്ച് ചോദ്യം ഉന്നയിച്ചു. സദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. കർത്താവ് അവരോട് "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ട് തെറ്റിപ്പോകുന്നു" എന്ന് പറഞ്ഞു. ദൈവം മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമാണെന്ന് തിരുവെഴുത്തുകളിൽനിന്നും തെളിയിച്ചുകൊടുത്തു. അവർ തിരുവെഴുത്തുകൾ അവരുടെ യുക്തികൊണ്ടു പഠിക്കുവാൻ ശ്രമിച്ചു. ആത്മിക കാര്യങ്ങൾ മനസ്സിലാക്കുവാൻ ദൈവാത്മാവിന്റെ സഹായമാവശ്യമാണ്. സ്വന്തബുദ്ധികൊണ്ട് ആത്മിക വിഷയങ്ങൾ പഠിച്ചവർ അതിനെ കേവലം മാനുഷിക സമ്പ്രദായങ്ങൾ ആക്കിമാറ്റിയിട്ടുണ്ട്. കർത്താവ് സദൂ ക്യരെ മിണ്ടാതാക്കി. ദൈവവചനത്തിന്റെ മുമ്പിൽ യുക്തിവാദം അടിയറവ് പറയും. അന്നത്തെ പരീശന്മാരും, ഹെരോദ്യരും, സദൂക്യരും കർത്താവിന്റെ മുമ്പിൽ പരാജയപ്പെട്ടു. ജനത്തിന്റെ മുൻപിൽ നസറായനായ യേശുവിനെ നിസ്സാരനാക്കുവാൻ അവർ ശ്രമിച്ചു. അവരുടെ ദുഷ്ടതയും കപടഭക്തിയും അറിവില്ലായ്മയും കർത്താവ് വെളിച്ചത്തു കൊണ്ടുവന്നു. പുരുഷാരം ക്രിസ്തുവിന്റെ ഉപ

ദേശത്തിൽ വിസ്മയിച്ചു. ഇന്നും ദൈവവചനകേൾവി മൂലം പലരും വിസ്മയിക്കുന്നുണ്ട്. എന്നാൽ അതു ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കുന്നില്ല എങ്കിൽ യാതൊരു പ്രയോജനവും ചെയ്യുന്നില്ല.

ക്രിസ്തുവിനോട് തിരുവെഴുത്തിലുള്ള മുഖ്യകൽപ്പന എന്താകുന്നു എന്ന് ഒരു വേദപണ്ഡിതൻ ചോദിച്ചു. ഇതു കർത്താവിനെ പരീക്ഷിച്ചു ചോദിച്ചതായിരുന്നു. തിരുവെഴുത്തുകളുടെ സാരാംശം ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്കണം എന്നുള്ളതാണ്. ദൈവത്തോടു ഹൃദയപൂർവ്വം കടപ്പാടുള്ളവർ ആയി നാം ജീവിക്കുന്നവരാകണം. അതുപോലെ തന്നെ കൂട്ടുകാരനോടും നാം കടപ്പാടുള്ളവരാകണം. ദൈവത്തിനാണ് പ്രഥമസ്ഥാനം. അപ്പോൾ മാത്രമേ മനുഷ്യരോട് കടപ്പാടുള്ളവർ ആകാൻ സാധിക്കൂ. ഇതു കേട്ട വൈദികൻ മടങ്ങിപ്പോയി. മർക്കൊസിന്റെ സുവിശേഷം രേഖപ്പെടുത്തുന്നത് "നീ ദൈവരാജ്യത്തോട് അകന്നവനല്ല" എന്ന് ക്രിസ്തു അവനോട് പറഞ്ഞു എന്നത്രെ (12:34). അവൻ മതഭക്തനാണ്, പണ്ഡിതനാണ്. പക്ഷെ ഇതൊന്നും അവനെ ദൈവരാജ്യത്തിന്റെ അവകാശിയാക്കിയില്ല. കർത്താവ് സകല ചോദ്യങ്ങൾക്കും ഉത്തരം നൽകി. അതിന്റെ ശേഷം അവനോട് ആരും ഒന്നും ചോദിക്കുവാൻ തുനിഞ്ഞില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് വീണ്ടും ജനിച്ചവർക്ക് മാത്രമേ ദൈവരാജ്യത്തിന് അവകാശികളാകുവാൻ കഴിയൂ.

തുടർന്ന് കർത്താവ് പരീശന്മാരോട് "ക്രിസ്തു ആരുടെ പുത്രൻ" എന്നു ചോദിച്ചു. "അവൻ ദാവീദിന്റെ പുത്രനെ"ന്ന് പരീശന്മാർ പറഞ്ഞു. കർത്താവ് വീണ്ടും അവരോട് "എന്നാൽ ദാവീദ് അവനെ കർത്താവ് എന്ന് വിളിക്കുന്നതെങ്ങനെ" (സങ്കീ. 110:1) എന്നു ചോദിച്ചു. അവനോട് ഉത്തരം പറയുവാൻ ആർക്കും കഴിഞ്ഞില്ല. ക്രിസ്തു നിസ്തുല്യൻ തന്നെ. ക്രിസ്തു ജഡസംബ ന്ധമായി ദാവീദിന്റെ പുത്രൻ ആണ്. അപ്പോൾ തന്നെ ദൈവപുത്രൻ എന്ന നിലയിൽ ദാവീദിന്റെ കർത്താവുമാണ്. ഈ സത്യം ദൈവാത്മാവിൽ പാടിയ 110-ാം സങ്കീർത്തനത്തിൽ ദാവീദ് സാക്ഷിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിൽ അല്ലാതെ ആർക്കും യേശുവിനെ കർത്താവ് എന്നു പറയുവാൻ കഴിയുന്നതല്ല (1 കൊരി. 12:3).

നമ്മുടെ കർത്താവ് എത്ര മഹാൻ. അന്നത്തെ മതശ്രേഷ്ഠന്മാരും പ്രഭുക്കന്മാരും അതറിഞ്ഞില്ല. അവർ അത് അറിഞ്ഞിരുന്നുവെങ്കിൽ അവനെ ക്രൂശിക്കുകയില്ലായിരുന്നു (1 കൊരി. 2:8). ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി നമുക്ക് കാണാം; അവന്റെ സാക്ഷികളാകാം

## അദ്ധ്യായം 23

ഇപ്പോൾ കർത്താവ് യെരൂശലേമിലെ ദൈവാലയത്തിൽ ആണ്. അവിടെ മതഭക്തരും മതപണ്ഡിതന്മാരുമായവർ കൂടിയിട്ടുണ്ട്. ആദ്യമായി ശാസ്ത്രിമാരെക്കുറിച്ചും പരീശന്മാരെക്കുറിച്ചും ജനത്തിനും ശിഷ്യന്മാർക്കും കൊടുക്കുന്ന ഉപദേശം കാണാം.

പരീശന്മാരും ശാസ്ത്രിമാരും മോശെയുടെ ന്യായപ്രമാണം പഠിപ്പിക്കുന്നവരായിരുന്നു. എന്നാൽ അവരുടെ വാക്കുകൾ അനുസരിച്ചുള്ള പ്രവൃത്തി ഇല്ല. അവർ സമൂഹത്തിൽ ഉയർന്ന സ്ഥാനം ആഗ്രഹിച്ചു. മറ്റുള്ളവരിൽ നിന്നും ബഹുമാനം കൊതിച്ചു. അവരുടെ ഭക്തി ബാഹ്യമായിരുന്നു. കർത്താവ് അവരുടെ ഹൃദയസ്ഥിതി അറിയുന്നു. അവരുടെ കപടഭക്തിക്കുള്ള അന്ത്യശാസനം "നിങ്ങൾക്ക് അയ്യോ കഷ്ടം" എന്നായിരുന്നു. അവരുടെ കപടഭക്തിയെ സൂക്ഷിക്കണമെന്ന് ശിഷ്യന്മാരോട് ഉപദേശിച്ചു. ദൈവമക്കളെല്ലാവരും സഹോദരന്മാരാണ്. ദൈവം നമ്മുടെ പിതാവും യജമാനനും ആകുന്നു. അത് അംഗീകരിച്ചുകൊണ്ട് നാം അന്യോന്യം ശുശ്രൂഷിക്കുവാൻ കടപ്പെട്ടവരാണ്. ഇന്നു ക്രൈസ്തവ സമൂഹങ്ങളിൽ കാണുന്ന അയ്മേനി തിരുമേനി വ്യത്യാസം ക്രിസ്തു പഠിപ്പിച്ച ഉപദേശങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

രണ്ടാമതായി കപടഭക്തർക്കുണ്ടാകുവാൻ പോകുന്ന ന്യായവിധി പ്രസ്താവിച്ചിരിക്കുന്നു (3-39). "പാമ്പുകളേ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും" എന്നു ക്രിസ്തു ചോദിച്ചു. എട്ടു പ്രാവശ്യം "നിങ്ങൾക്കു ഹാ കഷ്ടം" എന്നു കർത്താവ് ഈ ഭാഗത്ത് പറയുന്നു. കപടഭക്തിയുടെ ഫലമായി മറ്റുള്ളവർ നരകയോഗ്യരാകും. മതത്തിന്റെ ആചാരങ്ങൾക്കു ദൈവത്തേക്കാൾ ഉപരിയായി അവർ പ്രാധാന്യം നൽകുന്നു. കപടഭക്തിക്കാർ കുരുടന്മാരായ വഴികാട്ടികൾ ആണ്. അവർ വെള്ളതേച്ച ശവക്കല്ലറകൾക്കു തുല്യരാണ്. ക്രിസ്തു കപടഭക്തിക്ക് എതിരായി നൽകിയ അന്ത്യശാസനം ഇന്നും ചെവിക്കൊള്ളേണ്ടതാണ്. കപടഭക്തി കൊലപാതകം ചെയ്യുവാൻ കാരണമായി എന്നു പഴയനിയമത്തിൽ ക്രിസ്തു ചൂണ്ടിക്കാണിച്ചു. ഇതു സംസാരിക്കുമ്പോൾ കപടഭക്തരായ അന്നത്തെ മതനേതാക്കൾ ക്രിസ്തുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തുകയായിരുന്നു. അവർക്കുണ്ടാകുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് കർത്താവ് മുന്നറിയിപ്പ് നൽകി. അവർ അത് നിരസിച്ചു. തൽഫലമായി എ.ഡി. 70 ൽ യെരൂശലേം നശിപ്പിക്കപ്പെട്ടു. ദൈവം ദീർഘക്ഷമ ഉള്ളവനാണ്. എന്നാൽ അതിന് ഒരു പരിധിയുണ്ട്. സുവിശേഷം പലവട്ടം കേട്ടശേഷവും അതു നിരസിക്കുന്നവർ ഈ സത്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നു.

കർത്താവ് കപടഭക്തിക്ക് എതിരെ ഉണ്ടാകുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് മുന്നറിയിപ്പ് നൽകി. ദൈവാലയത്തിൽ വന്നവരെ ദിവസവും ഉപദേശിച്ചു. രോഗികളെ സൗഖ്യമാക്കി. അതോടൊപ്പം കർത്താവ് തന്റെ മനസ്സലിവു പ്രദർശിപ്പിക്കുവാനും മറന്നില്ല. തന്റെ ജനമായ യിസ്രായേലിനെ തന്റെ ചിറകിൻ കീഴിൽ ചേർത്തു

കൊള്ളുവാൻ എത്ര വട്ടം മനസ്സായിരുന്നു എന്നവരോട് കർത്താവ് പറഞ്ഞു. എന്നാൽ അവർക്ക് അതിനു മനസ്സാ യില്ല. അവരോട് കർത്താവ് പറയുന്നത് "നിങ്ങളുടെ ഭവനം ശൂന്യമായി ത്തീരും" എന്നായിരുന്നു. ഒരിക്കൽ അതു ദൈവത്തിന്റെ ആലയം ആയിരുന്നു. ഇപ്പോൾ അതു "നിങ്ങളുടെ ഭവനമായിരിക്കുന്നു." 12 വയസ്സുള്ളപ്പോൾ കർത്താവ് ദൈവാലയത്തിൽ പോയതാണ്. പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് അവന് ആവേശം പകർന്നിരുന്നു. അതു ശുദ്ധീകരിച്ചെടുക്കുവാൻ അവൻ ശ്രമിച്ചു. എന്നാൽ കപടഭക്തരായ മതനേതാക്കൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. എത്രയോ ദുഃഖകരമായ ഒരനുഭവമാണിതെന്ന് ചിന്തിച്ചു നോക്കുക. ദൈവജനം എന്നറിയ പ്പെടുന്നവർ ദൈവ മില്ലാത്തവരായിത്തീരുക. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. അവരിൽ പൊതുജനം ക്രിസ്തുവിനെ ദർശിച്ചു. ക്രിസ്തുവിന്റെ സ്നേഹം, ത്യാഗം, വിശുദ്ധി എന്നിവ ലോകം അവരിൽ കണ്ടു. ഇന്നോ? നാം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആണോ?

23-ാം അദ്ധ്യായം അവസാനിക്കുന്നത് പ്രത്യാശയുടെ വാക്കുകളോടെയാണ്. "കർത്താവിന്റെ നാമത്തിൽ വരു ന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല." ഭാവിയിൽ യിസ്രായേൽ അവരുടെ രാജാവായി വരുന്ന ക്രിസ്തുവിനെ അംഗീകരിച്ച് സ്വീകരിക്കും (സെഖ. 9:9). കർത്താ വിന്റെ ആദ്യവരവിൽ അവനെ യിസ്രായേൽ സ്വീകരിച്ചില്ല. അവനു നൽകിയത് ക്രൂശ് ആയിരുന്നു. ഇനിയും അവൻ വരുന്നത് മേഘാരൂഢനായിട്ടാണ്. അന്ന് ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. അവൻ ലോകരാജത്വം ഏറ്റെടുക്കും. ഈ കർത്താവിനെ സ്വീകരിക്കുവാൻ താങ്കൾ ഒരുങ്ങിയിട്ടുണ്ടോ? ഇന്നുതന്നെ അവനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക.

## അദ്ധ്യായം 24

24, 25 അദ്ധ്യായങ്ങളിൽ കാണുന്നത് ക്രിസ്തുവിന്റെ ഒലിവുമല പ്രഭാ ഷണമാണ്. കർത്താവിന്റെ രണ്ടാം വര വിനോട് ബന്ധമുള്ള അനേക സത്യ ങ്ങൾ ഈ പ്രഭാഷണത്തിൽ കാണാം. ഇതു ക്രിസ്തുവിന്റെ ഒടുവിലത്തെ പ്രഭാഷണം ആകുന്നു. ഇവിടെ ദൈവാലയത്തിനു സംഭവിക്കുവാൻ പോകുന്ന നാശത്തെക്കുറിച്ച് കർത്താവ് ശിഷ്യ ന്മാരോട് പറഞ്ഞു. അപ്പോൾ ശിഷ്യന്മാർ അതെപ്പോൾ സംഭവിക്കും എന്നും ലോകാവസാനത്തിന് അടയാളമെ ന്തെന്നും ചോദിച്ചു. അതിനുള്ള മറുപടിയാണ് തുടർന്നു കാണുന്നത്.

അന്ന് അനേക കള്ളക്രിസ്തുക്കൾ വന്ന് ദൈവജനത്തെ തെറ്റിക്കും. യുദ്ധം, ക്ഷാമം, ഭൂകമ്പം തുടങ്ങിയവ ഉണ്ടാകും. വിശ്വാസികൾ ഉപദ്രവിക്കപ്പെടും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും. സുവിശേഷം ഭൂലോകം ഒക്കെയും അറിയിക്കപ്പെടും. യഥാർത്ഥ വിശ്വാസികൾ ഇതിന്റെ ഒക്കെ മദ്ധ്യ ത്തിൽ നിലനിൽക്കും. കഷ്ടതയുടെ ആരംഭഘട്ടം ഇതൊക്കെയായിരിക്കും.

ഈ കാലഘട്ടത്തെ മഹോപദ്രവകാലം എന്നും വിളിച്ചുപോരുന്നു. അത് ഏകദേശം ഏഴു വർഷം നീണ്ടുനിൽക്കു ന്നതാണ്. അതിന്റെ മദ്ധ്യത്തിൽ യെരൂശലേം ദൈവാലയത്തിൽ അന്തിക്രിസ്തു വെളിപ്പെടുകയും അതിനെ അശു ദ്ധമാക്കുകയും ചെയ്യും. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു തന്നെത്താൻ ഉയർത്തും (2 തെസ്സ. 2:4). അവൻ ഹനന യാഗവും ഭോജനയാഗവും നിർത്തലാക്കും (ദാനീ. 9:27). കള്ളപ്രവാചകന്മാർ അത്ഭു തങ്ങൾ ചെയ്യും. ജനം അവരാൽ വഞ്ചിക്കപ്പെടും. അവരെ വിശ്വസിക്കരുത്. വൃതന്മാർ തെറ്റിപ്പോകാതിരിക്കുവാൻ ആ നാളുകൾ ചുരുക്കമായിരിക്കും. ഇവിടെ കർത്താവിനു തന്റെ വൃതന്മാരോടുള്ള കരുതൽ വ്യക്തമാകുന്നു. ഇങ്ങ നെയുള്ള സംഭവങ്ങളുടെ മദ്ധ്യത്തിൽ പെട്ടെന്ന് കർത്താവ് ന്യായാധിപനായി പ്രത്യക്ഷപ്പെടും. അന്നു പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകും. മനുഷ്യർ ഭയംകൊണ്ട് നിർജ്ജീവരാകും. അപ്പോൾ മനുഷ്യപുത്രൻ വരുന്നത് അവർ കാണും. യിസ്രായേൽ വൃതന്മാരെ ദൂതന്മാർ ഭൂമിയുടെ നാലു ദി ക്കിൽനിന്നും കൂട്ടിച്ചേർക്കും.

ഇവിടെ അത്തി, യിസ്രായേൽ ജാതിയെ കാണിക്കുന്നു. അവർ തളിർത്ത് ഒരു രാജ്യമായി തീരും. അത്തി തളിർക്കുന്നത് വേനൽ അടുത്തിരിക്കുന്നു എന്നു കാണിക്കുന്നു. യിസ്രായേലിന്റെ വളർച്ച കർത്താവിന്റെ വരവു സമീപമാണെന്ന് അറിയിക്കുന്നു. ദൈവം മാത്രം ആ നാഴിക അറി യുന്നു. എന്നാൽ അതിന്റെ അടയാളങ്ങൾ കാണുമ്പോൾ നാം ഉണർന്നിരിക്കുവാനുള്ള ആഹ്വാനം ദൈവവചനം നൽകുന്നു. താൽക്കാലിക സുഖങ്ങളിൽ രസിക്കാതെ ആത്മിക വിഷയങ്ങളിൽ സന്തോഷിച്ചുകൊണ്ട് നാഥന്റെ വരവിനായി കാത്തിരിക്കുന്നവർ ഭാഗ്യവാ ന്മാർ. ക്രിസ്തുവിന്റെ പ്രത്യക്ഷത നിനയ്ക്കാത്ത നാഴികയിൽ സംഭവിക്കും. യജമാനന്റെ വരവിനായി കാത്തിരി ക്കാത്തവർ ശിക്ഷിക്കപ്പെടും. പ്രിയ സ്നേഹിതാ, താങ്കൾ ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നുവോ? അതിനു നമുക്കിടയാകട്ടെ.

## അദ്ധ്യായം 25

ആദ്യമായി കർത്താവ് പത്തു കന്യകമാരുടെ ഉപമയാണ് പറഞ്ഞത്. കർത്താവിന്റെ പ്രത്യക്ഷതയിൽ ബോധ വാന്മാരായിരിക്കുവാനുള്ള ആഹ്വാനം ഇവിടെ കാണാം. മണവാളൻ വരുവാൻ താമസിക്കയാൽ എല്ലാവരും മയക്കം പിടിച്ചിരുന്നു. പെട്ടെന്ന് 'മണവാളനെ സ്വീകരിക്കുവാൻ ഒരുങ്ങുക' എന്നുള്ള വിളി ഉണ്ടായി. ബുദ്ധിയുള്ള കന്യക

മാർ എഴുന്നേറ്റ് വിളക്കു കത്തിച്ചു. ബുദ്ധിയില്ലാത്ത കന്യകമാരുടെ വിളക്ക് കെട്ടുപോയി. അവരുടെ വിളക്കിൽ എണ്ണയില്ലായിരുന്നു. ബുദ്ധിയുള്ള കന്യകമാർ യഥാർത്ഥ വിശ്വാസികളെ കാണിക്കുന്നു. ബുദ്ധിയില്ലാത്ത കന്യകമാർ വേഷഭക്തിക്കാരാണ്. അവർ പരിശുദ്ധാത്മാവില്ലാത്തവരാണ്. അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല. ദൈവമക്കൾ കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കേണ്ടവരാകുന്നു.

രണ്ടാമതായി കർത്താവ് പറഞ്ഞത് താലന്തുകളുടെ ഉപമയാണ്. ദൈവമക്കൾ വിശ്വസ്തരായി കർത്താവിനെ സേവിക്കുന്നവരാകണം എന്നുള്ള സത്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. വിശ്വസ്തസേവനം ചെയ്യുന്നവർക്ക് പ്രതിഫലം നൽകുവാൻ കർത്താവു വരുന്നു. വേഷഭക്തർ കർത്താവിനെ നിന്ദിക്കുന്നവരും സേവിക്കാത്തവരുമാണ്. അവർ കർത്താവിനു കൊള്ളാവുന്നവർ അല്ല. അവർ ഇരുട്ടിൽ പുറംതള്ളപ്പെടും. മൂന്നാമതായി കർത്താവിന്റെ വരവിൽ സകല ജാതികളെയും ന്യായം വിധിക്കും. ഇതു വെള്ളസിംഹാസനത്തിൽനിന്നുമുള്ള ന്യായവിധിയല്ല. മഹോപദ്രവകാലത്ത് ക്രിസ്തുവിന്റെ വ്യതന്മാരായ യെഹൂദന്മാരെ സഹായിച്ചതാണ് ന്യായവിധിയുടെ മാനദണ്ഡം. അവരുടെ കഷ്ടകാലത്ത് ആഹാരവും വസ്ത്രവും സംരക്ഷണവും നൽകി അവരെ സഹായിച്ചവരെ തന്റെ വലത്തും അല്ലാത്തവരെ ഇടത്തും നിർത്തും. വലത്തുള്ളവർ ഭാഗ്യവാന്മാർ. അവർ കർത്താവിനോടുകൂടെ ആയിരമാണ്ടു വാഴും. അല്ലാത്തവർ നിത്യദണ്ഡനം അനുഭവിക്കുവാൻ വിധിക്കപ്പെടും.

## അദ്ധ്യായം 26

യെഹൂദന്മാരുടെ രാജാവായി വന്ന ക്രിസ്തുവിനെ അവരുടെ മതനേതാക്കൾ അവഗണിച്ചു. അവർ അവനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. അതു കയ്യഫാവിന്റെ മണ്ഡപത്തിൽ വച്ചാണ് നടന്നത്. ക്രിസ്തു മരണത്തിന് ഒരുങ്ങുന്നതായി ഇവിടെ കാണാം.

യേശു ബേഥാന്യയിൽ എത്തുന്നു. അവിടെ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ മറിയ വിലയേറിയ പരിമളതൈലം അവന്റെ തലയിൽ ഒഴിച്ചു. ഇതു തന്റെ ക്രൂശുമരണത്തിന് 6 ദിവസം മുമ്പ് നടന്നു (യോഹ. 12:1). ശീമോൻ കർത്താവിനാൽ സൗഖ്യം ലഭിച്ചവനാണ്. ഈ സന്ദർഭത്തിൽ ഇസ്കര്യോത്താ യൂദാ മറിയയുടെ ആരാധനയെ ഒരു വെറും ചെലവായി വിശേഷിപ്പിച്ചു. കർത്താവ് യൂദയുടെ ദ്രവ്യാഗ്രഹത്തെ ശാസിച്ചു. മറിയയെ കർത്താവ് പ്രശംസിച്ചു. തുടർന്ന് യൂദാ സാത്താന്റെ നിയന്ത്രണത്തിനു വിധേയനായി. യൂദാ സ്വാർത്ഥതൽപരനായിരുന്നു. ക്രിസ്തുവിന്റെ വരവിന്റെ ഉദ്ദേശം അവൻ ഗ്രഹിച്ചിരുന്നില്ല. ക്രൂശുമരണം സഹിക്കുവാൻ പോകുന്ന ക്രിസ്തുവിലുള്ള അവന്റെ പ്രതീക്ഷകൾ ശിഥിലമായി. കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ അവനെ പ്രേരിപ്പിച്ചത് ദ്രവ്യാഗ്രഹമായിരുന്നു (യോഹ. 12:6). അവൻ ക്രിസ്തുവിന്റെ അപ്പൊസ്തലൻ ആയിരുന്നു. ഒരുപക്ഷേ അത്ഭുതങ്ങൾ ചെയ്തിട്ടുണ്ടാകാം (മത്താ. 10:1-4). എന്നാൽ അവൻ ദുഷ്ടനും വീണ്ടും ജനിക്കാത്തവനുമായിരുന്നു (യോഹ. 13:10). അവന് അനുതപിച്ചു ക്രിസ്തുവിനെ അനുഗമിക്കുവാൻ ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു. അതവൻ നഷ്ടമാക്കി. കപടഭക്തിയുടെ അപകടം ഇവിടെ കാണാം. യൂദാ നാശയോഗ്യനായിത്തീർന്നു. നമുക്ക് അങ്ങനെ സംഭവിക്കാതിരിക്കട്ടെ (യോഹ. 17:12).

മറിയയുടെ കർത്താവിനോടുള്ള സ്നേഹവും ഭക്തിയും അവളുടെ പ്രവൃത്തി തെളിയിച്ചു. മറിയ കർത്താവിന്റെ പാദത്തിൽ ഇരുന്നു, അവനെ ശ്രദ്ധിച്ചുകേട്ടു (ലൂക്കൊ. 10:38-42). അവളുടെ സഹോദരനായ ലാസർ മരിച്ചപ്പോൾ കർത്താവിന്റെ കാൽക്കൽ കരഞ്ഞുകൊണ്ട് വീണു (യോഹ. 11:32). ഈ അവസാനയാത്രയിൽ മറിയ വിലയേറിയ തൈലം കർത്താവിന്റെ കാലിൽ പൂശി (യോഹ. 12:3). അവൾ കർത്താവിനു മഹത്വം നൽകി. തൽ ഫലമായി ആ ഭവനം സൗരഭ്യംകൊണ്ട് നിറഞ്ഞു. അവൾ ക്രിസ്തുവിന്റെ മരണത്തെക്കുറിച്ച് അറിവുള്ളവളായിരുന്നു. അവൻ ഉയിർത്തെഴുന്നേൽക്കുമെന്നവൾ വിശ്വസിച്ചു. അതുകൊണ്ട് അവന്റെ മരണത്തിനു മുമ്പുതന്നെ അവനെ അഭിഷേകം ചെയ്തു. മറിയയുടെ സ്നേഹവും ഭക്തിയും തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. പാദത്തിലിരുന്ന് അവനെ ശ്രദ്ധിച്ച മറിയയെ സഹോദരിയായ മാർത്ത തെറ്റിദ്ധരിച്ചു. തൈലം പൂശി കർത്താവിനെ ആരാധിച്ച മറിയയെ യൂദാ തെറ്റിദ്ധരിച്ചു. ലാസറിന്റെ മരണവാർത്ത അറിഞ്ഞു വന്ന കർത്താവിനെ സമീപിച്ച മറിയയെ വീട്ടുകാർ തെറ്റിദ്ധരിച്ചു. ഇന്നും ക്രിസ്തുവിനോടുള്ള സ്നേഹവും ഭക്തിയും തെറ്റിദ്ധാരണകൾക്കു കാരണമായി ഭവിക്കാം.

17-19 വരെയുള്ള വാക്യങ്ങൾ അന്ത്യപെസഹയുടെ വിവരണമാണ്. പെസഹ യിസ്രായേലിന്റെ അടിമത്തത്തിൽനിന്നുള്ള വിടുതലിനെ ഓർപ്പിക്കുന്നതായിരുന്നു. കർത്താവു ശിഷ്യന്മാരോടു കൂടെ പന്തിയിലിരുന്നു. അവരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കുമെന്ന് കർത്താവ് അരുളിച്ചെയ്തത് ശിഷ്യന്മാരെ അത്ഭുതപ്പെടുത്തി. യൂദയുടെ പ്രവൃത്തികൾ അവന്റെ ദുഷ്ടഹൃദയ ത്തെ വെളിപ്പെടുത്തുന്നു. കർത്താവ് നൽകിയ അപ്പക്കഷണം വാങ്ങിയ ഉടനെ യൂദാ എഴുന്നേറ്റ് പോയി (യോഹ. 13:30). തുടർന്ന് കർത്താവ് തിരുവത്താഴം സ്ഥാപിച്ചു. ഇവിടെ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ തകർക്ക പ്പെട്ട ശരീരത്തെയും ചിന്തപ്പെട്ട രക്തത്തെയും കാണിക്കുന്നു. അവനാണ് നമ്മുടെ പെസഹാക്കുഞ്ഞാട്. ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ക്രിസ്തുവാണ് (യോഹ. 1:29). തിരുവത്താഴം ആചരിക്കുന്നത് കർത്താവിന്റെ മരണത്തെ ഓർക്കുവാനാണ്. അവന്റെ മഹാസ്നേഹം ഓർത്തുകൊണ്ട് അവനെ ആരാധിക്കുമ്പോൾ നാം അനുഗ്രഹിക്കപ്പെടും. പിന്നെ അവർ സ്തോത്രം പാടിയ ശേഷം ഒലിവുമലയ്ക്കു പുറപ്പെട്ടുപോയി. അവിടെ ഉണ്ടായിരുന്ന തോട്ടമാണ് ഗെത്ത്ശെമന. അവിടേക്കുള്ള യാത്രയിൽ ശിഷ്യർ തങ്കൽ ഇടറിപ്പോകും എന്നു കർത്താവ് അവരോട് പറഞ്ഞു. പത്രൊസ് മറുപടിയായി "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" എന്നുത്തരം പറഞ്ഞു. എന്നാൽ അവൻ കർത്താവിനെ തള്ളിപ്പറഞ്ഞു. സ്വയാശ്രയത്തിന്റെ

അപകടം ഇവിടെ വ്യക്തമാകുന്നു. കർത്താവിനെ കൂടാതെ നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല.

ഗെത്ത്ശെമന തോട്ടത്തിൽ വച്ച് കർത്താവ് ശിഷ്യന്മാരോടു പ്രാർത്ഥിക്കുവാൻ കല്പിച്ചു. ക്രിസ്തുവിന്റെ കഷ്ടാനുഭവം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയ ഘട്ടമായിരുന്നു ഇത്. കർത്താവ് കവിണ്ണുവീണു പ്രാർത്ഥിച്ചു. ക്രൂശുമരണം എന്ന പാനപാത്രം നീങ്ങുവാനുള്ള പ്രാർത്ഥനയായിരുന്നു അത്. കർത്താവു തന്റെ മരണത്തെക്കുറിച്ച് ബോധവാനായിരുന്നു. അതു സന്തോഷത്തോടും ധൈര്യത്തോടും കൂടി അവൻ നേരിട്ടു. അപ്പോൾ തന്നെ അതിന്റെ കാഠിന്യത്തെക്കുറിച്ച് ബോധവാനായിരുന്നു. പാപമറിയാത്തവൻ പാപമാക്കപ്പെട്ട രംഗമായിരുന്നു ക്രിസ്തുവിന്റെ മരണം. പിതാവിനാൽ കൈ വിടപ്പെട്ട ഘട്ടമായിരുന്നു അത് (27:46). ക്രിസ്തു പിതാവിന്റെ ഹിതത്തിനായി സ്വയം സമർപ്പിച്ചു. ഉറങ്ങുന്ന ശിഷ്യന്മാർക്ക് തുല്യം നാം ആകാതിരിക്കട്ടെ. മറ്റുള്ളവർക്ക് പ്രോൽസാഹനം നല്കുവാൻ ലഭിക്കുന്ന അവസരങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താം.

യേശുവിനെ യൂദാ ഇസ്കര്യോത്താ ചുംബനത്താൽ ഒറ്റിക്കൊടുത്തു. ആ കപടചുംബനം വിശ്വാസപാതകമായിരുന്നു. മനുഷ്യഹൃദയത്തിന്റെ ദുഷ്ടത ഇത് വ്യക്തമാക്കുന്നു. ഈ സന്ദർഭത്തിൽ പത്രൊസ് വാളുകൊണ്ട് മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാതറുത്തുകളഞ്ഞു. യേശു പത്രൊസിനെ ശാസിച്ചുകൊണ്ട് പുരോഹിതന്റെ ദാസനെ സൗഖ്യമാക്കി. ക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രതിക്രിയയ്ക്ക് ഒരുമ്പെടരുത്. മനുഷ്യന്റെ വീണ്ടെടുപ്പ് സാധിക്കുവാൻ ക്രിസ്തു മരണം അനുഭവിക്കണം എന്നുള്ള സത്യം ഇവിടെ വ്യക്തമാക്കി. നന്മ മാത്രം ചെയ്യുകയും ഉപദേശിക്കുകയും ചെയ്ത കർത്താവിനെ വാളും വടിയുമായി അറസ്റ്റുചെയ്യുവാൻ വന്ന മതനേതാക്കളുടെ കപടഭക്തി യേശു ചൂണ്ടിക്കാണിച്ചു. ക്രിസ്തുവിന്റെ സൗമ്യത, സഹനശക്തി, സ്വമേധയാ മരിക്കുവാനുള്ള തീരുമാനം എന്നിവ ഇവിടെ കാണാവുന്നതാണ്. ക്രിസ്തു  മനുഷ്യവർഗ്ഗത്തിന്റെ ദിവ്യവീണ്ടെടുപ്പുകാരനാകുന്നു. ഈ സന്ദർഭത്തിൽ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടുപോയി. ക്രിസ്തുവിൽ പ്രവചനനിവൃത്തിയുണ്ടായി എന്ന് ഈ സംഭവങ്ങൾ  വ്യക്തമാക്കുന്നു.

## ക്രിസ്തു  വിസ്തരിക്കപ്പെടുന്നു

യേശുവിനെ യെഹൂദന്മാരുടെ മതകോടതിയിലും റോമരുടെ സിവിൽ കോടതിയിലും വിസ്തരിച്ചു. മൂന്നു ഘട്ടങ്ങളിലായിട്ടാണ് ഇതു നടന്നത്. മത്തായി രണ്ടാമത്തെ വിചാരണ രേഖപ്പെടുത്തിയിരിക്കുന്നു. അതു രാത്രിയിൽ കയ്യഫാവിന്റെ അരമനയിൽ വച്ചു നടന്നു. കള്ളസ്സാക്ഷികളെ കൊണ്ടുവന്നെങ്കിലും അത് ഫലവത്തായില്ല. ദേവാലയം പൊളിച്ചു മൂന്നുദിവസം കൊണ്ട് പണിയും എന്ന് ഇവൻ പറഞ്ഞുവെന്ന് രണ്ടുപേർ ആരോപിച്ചു. യേശു മൗനമായിരുന്നു. ഒടുവിൽ മഹാപുരോഹിതൻ "നീ ദൈവപുത്രനായ ക്രിസ്തു ആകുന്നുവോ" എന്നു ചോദിച്ചതിന് അവൻ മറുപടി പറഞ്ഞു. ഞാൻ ആകുന്നു എന്നും ദൈവപുത്രൻ മഹിമയോടെ വരുന്നത് അവർ കാണുമെന്നും അവർ നിന്ദിച്ചു ക്രൂശിക്കുവാൻ പോകുന്ന ക്രിസ്തു ദൈവപുത്രനാണെന്ന് തെളിയിക്കപ്പെടുമെന്നും ക്രിസ്തു ഉറപ്പുനൽകി. ഇതുകേട്ടവർ യേശു മരണയോഗ്യൻ എന്നു പറഞ്ഞു. ക്രിസ്തുവിന്റെ വിസ്താരം നിയമാ നുസൃതമല്ലായിരുന്നു. രാത്രിയിൽ വിസ്തരിക്കുവാൻ അനുവദിച്ചിരുന്നില്ല. ആദ്യമെ മരണശിക്ഷയ്ക്ക് വിധിച്ചിട്ടാണ് മതകോടതിയിൽ ഹാജരാക്കിയത്. തെളിയിക്കപ്പെടാത്ത കുറ്റത്തിനു വിധിച്ചു. മതകോടതിക്കു പുറത്ത് മഹാപുരോഹിതന്റെ അരമനയിൽ നടന്ന വിസ്താരം നിയമാനുസരണം അല്ല. യേശു വിനെ അവർ മുഖത്ത് തുപ്പുകയും മുഷ്ടി ചുരുട്ടി കുത്തുകയും ചെയ്തു. അവന്റെ കന്നത്ത് അടിച്ചു. ഒടുവിൽ പീലാത്തൊസിന്റെ മുമ്പാകെ യേശുവിനെ കൊണ്ടുപോയി. മരണത്തിനു വിധിക്കുവാൻ റോമൻ ഗവർണ്ണർക്കു മാത്രമേ അധികാരമുണ്ടായിരുന്നുള്ളൂ. പീലാത്തൊസ് യേശുവിൽ ഒരു കുറ്റവും കണ്ടില്ല. യേശുവിനെതിരെ കള്ളയാരോപണങ്ങൾ ഉന്നയിച്ചിരുന്നു എന്ന് അവന് മനസ്സിലായി. പീലാത്തൊസിന്റെ ചോദ്യങ്ങൾക്ക് യേശു മറുപടി നൽകാതിരുന്നതിനാൽ അവൻ ആശ്ചര്യപ്പെട്ടു. എങ്ങനെയെങ്കിലും യേശുവിനെ വിടുവിക്കാൻ അവൻ ആഗ്രഹിച്ചു. അവന്റെ ഭാര്യ യേശുവിനെ നീതിമാൻ എന്നു സ്വപ്നം കണ്ടു. ഉൽസവസമയത്ത് പതിവുപോലെ വിട്ടയയ്ക്കുന്ന തടവുകാരന്റെ സ്ഥാനത്ത് ബറബ്ബാസിനു പകരം യേശുവിനെ വിട്ടുകൊടുക്കുവാൻ പീലാത്തൊസ് ശ്രമിച്ചു. എന്നാൽ മതനേതാക്കളുടെ പ്രേരണയ്ക്ക് വശംവദരായ ജനം യേശുവിനെ ക്രൂശിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കള്ളനായ ബറബ്ബാസിനെ സ്വീകരിച്ചു. ഭീരുവായ പീലാത്തൊസ് യേശുവിന്റെ രക്തത്തിൽ തനിക്ക് പങ്കില്ല എന്നു പ്രസ്താവിച്ചുകൊണ്ട് അവനെ ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുത്തു. അങ്ങനെ ക്രിസ്തു മുമ്പ് പ്രസ്താവിച്ചിരുന്നതുപോലെ "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നത്" എന്ന സത്യം നിവർത്തിയാക്കി.

## പത്രൊസിന്റെ തള്ളിപ്പറച്ചിൽ

പത്രൊസിനോട് യേശു മുന്നമേ അവൻ തള്ളിപ്പറയും എന്ന് പറഞ്ഞിരുന്നു. കൂടാതെ ശിഷ്യന്മാർ എല്ലാവരും യേശുവിനെ വിട്ടുപോകുമെന്നും മുന്നറിയിപ്പ് നൽകിയിരുന്നു. പത്രൊസിനു കർത്താവിനോടുള്ള സ്നേഹം മൂലം അവൻ യേശുവിനെ അകലം വിട്ട് പിൻചെന്നു. ഒടുവിൽ അവൻ മഹാപുരോഹിതന്റെ അരമനയുടെ നടുമുറ്റത്ത് തീ കത്തിച്ചുകൊണ്ടിരുന്നവരുടെ ഇടയിലിരുന്നു. അപ്പോൾ ഒരു ബാല്യക്കാരത്തി അവനെ തിരിച്ചറിഞ്ഞു. പത്രൊസ് യേശുവിനെ തള്ളിപ്പറഞ്ഞു. മൂന്ന് പ്രാവശ്യം പത്രൊസ് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞതായിക്കാണാം. അപ്പോൾ കോഴി കൂകി. കർത്താവ് അവനെ തിരിഞ്ഞുനോക്കി. പത്രൊസ് പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു. പത്രൊസിന്റെ വീഴ്ചയുടെ പടികൾ ശ്രദ്ധിക്കുക. അവൻ യേശു പറഞ്ഞത് വിശ്വസിക്കുവാൻ മടിച്ചു. സ്വന്തശക്തിയിൽ ആശ്രയിച്ചു. കർത്താവിനെ അകലം വിട്ടു പിൻചെന്നു. അവിശ്വാസികളുടെ ഇടയിലിരുന്നു. ഒരു വിശ്വാസി എത്ര

ബലഹീനനാകുന്നു എന്നുള്ള സത്യം ഇവിടെ വ്യക്തമാകുന്നു. പത്രൊസ് അനുതപിച്ചു യേശുവിനെ അനുഗമിച്ചു. അവനെ യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവ് പ്രസാദിച്ചു (ലൂക്കൊ. 22:31,32; യോഹ. 21:15-19). യഥാർത്ഥ വിശ്വാസം നിലനിൽക്കുന്നതാണെന്നും ഇവിടെ വ്യക്തമാക്കുന്നു. വിശ്വാസികൾ പരീക്ഷിക്കപ്പെടുമ്പോൾ പരാജയപ്പെടാൻ സാദ്ധ്യതയുണ്ട്. എന്നാൽ അവർ അനുതപിച്ചു കർത്താവിൽ സന്തോഷിക്കുന്നവർ ആകും.

## അദ്ധ്യായം 27

### യൂദയുടെ പ്രതികരണം

യേശുവിനെ ശിക്ഷയ്ക്കു വിധിച്ചു എന്നറിഞ്ഞ യൂദാ താൻ കുറ്റ മില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു എന്നു സമ്മതിച്ചു. അവന്റെ അനുതാപം ബാഹ്യമായിരുന്നു. യൂദാ 30 വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞ ശേഷം ചെന്നു കെട്ടിഞാന്നു ചത്തു. മഹാപുരോഹിതന്മാർ ആ വെള്ളിക്കാശെടുത്ത് പരദേശികളെ കുഴിച്ചിടുവാൻ കുശവന്റെ നിലം വാങ്ങി. ആ സ്ഥലത്തിനു രക്തനിലം എന്ന് പേർ ലഭിച്ചു. യൂദയുടെ അനുതാപം അവന്റെ പദ്ധതികൾ പരാജയപ്പെട്ടതുകൊണ്ട് ഉളവായതാണ്. അവൻ ദ്രവ്യാഗ്രഹിയായിരുന്നു. ലോകം ഉളവാക്കുന്ന ദുഃഖവും അനുതാപവും നാശത്തിലേക്ക് നയിക്കും. എന്നാൽ പരിശുദ്ധാത്മാവ് നൽകുന്ന അനുതാപം രക്ഷയ്ക്കു കാരണമായിത്തീരുന്നു (2 കൊരി. 7:10). യൂദയ്ക്ക് അനുതപിച്ചു ക്രിസ്തുവിനെ അനുഗമിക്കാമായിരുന്നു. എന്നാൽ അവൻ ആ അവസരം പാഴാക്കി. അവന്റെ ആത്മഹത്യ പാപത്തിന്റെ അരിഷ്ടതയും, അത്യാഗ്രഹം ഉളവാക്കുന്ന ദോഷങ്ങളും വ്യക്തമാക്കുന്നു.

### യേശുവിന്റെ ക്രൂശുമരണം (27:26-56)

യേശുവിനെ ചമ്മട്ടിക്കൊണ്ട് അടിപ്പിച്ച് ക്രൂശിക്കുവാൻ ഏല്പിച്ചു. റോമക്കാർ അടിമകളെ ക്രൂശിക്കുന്നതിനു മുമ്പ് ഇങ്ങനെ ചെയ്യുമായിരുന്നു. ശിക്ഷയുടെ കാഠിന്യം കൂട്ടുവാനും വേദന വർദ്ധിപ്പിക്കുവാനുമാണ് ചമ്മട്ടി പ്രഹരം നടത്തിയിരുന്നത്. തുടർന്ന് യേശുവിനെ ചുവന്ന മേലങ്കി ധരിപ്പിച്ചു. പരിഹസിക്കുവാനാണ് അതു ചെയ്തത്. മർദ്ദനവും പരിഹാസവും നിമിത്തം ഭാരമുള്ള ക്രൂശ് വഹിക്കുവാൻ യേശുവിന് കഴിഞ്ഞില്ല. അതുകൊണ്ട് കുറേനക്കാരനായ ശീമോനെ അതിനു നിർബന്ധിച്ചു. ഗൊല്ഗോഥാ എന്ന സ്ഥലത്ത് യേശുവിനെ ക്രൂശിക്കുന്നതിനു മുമ്പ് അവനു കയ്പ്പു കലർന്ന വീഞ്ഞ് കുടിക്കുവാൻ കൊടുത്തു. അതു ഒരു തരം മയക്കുമരുന്നാണ്. വേദന ശമിപ്പിക്കുവാൻ അതു കൊടുക്കുന്ന പതിവുണ്ടായിരുന്നു. രുചി നോക്കിയപ്പോൾ യേശു അതു നിരസിച്ചു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശമ്പളം മുഴുവനായും സഹിക്കുവാൻ അവനു മനസ്സായി. യേശുവിന്റെ വസ്ത്രം ചീട്ടിട്ട് പടയാളികൾ എടുത്തു. അവന്റെ തലയ്ക്കു മീതെ യെഹൂദന്മാരുടെ രാജാവായ യേശു എന്ന മേലെഴുത്ത് വച്ചിരുന്നു. വലത്തും ഇടത്തും രണ്ട് കള്ളന്മാരെയും ക്രൂശിച്ചു. അങ്ങനെ മനുഷ്യരാൽ പരിഹസിക്കപ്പെടുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനം നിവൃത്തിയായി (സങ്കീ. 22:6,7).

യേശുവിന്റെ ക്രൂശീകരണ സമയത്ത് ദേശത്ത് ഇരുട്ടുണ്ടായി. അത് പ്രകൃത്യാതീതമായ ഇരുട്ടായിരുന്നു. ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ഇരുട്ടുണ്ടായി. ഒമ്പതാം മണി നേരം യേശു "ഏലീ, ഏലീ, ലമ്മാ ശബക്താനി" എന്നുറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്" എന്നായിരുന്നു അതിന്റെ അർത്ഥം. മനുഷ്യവർഗ്ഗത്തിന്റെ പാപം വഹിക്കുന്ന ദൈവക്കുഞ്ഞാടിനെയാണ് ഇവിടെ കാണുന്നത് (2 കൊരി. 5:21). യേശു ദൈവത്താൽ കൈവിടപ്പെട്ട അന്ധകാരത്തിന്റെ മണിക്കൂറുകളായിരുന്നു അത്. ഉച്ചയ്ക്കു മൂന്നുമണിയോടുകൂടെ ക്രിസ്തു പാപികൾക്ക് പ്രായശ്ചിത്തമായി ക്രൂശിൽ മരിച്ചു. അപ്പോൾ ഭൂകമ്പം, പുനരുത്ഥാനം തുടങ്ങിയ അത്ഭുതങ്ങൾ ഉണ്ടായി. ദേവാ ലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. ദൈവസാമീപ്യത്തിനു തടസ്സമായിരുന്ന മതങ്ങളുടെ തിരശ്ശീല ചീന്തപ്പെടുന്ന കാഴ്ചയാണ് ഇവിടെ സംഭവിച്ചത്. ക്രിസ്തു ദൈവത്തിങ്കലേക്കുള്ള ഏകമാർഗ്ഗമായിത്തീർന്നു. ഇതു കണ്ട റോമൻ സൈന്യാധിപൻ യേശു ദൈവപുത്രൻ എന്ന സത്യം അംഗീകരിച്ചു. യേശുവിന്റെ ക്രൂശുമരണത്തിന് അവനെ ശുശ്രൂഷിക്കുന്ന പല സ്ത്രീകളും സാക്ഷികൾ ആയിരുന്നു. യേശു അഭക്തരായ നമുക്കുവേണ്ടി മരണം സ്വീകരിച്ചു. അവനെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും നമുക്കിടയാകട്ടെ.

യേശുവിനെ അരിമഥ്യക്കാരനായ യോസേഫിന്റെ കല്ലറയിൽ അടക്കി. നിക്കൊദേമൊസ് കൊണ്ടുവന്ന നൂറു റാത്തൽ സുഗന്ധവർഗ്ഗംകൊണ്ടു യേശുവിന്റെ ശരീരം പൊതിഞ്ഞ് ആരെയും വച്ചിട്ടില്ലാത്ത യോസേഫിന്റെ കല്ലറയിൽ അടക്കി. ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹവും ഭക്തിയും വെളിപ്പെടുത്തുവാൻ അവർ ലജ്ജിച്ചില്ല. എന്നും ക്രിസ്തുവിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം അതായിരിക്കണം. യേശുവിന്റെ കല്ലറ ഉറപ്പാക്കുവാൻ അവന്റെ ശത്രുക്കൾ തീരുമാനിച്ചു. അവൻ ഉയിർത്തെഴുന്നേൽ ക്കും എന്നു പറഞ്ഞിരുന്നത് അവർ ഓർത്തു. അവർ ഒരു കാരണവശാലും യേശുവിന്റെ ശരീരം അപ്രത്യക്ഷമാകാതിരിക്കുവാൻ കാവൽക്കൂട്ടത്തെ കല്ലറയ്ക്കു കാവൽ നിർത്തി. കല്ലറവാതില്ക്കൽ ഉണ്ടായിരുന്ന കല്ലിനു റോമൻ മുദ്രയും വച്ചു. യേശുവിന്റെ മരണത്തിലും അടക്കത്തിലും അനേക പ്രവചനങ്ങൾ നിവൃത്തിയായി. അത് അവനിൽ വിശ്വസിക്കുവാൻ നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 28

### യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് (28:1-10)

യേശുവിന്റെ കല്ലറയ്ക്കൽ മറിയമാർ അതിരാവിലെ കടന്നുചെന്നു. കർത്താവിനോടുള്ള അവരുടെ സ്നേഹം സകല ഭയവും തടസ്സങ്ങളും നീക്കി. പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി. അപ്പോൾ ഒരു ദൂതൻ പ്രത്യക്ഷനായി; അവൻ കല്ലുരുട്ടി നീക്കി. കാവൽക്കാർ ദൂതനെക്കണ്ടു ഭയന്നുമരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോട് "ഭയപ്പെടേണ്ട, യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു" എന്നു പറഞ്ഞു. അവന്റെ കല്ലറ വന്നു കാണുവാൻ ആഹ്വാനം ചെയ്തു. ശിഷ്യന്മാരോട് ഈ സന്ദേശം വേഗം പോയി അറിയിക്കുവാൻ കല്പിച്ചു. അവർ ഭയത്തോടും മഹാസന്തോഷത്തോടും കല്ലറവിട്ട് ശിഷ്യന്മാരുടെ അടുക്കൽ പോയി. വഴിമദ്ധ്യേ യേശു അവരെ എതിരേറ്റു വന്ദനം ചൊല്ലി. അവർ അവനെ നമസ്കരിച്ചു. യേശു അവരോട് "ഭയപ്പെടേണ്ട" എന്ന് കല്പിച്ചു. "ശിഷ്യന്മാരോട് ഗലീലയ്ക്കു പോകുവാൻ പറക" എന്നവരോട് യേശു അരുളിച്ചെയ്തു. യേശുവിന്റെ ഉയിർത്തെഴുന്നേ ല്പ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാണ്. യേശു ദൈവപുത്രനാകുന്നു എന്നതിന്റെ തെളിവാണ്. നമ്മുടെ രക്ഷയുടെ ഭദ്രതയ്ക്ക് കാരണമാണ്. മരണത്തിന്റെ മേൽ ഉള്ള വിജയമാണ് കർത്താവിനെ സേവിക്കുവാനുള്ള ആത്മബലം നൽകുന്നത്. യേശുക്രിസ്തു മാത്രം മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റ രക്ഷകനാകുന്നു. അതു മഹാസന്തോഷത്തിന്റെയും ജയത്തിന്റെയും സന്ദേശമാകുന്നു.

### പടയാളികളുടെ വഞ്ചന (28:11-15)

കല്ലറയ്ക്ക് കാവൽ നിന്നവരിൽ ചിലർ സംഭവിച്ചത് മഹാപുരോഹിതന്മാരോട് അറിയിച്ചു. പടയാളികൾക്ക് കൈക്കൂലി നൽകിയ ശേഷം, ശിഷ്യന്മാർ രാത്രിയിൽ യേശുവിന്റെ ശരീരം കട്ടുകൊണ്ടുപോയി എന്നു പറയുവാൻ പ്രേരിപ്പിച്ചു. അവർ പണം വാങ്ങി അങ്ങനെ പറഞ്ഞു. ഭീരുക്കളായ ശിഷ്യന്മാർ റോമൻ മുദ്ര പൊട്ടിച്ച് പടയാളികളെ പരാജയപ്പെടുത്തി യേശുവിന്റെ ശരീരം കട്ടുകൊണ്ടുപോയി എന്നു പറഞ്ഞത് വിശ്വസിക്കുവാൻ സാധാരണ ബുദ്ധിയുള്ളവർക്കുപോലും കഴിയുന്നതല്ല.

### ശിഷ്യന്മാർക്ക് നൽകുന്ന വലിയ നിയോഗം (28:16-20)

ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കൽപ്പിച്ചിരുന്ന മലയ്ക്കു പോയി. അവർ കർത്താവിന്റെ കല്പന അനുസരിച്ചു. അവർക്കു യേശു പ്രത്യക്ഷനായി. യേശുവിനെ കണ്ട ശിഷ്യന്മാർ അവനെ നമസ്കരിച്ചു. ചിലർ സംശയിച്ചു. തുടർന്ന് യേശു അവർക്കു വലിയ നിയോഗം നല്കി. അതു നൽകുവാൻ യേശു യോഗ്യനാണ്. അവൻ ദൈവപുത്രനാണ്. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരനാണ്. മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റവനാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചവനാണ്. അവന്റെ കല്പന അനുസരിക്കുന്നതു മഹാഭാഗ്യമാണ്. 'നിങ്ങൾ പോയി ഉപദേശിച്ച് സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ' എന്നുള്ളതാണ് നിയോഗം. ക്രിസ്തുവിന്റെ ഉപദേശം അറിയിക്കുന്നതുമൂലം ക്രിസ്തുവിന്റെ അനുഗാമികൾ ആകണം. അതു മതംമാറ്റമല്ല പ്രത്യുത മനംമാറ്റമാണ്. അങ്ങനെ ക്രിസ്തുവിന്റെ ഉപദേശങ്ങളും കല്പനകളും അനുസരിച്ചു ജീവിക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യന്മാർ. ഈ വലിയ നിയോഗം അനുസരിക്കുന്നവർക്കു കർത്താവ് തന്റെ സാന്നിദ്ധ്യവും സഹായവും വാഗ്ദത്തം ചെയ്തിരിക്കുന്നു. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്" എന്നു കർത്താവ് പറഞ്ഞത് നമുക്ക് ധൈര്യവും സമാധാനവും നൽകട്ടെ. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. അവരുടെ വിശ്വാസത്തിന്റെ ബാഹ്യപ്രകടനമാണ് സ്നാനം. ക്രിസ്തുവിനോടുള്ള ഏകീഭാവത്തെ അതു വിളിച്ചറിയിക്കുന്നു. "സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ" എന്ന വലിയ നിയോഗം അനുസരിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

*******